ISSN 2582-2764

അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY
Vol. 3 | Issue 5 | Bimonthly | October 2023 | Thiruvananthapuram | Page 20 | Price ₹ 10

» 07 വൈദ്യുതി മേഖലയിലെ പ്രതിസന്ധി
» 11 നിയമനിർമ്മാണ സഭയുടെ വികാസ പരിണാമങ്ങൾ: ഐക്യകേരള രൂപീകരണം വരെ
» 20 'കേരളീയം' കേരളത്തിന്റെ ഉത്സവം

പുസ്തകോത്സവം രണ്ടാം പതിപ്പിലേക്ക്

സഭാധ്യക്ഷന്റെ പേജ്

എ.എൻ ഷംസീർ
സ്പീക്കർ

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിന് നിയമസഭാ സമുച്ചയത്തിൽ വേദിയൊരുങ്ങുകയാണ്. 2023 നവംബർ 1 മുതൽ 7 വരെ നീണ്ടുനിൽക്കുന്ന പുസ്തകോത്സവം വീണ്ടും വായനയുടെ ലഹരിയിലേക്ക് ജനതയെ നയിക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള പുസ്തക പ്രസാധകർ അണിനിരക്കുന്ന പുസ്തകോത്സവത്തിന്റെ രണ്ടാമത് എഡിഷൻ പങ്കാളിത്തം കൊണ്ട് ചരിത്രം രചിക്കുമെന്നത് ഉറപ്പാണ്.

കഴിഞ്ഞ ജനുവരി മാസത്തിലാണ് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഒന്നാം എഡിഷൻ സംഘടിപ്പിക്കപ്പെട്ടത്. രാജ്യചരിത്രത്തിൽ ആദ്യമായാണ് ഒരു നിയമസഭ വൻ ജനപങ്കാളിത്തത്തോടെയുള്ള അന്താരാഷ്ട്ര പുസ്തകോത്സവത്തിന് വേദിയൊരുക്കിയത്. അത് ജനാധിപത്യത്തിന്റെ സർഗാത്മകമായ അധ്യായമായി മാറി. അന്ന് കേരള നിയമസഭയിലേക്ക് എത്തിയത് ഒരു ലക്ഷത്തിലേറെ വിദ്യാർത്ഥികളാണ്. ഏഴുലക്ഷത്തോളം പേർ അക്ഷരങ്ങളുടെ, അറിവിന്റെ വാതായനങ്ങളിലൂടെ ജനാധിപത്യത്തിന്റെ മൂല്യങ്ങളെ അടുത്തറിഞ്ഞു എന്നാണ് കണക്കുകളിൽ നിന്നും മനസ്സിലാക്കാനാവുന്നത്. പുതുതലമുറയ്ക്ക് ദിശാബോധം പകരുന്ന അക്ഷരോത്സവമായി നിയമസഭ പുസ്തകോത്സവം മാറുകയായിരുന്നു. പുത്തൻകാഴ്ചകളും അനുഭവങ്ങളുമൊരുക്കി കേരളാമോഡലിലെ മറ്റൊരു തിലകക്കുറിയെന്ന വിശേഷണം കരസ്ഥമാക്കിയാണ് 2023 ജനുവരി 9 ന് ആരംഭിച്ച് 15 ന് പുസ്തകോത്സവം സമാപിച്ചത്.

ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റാൻ കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് സാധിക്കുമെന്നാണ് കഴിഞ്ഞ പുസ്തകോത്സവ കാലത്ത് ഇന്ത്യൻ പ്രസിഡന്റ് ദ്രൗപദി മുർമു പറഞ്ഞത്. രണ്ടാം എഡിഷനിലേക്ക് എത്തുമ്പോൾ രാഷ്ട്രപതിയുടെ വാക്കുകളെ പ്രകാശിപ്പിക്കാനുള്ള മുന്നൊരുക്കങ്ങളിലാണുള്ളത്.

അക്ഷരങ്ങളിലൂടെ മനുഷ്യന് ലഭിക്കുന്ന വെളിച്ചത്തെ ഇല്ലാതാക്കാനാണ് രാജ്യത്ത് ഇരുട്ടിന്റെ ശക്തികൾ ശ്രമിക്കുന്നത്. അറിവിന് പകരം അജ്ഞാനം വിളമ്പുന്ന, അന്ധവിശ്വാസങ്ങളിൽ അഭിരമിക്കുന്ന, ശാസ്ത്രചിന്തകൾക്ക് പകരം നുണക്കഥകളെ സ്ഥാപിച്ചെടുക്കുന്ന അക്ഷരവൈരികൾ രാജ്യത്ത് വർഗീയതയുടെ വിളവെടുപ്പ് നടത്താൻ ശ്രമിക്കുകയാണ്. പുരോഗമന സമൂഹത്തെ പിന്നാക്കം നയിക്കാനുള്ള ശ്രമമാണ് അവരുടെ ഭാഗത്ത് നിന്നുമുണ്ടാവുന്നത്. സാമൂഹ്യ പരിഷ്കരണ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും മുമ്പുള്ള സമൂഹം പുനഃസ്ഥാപിക്കണമെന്നാണ് അവരുടെ ആഗ്രഹം. ചാതുർവർണ്യ വ്യവസ്ഥയും ജാതിജീർണതകളും 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' പോലുള്ള സൂക്തങ്ങളും തിരികെ കൊണ്ടുവരാനാണ് പരിശ്രമം. രാജ്യത്ത് നിലവിലുള്ള ഭരണഘടനയ്ക്ക് പകരം മനുസ്മൃതി സ്ഥാപിക്കണമെന്ന ചിന്ത എത്രമാത്രം അപരിഷ്കൃതമാണ്. അത്തരമൊരു വർത്തമാനത്തിൽ പുസ്തകങ്ങളും അക്ഷരങ്ങളും അറിവുമാണ് ജനങ്ങൾക്കുള്ള കരുത്ത്. പട്ടിണിയായ മനുഷ്യന്റെ കയ്യിലെ ആയുധമായി പുസ്തകം മാറുമ്പോഴാണ് ഇത്തരത്തിലുള്ള പ്രതിസന്ധികളെ തരണം ചെയ്യാനാവുക. 'വായനയാണ് ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് നിയമസഭാ പുസ്തകോത്സവം ഒരുക്കുന്നതിലൂടെ അക്ഷരവെളിച്ചത്തിലൂടെ അജ്ഞതയുടെ ഇരുട്ടിനെ അകറ്റാനാണ് ശ്രമിക്കുന്നത്.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി കല, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ സമഗ്ര സംഭാവന നൽകിയ വ്യക്തിക്ക് നിയമസഭ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിൽ മലയാള സാഹിത്യത്തിന്റെ അഭിമാന സ്തംഭമായ എം.ടി. വാസുദേവൻ നായർക്കാണ് പുരസ്കാരം നൽകുന്നത്.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഒന്നാം എഡിഷനിൽ എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ടിൽ നിന്ന് മൂന്നു ലക്ഷം രൂപയാണ് അതാത് മണ്ഡലത്തിലെ ഗ്രന്ഥശാലകൾക്കും സ്കൂളുകൾക്കും മറ്റും പുസ്തകങ്ങൾ വാങ്ങുന്നതിന് വേണ്ടി വിനിയോഗിച്ചത്. രണ്ടാമത് എഡിഷനിൽ അഞ്ച് ലക്ഷം രൂപയ്ക്ക് പുസ്തകം വാങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബുക്ക് കൂപ്പൺ വഴിയുമുള്ള പുസ്തക വിൽപ്പന ഈ വർഷവും ഉണ്ടാകും. കൂടാതെ സെമിനാറുകളും വിഷൻ ടോക്സും പുസ്തക ചർച്ചകളും പാനൽ ഡിസ്കഷനുകളും പുസ്തക പ്രകാശനങ്ങളും തുടങ്ങി കേരളത്തിന്റെ സാഹിത്യ, സാംസ്കാരിക മണ്ഡലത്തെ ജീവസ്സുറ്റതാക്കുന്ന നിരവധി പരിപാടികൾ പുസ്തകോത്സവ വേദിയിൽ ഒരുക്കുന്നുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും വെയിലേൽക്കാതെ പുസ്തകശാലകൾ സന്ദർശിക്കാൻ ഉതകുന്ന വിധത്തിലാണ് സ്റ്റാളുകൾ ഒരുക്കുക.

ശേഷം 17-ാം പേജിൽ

രാജ്യാന്തര പുസ്തകോത്സവത്തിനൊരുങ്ങി കേരള നിയമസഭ

2023 നവംബർ 1 മുതൽ 7 വരെ നടക്കുന്ന കേരള നിയമസഭയുടെ രാജ്യാന്തര പുസ്തകോത്സവം രണ്ടാം എഡിഷനിൽ വിപുലമായ പങ്കാളിത്തമാണ് ഉറപ്പാക്കിയിരിക്കുന്നത്. പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം നവംബർ 2 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. മലയാള സാഹിത്യത്തിലെ കുലപതി എം.ടി. വാസുദേവൻ നായർക്ക് സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള നിയമസഭാ അവാർഡ് ചടങ്ങിൽ മുഖ്യമന്ത്രി സമ്മാനിക്കും. പുസ്തകോത്സവത്തിൽ കേരളത്തിനകത്തും പുറത്തും നിന്നുമുള്ള പ്രമുഖ പ്രസാധകർ പങ്കെടുക്കും. സംവാദങ്ങൾ, ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, പുസ്തക പ്രകാശനം തുടങ്ങിയ വിവിധങ്ങളായ പരിപാടികളുടെ മികവാർന്ന സംഘാടനത്തിനായി നിയമസഭാ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിവിധ സമിതികളും വിവിധ കമ്മിറ്റികളുടെ

ശേഷം 17-ാം പേജിൽ

മൊഴിമുഴക്കം



"നല്ല പുസ്തകങ്ങൾ വായിക്കാത്ത വ്യക്തിയും നിരക്ഷരനും തമ്മിൽ ഒരു വ്യത്യാസവുമില്ല"

മാർക് ട്വയിൻ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

തലശ്ശേരി വാക്കേഴ്സ് ക്ലബ്

എ.എൻ.ഷംസീർ
തലശ്ശേരി

ഹെൽത്തി തലശ്ശേരി ക്യാമ്പയിന്റെ ഭാഗമായി കേരള സ്പോർട്സ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച തലശ്ശേരി വാക്കേഴ്സ് ക്ലബിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു.

തലശ്ശേരിയിലെ വി.ആർ കൃഷ്ണയ്യർ സ്മാരക മുനിസിപ്പൽ സ്റ്റേഡിയം കേന്ദ്രീകരിച്ച് ആരംഭിച്ച വാക്കേഴ്സ് ക്ലബ്ബിൽ ഇതിനോടകം തന്നെ നിരവധിയാളുകൾ അംഗങ്ങളായി കഴിഞ്ഞു. പുതിയൊരു തലശ്ശേരിയെ വാർത്തെടുക്കുവാനും പുത്തനുണർവോടെ ഈ നാടിനെ മുന്നോട്ട് നയിക്കാനും തലശ്ശേരി വാക്കേഴ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെയെന്ന് സ്പീക്കർ ആശംസിച്ചു.

ഹൈദരലി ശിഹാബ് തങ്ങൾ സിവിൽ സർവീസ് അക്കാദമിക്ക് പുതിയ വായനാമുറി

നജീബ് കാന്തപുരം
പെരിന്തൽമണ്ണ

പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനവും താമസവും ഭക്ഷണവും അടക്കമുള്ള എല്ലാ സൗകര്യങ്ങളും സൗജന്യമായി നൽകിക്കൊണ്ട് സിവിൽ സർവീസ് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്ന ഹൈദരലി ശിഹാബ് തങ്ങൾ സിവിൽ സർവീസ് അക്കാദമി രാജ്യത്തിന് മാതൃകയാണെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. അക്കാദമിയിലെ പുതിയ വായനാമുറി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം. സിവിൽ സർവീസ് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനായാണ് രക്ഷിതാക്കൾ ഏറ്റവും കൂടുതൽ പണം ചെലവിടുന്നത്. അത്തരമൊരു സാഹചര്യത്തിൽ കൂടിയാണ് അക്കാദമിയുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നത്.

മണ്ണിന്റെ മണവും ദാരിദ്ര്യത്തിന്റെ രുചിയും അറിഞ്ഞവർ സേവന ഭരണരംഗത്തേക്ക് കടന്നു വരണം. അത്തരക്കാർക്ക് മാത്രമേ പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും പ്രശ്നങ്ങൾ അറിയുവാനും പരിഹരിക്കാനും സാധിക്കുകയുള്ളൂ. വിശാലമായ വായനയും നിരന്തരമായ കഠിനപ്രയത്നവും സിവിൽ സർവീസ് പരീക്ഷയിൽ വിജയികളാകാൻ അനിവാര്യമാണ്. ഒരു എം.എൽ.എ. എന്ന നിലയിൽ അദ്ദേഹത്തിന് സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമാണ് പെരിന്തൽമണ്ണയിൽ സ്ഥാപിതമായ ഹൈദരലി ശിഹാബ് തങ്ങൾ സിവിൽ സർവീസ് അക്കാദമി എന്നും മന്ത്രി അഭിപ്രായപ്പെട്ടു. നജീബ് കാന്തപുരം എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എൽ.എ.മാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

വിരൽത്തുമ്പിൽ എം.എൽ.എ

പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നവീന പദ്ധതിക്ക് തുടക്കമിട്ട് നജീബ് കാന്തപുരം എം.എൽ.എ. സമൂഹമാധ്യമങ്ങളുടെയും വിവരസാങ്കേതിക വിദ്യയുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പദ്ധതികളുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതോടൊപ്പം പൊതുജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക വാട്സ്ആപ്പ് നമ്പർ തയ്യാറാക്കിയിട്ടുണ്ട്. ഈ നമ്പർ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കും. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ നമ്പറിലേക്ക് വാട്സ്ആപ്പ് മെസ്സേജ് ചെയ്യാം. പരാതിയുടെ പകർപ്പ് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും എം.എൽ.എ ഓഫീസിലും ലഭിക്കും. പരാതിയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് പരാതിക്കാരന് മെസേജായി അറിയാനാവും.

നാട്ടിലെ പൊതു പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതി നൽകുന്നതിന് ഇനി മുതൽ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ പോകേണ്ടതില്ല. പരാതികൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ ഇടപെടലുകൾ എം.എൽ.എ. ഓഫീസ് നടത്തും. പരാതികൾ പരിശോധിക്കുന്നതിനും അതാത് ഓഫീസുമായി ബന്ധപ്പെടുന്നതിനും എം.എൽ.എ. ഓഫീസിൽ പ്രത്യേക സംവിധാനം ഒരുക്കും. പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പ് മേധാവികളുടെ യോഗം വിളിച്ചു ചേർത്തിരുന്നു. വിരൽത്തുമ്പിൽ എം.എൽ.എ. എന്നാണ് ഈ പദ്ധതിയുടെ പേര്. 9847305060 ഈ നമ്പറിലേക്കാണ് മെസ്സേജ് അയക്കേണ്ടത്. പദ്ധതിയുടെ ലോഞ്ചിംഗ് ശിഫ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ നജീബ് കാന്തപുരം എം.എൽ.എ. നിർവ്വഹിച്ചു.

സിവിൽ സർവീസ് വിദ്യാർത്ഥികളുമായി സംവദിച്ച് സ്പീക്കർ

വിവിധ ആവശ്യങ്ങൾക്കും സഹായങ്ങൾക്കുമായി തങ്ങളെ സമീപിക്കുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളോട് നോ പറയാത്ത സിവിൽ സർവീസുകാരാണ് നാടിന് ആവശ്യമെന്നും സിവിൽ സർവീസ് തൽപ്പരർക്ക് ചോരാത്ത ആത്മവിശ്വാസമാണ് വേണ്ടതെന്നും സ്പീക്കർ എ.എൻ. ഷംസീർ. പെരിന്തൽമണ്ണ ഹൈദരലി ശിഹാബ് തങ്ങൾ അക്കാദമി ഫോർ സിവിൽ സർവീസിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. 'അസാധ്യമായത് ഒന്നുമില്ല' എന്ന തത്വം സിവിൽ സർവീസ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. ജനങ്ങളെ സേവിക്കാനുള്ള അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ സിവിൽ സർവീസുകാർ തയ്യാറാവണമെന്നും സ്പീക്കർ പറഞ്ഞു. അക്കാദമി ചെയർമാൻ നജീബ് കാന്തപുരം എം.എൽ.എ.യും സംസാരിച്ചു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിയുടെ ഭാഗമായ റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബി അനുവദിച്ച ഒന്നാം ഗഡുവായ 345 കോടി രൂപ കൈമാറി. വികസന പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജീജാബായ് ആണ് കളക്ടർ ജെറോമിക് ജോർജിന് ചെക്ക് കൈമാറിയത്. നഷ്ട പരിഹാരതുക നൽകി ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് സ്ഥലം എം.എൽ.എ. വി.കെ.പ്രശാന്ത് അറിയിച്ചു. രണ്ട് ഭാഗങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം പൊതുമരാമത്ത് വകുപ്പിന്റെയും പുനരധിവാസം തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പദ്ധതികളാണ്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ നടപടികൾ ഈ വർഷം അവസാനത്തോടെ പൂർത്തിയാകുമെന്നും എം.എൽ.എ. അറിയിച്ചു. ചടങ്ങിൽ നഗരസഭാ കൗൺസിലർ പി.ജമീല ശ്രീധർ, ട്രിഡ ചെയർമാൻ കെ.സി.വിക്രമൻ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

കേശവദാസപുരത്ത് റെസ്റ്റ് റൂമും ഹൈടെക്ക് ബസ് ഷെൽട്ടറുകളും

എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കേശവദാസപുരത്ത് നിർമ്മാണം പൂർത്തിയാക്കിയ റെസ്റ്റ് റൂമും പട്ടം, പൊട്ടക്കുഴി ജംഗ്ഷനുകളിൽ നിർമ്മിച്ച ഹൈടെക്ക് ബസ് ഷെൽട്ടറുകളും എം.എൽ.എ. വി.കെ.പ്രശാന്ത് അധ്യക്ഷനായിരുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. ട്രിഡയുടെ ഉടമസ്ഥതയിലുള്ള കേദാരം ഷോപ്പിംഗ് കോംപ്ലക്സിലാണ് ശുചിമുറികളും വിശ്രമ മുറിയും മുലയൂട്ടൽ മുറിയും ഉൾപ്പെടെയുള്ള റെസ്റ്റ് റൂം നിർമ്മിച്ചിരിക്കുന്നത്. എഫ്.എം റേഡിയോയും സുരക്ഷാ ക്യാമറകളും ഭിന്നശേഷി സൗഹൃദ റാമ്പും റസ്റ്റ് റൂമിൽ സജ്ജമാക്കിയിട്ടുണ്ട്. സിവറേജ് ലൈൻ സൗകര്യം ആ ഭാഗത്ത് ലഭ്യമല്ലാത്തതിനാൽ റോഡിന്റെ മറുഭാഗത്തു നിന്നും പ്രത്യേകം ലൈൻ സ്ഥാപിച്ച് കണക്ഷനും ഒരുക്കിയിട്ടുണ്ട്.

ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ഹൈ ടെക്കാക്കി മാറ്റുന്ന പ്രവൃത്തിയുടെ ഭാഗമായി പട്ടം ജംഗ്ഷനിലും പൊട്ടക്കുഴി വൈദ്യുതി ഭവന് സമീപവുമാണ് പുതിയ ബസ് ഷെൽട്ടറുകൾ ഉദ്ഘാടനം ചെയ്തത്. സുഖകരമായ ഇരിപ്പിടങ്ങൾ, ഫ്രീ വൈ ഫൈ, എഫ്.എം റേഡിയോ, മാഗസിൻ സ്റ്റാൻഡ്, ടെലിവിഷൻ, മൊബൈൽ ചാർജ്ജിംഗ് പോയിന്റുകൾ, മികച്ച പ്രകാശ സംവിധാനം എന്നിവ ഉൾപ്പെടെ ആകർഷകമായ ഡിസൈനിലാണ് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

ചടങ്ങിൽ നഗരസഭാ കൗൺസിലർമാർ വിവിധ മേഖലയിലുള്ള ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

നവീകരിച്ച ഈരാറ്റുപേട്ട വാഗമൺ റോഡ് നാടിന് സമർപ്പിച്ചു

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

കോട്ടയം ജില്ലയിൽ പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട - വാഗമൺ - പീരുമേട് റോഡ് (SH-14) 19.90 കോടി രൂപ മുതൽ മുടക്കിൽ ബിഎം ആൻഡ് ബിസി നിലവാരത്തിൽ നവീകരിച്ചതിന്റെ ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഈരാറ്റുപേട്ടയിൽ നിർവ്വഹിച്ചു. വർഷങ്ങളായി തകർന്നു കിടന്നിരുന്ന റോഡ് ബിഎം ആൻഡ് ബിസി നിലവാരത്തിൽ റീ ടാറിങ് നടത്തുകയും സൈഡ് കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം, സംരക്ഷണഭിത്തികൾ, മറ്റ് അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചാണ് ആധുനിക നിലവാരത്തിലേക്ക് ഉയർത്തിയിരിക്കുന്നത്. ഇതുകൂടാതെ കൂടുതൽ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടി, റീടാർ ചെയ്യുന്നതിന് 64 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. റോഡിന്റെ നിർമ്മാണം മികച്ച രീതിയിൽ പൂർത്തിയായതോടെ കേരളത്തിലെ പ്രധാന ടൂറിസം മേഖലയായ വാഗമൺ ടൂറിസത്തിന് പുത്തനുണർവ്വാണ് ഉണ്ടായിരിക്കുന്നത്.

സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സ്ഥലം എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. മാർ, എം.പി. മാർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരും പങ്കെടുത്തു.

കല്ലറ യു.ഐ.റ്റി. സെന്ററിന് ബഹുനില മന്ദിരം

ഡി.കെ.മുരളി
വാമനപുരം

വാമനപുരം എം.എൽ.എ. ഡി.കെ.മുരളിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി എട്ട് ലക്ഷം രൂപ ചെലവിൽ പണി കഴിപ്പിച്ച കല്ലറ യു.ഐ.റ്റി. സെന്ററിന്റെ ഉദ്ഘാടനം 2023 ആഗസ്റ്റ് 2 ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു നിർവ്വഹിച്ചു. ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടി കല്ലറ ആസ്ഥാനമായി കേരള സർവ്വകലാശാലയുടെ കീഴിൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി റീജിയണൽ സെന്റർ 2017 സെപ്റ്റംബറിലാണ് പ്രവർത്തനം ആരംഭിച്ചത്. രണ്ട് നിലകളിലായി നാല് ക്ലാസ് മുറികൾ, സെമിനാർ ഹാൾ, ഓഫീസ്, രണ്ട് ടോയ്‌ലറ്റ് കോംപ്ലക്സുകൾ എന്നിവയും സജ്ജീകരിച്ചു. സെന്ററിലേക്കുള്ള റോഡ് മുപ്പത് ലക്ഷത്തോളം രൂപ ചെലവഴിച്ച് ആധുനികരീതിയിൽ നവീകരിക്കുകയും ചെയ്തു. കല്ലറ ഗ്രാമപഞ്ചായത്തിലെ ആദ്യ ഉന്നതവിദ്യാഭ്യാസ സ്ഥാപനമാണിത്. ചടങ്ങിൽ കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.ജെ ലിസി, വൈസ് പ്രസിഡന്റ് നജിൻ ഷാ എസ്., വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം, ത്രിതല പഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

പള്ളിക്കൽ അഗ്രോ സർവീസ് സെന്റർ

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ സമഗ്ര കർഷക പദ്ധതി നടപ്പിലാക്കുമെന്ന് കാർഷിക ബ്ലോക്കിന്റെ പള്ളിക്കൽ അഗ്രോ സർവീസ് സെന്റർ ഉദ്ഘാടനം ചെയ്തു കൊണ്ട് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. ചടങ്ങിൽ പി. അബ്ദുൽ ഹമീദ് എം.എൽ.എ. അധ്യക്ഷനായിരുന്നു. വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും പ്രദേശങ്ങൾക്കനുസൃതമായ കൃഷി വിളകളുടെയും തരിശ് ഭൂമികളുടെയും ലിസ്റ്റ് തയ്യാറാക്കി കർഷകർക്ക് പ്രയോജനപ്രദമായ കൃഷി വിളകൾ വ്യാപിപ്പിക്കുന്ന പദ്ധതിയാണ് ലക്ഷ്യമിടുന്നത്. 2024 - 25 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കും. ഇതിന് വേണ്ടി പദ്ധതി ആസൂത്രണം ചെയ്യുന്നതിന് സെപ്റ്റംബറിൽ തന്നെ യോഗം വിളിച്ച് ചേർക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

കുഞ്ഞിമംഗലത്തിന് സ്മാർട്ട് വില്ലേജ് ഓഫീസ്

എം. വിജിൻ
കല്ല്യാശ്ശേരി

കുഞ്ഞിമംഗലം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനം എം.വിജിൻ, എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ നിർവ്വഹിച്ചു. താഴത്തെ നിലയിൽ ഓഫീസ് റൂം, ഫ്രണ്ട് ഓഫീസ്, ശുചിമുറി, മുകളിലത്തെ നിലയിൽ റെക്കോർഡ് റൂം, ഡൈനിംഗ് ഹാൾ, ശുചിമുറി എന്നിവ ഉൾപ്പടെ 1353 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇതോടൊപ്പം ചുറ്റുമതിൽ നിർമ്മാണവും മുറ്റം ഇന്റർലോക്ക് പ്രവൃത്തിയും ചെയ്തു. കൂടാതെ ഫർണിച്ചർ, കമ്പ്യൂട്ടർ സംവിധാനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി. 44 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുവദിച്ചത്.

ജില്ലാ കലക്ടർ ചന്ദ്രശേഖരൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ വിവിധ മേഖലകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം നാടിന് സമർപ്പിച്ചു

സി.സി.മുകുന്ദൻ
നാട്ടിക

ആരോഗ്യ കേന്ദ്രങ്ങളെ ഇ-ഹെൽത്ത് വഴി ബന്ധിപ്പിച്ച് രോഗികളുടെ ചികിത്സാ വിവരങ്ങൾ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർക്ക് ലഭ്യമാക്കി ആധുനിക സംവിധാനങ്ങളോടെ ആരോഗ്യ മേഖലയെ മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്. ആലപ്പാട് സാമൂഹിക ആരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ കുടുംബ ഡോക്ടർ എന്ന നിലയിൽ പ്രവർത്തിക്കും. ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം മുഖേന 40 ലക്ഷം രൂപ ചെലവിലാണ് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയത്. ജില്ലയിൽ ഇതുവരെ 66 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും മൂന്ന് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും ഉയർത്തി കഴിഞ്ഞു.

ചടങ്ങിൽ സി. സി. മുകുന്ദൻ എം.എൽ.എ. അധ്യക്ഷനായിരുന്നു. ആരോഗ്യ കേന്ദ്ര പ്രവർത്തനങ്ങൾക്ക് കാരുണ്യ പ്രവർത്തകനായ ശശി കരുമാശ്ശേരി അഞ്ച് ലക്ഷം രൂപ നൽകി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സജീവ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ച ചടങ്ങിൽ ത്രിതല ജന പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ദാക്ഷായണി വേലായുധന്റെ ജന്മദിനാഘോഷം

കെ.എൻ.ഉണ്ണികൃഷ്ണൻ
വൈപ്പിൻ

ഭരണഘടനാ നിർമ്മാണസഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായംകുറഞ്ഞ അംഗവുമായിരുന്ന ദാക്ഷായണി വേലായുധന്റെ ജന്മദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ സംസ്ഥാന പട്ടിക ജാതി- വിദ്യാഭ്യാസ വകുപ്പുകൾ, ജില്ല ഭരണകൂടം, കുടുംബശ്രീ, സംസ്ഥാന പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹകരണത്തോടെ മുളവുകാട് പഞ്ചായത്തിലും എറണാകുളത്തുമായാണ് ജൂലൈ മൂന്ന്, നാല് തീയതികളിൽ ചരിത്ര വനിതയുടെ നൂറ്റിപതിനൊന്നാം ജന്മദിനം ആഘോഷിച്ചത്. ആഘോഷത്തിന്റെ ഭാഗമായി ആദര സമ്മേളനം, ഏകദിന ചലച്ചിത്രമേള, പുഷ്പാർച്ചന, ഭരണഘടന ക്വിസ് മത്സരം, കലാപരിപാടികൾ എന്നിവ നടന്നു.

അധഃസ്ഥിത വർഗ്ഗത്തിന്റെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ദാക്ഷായണി വേലായുധൻ രാജ്യം എന്നും ഓർത്തിരിക്കേണ്ട മഹത് വ്യക്തിത്വമാണെന്ന് ആദരസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ച പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ ദേവസ്വം പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ പറഞ്ഞു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ....

അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകി കൂത്തുപറമ്പ്

കെ.പി. മോഹനൻ
കൂത്തുപറമ്പ്

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും ലക്ഷ്യപ്രാപ്തിയിലെത്തിച്ചു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, കാർഷിക മേഖല, വൈദ്യുതി, ചെറുകിട വ്യവസായം, കുടിവെള്ളം, പൊതുമരാമത്ത്, ആദിവാസി മേഖല തുടങ്ങി എല്ലാ മേഖലകളിലും വലിയ പരിവർത്തനങ്ങളും നേട്ടങ്ങളും ചുരുങ്ങിയ കാലം കൊണ്ടുതന്നെ യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ നാലാംഘട്ട നിർമ്മാണം കൂടി പൂർത്തീകരിക്കുന്നതോടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ എല്ലാവിധ സൗകര്യങ്ങളും ഇവിടെ സജ്ജമാവുകയാണ്. പാട്യം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സക്കുള്ള സൗകര്യങ്ങളും പെരിങ്ങളം പ്രൈമറി ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടവും കൂടി പൂർത്തീകരിക്കുന്നതോടെ ആരോഗ്യ മേഖലയിൽ സുസ്ഥിര വികസനം തന്നെ കൈവരിച്ചു. ദീർഘകാലമായി പരാധീനതകൾ അനുഭവിച്ച മണ്ഡലത്തിലെ ആദിവാസി, മലയോര പിന്നാക്ക മേഖലയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ ഹ്രസ്വകാലം കൊണ്ട് നടപ്പിലാക്കി. മുണ്ടയോട് കോളനിയിൽ ചെക്ക് ഡാം നിർമ്മിച്ചതോടെ ജലലഭ്യത യാഥാർത്ഥ്യമാക്കി. കണ്ണവം ട്രൈബൽ സ്കൂളിന് പുതിയ കെട്ടിടവും കടവ് റോഡിന് ഒരു കോടി രൂപ ചെലവഴിച്ചു കൊണ്ടുള്ള നവീകരണവും പൂർത്തീകരിച്ചു. ദീർഘകാലമായി വീട് വച്ച് കൃഷി ചെയ്തുവരുന്ന അർഹരായ മുഴുവൻ കർഷകർക്കും പട്ടയം നൽകിയതും ഈ മേഖലയിലെ ഒരു മികച്ച നേട്ടമാണ്. ഇളമാങ്കൽ കോളനിയിൽ വൈദ്യുതി കൂടി വന്നതോടെ ആദിവാസി മേഖലയിൽ അടിസ്ഥാന വികസനത്തിൽ വൻ മുന്നേറ്റം തന്നെ കൈവരിക്കാൻ സാധിച്ചു. പൊയിലൂർ വാഴമല- നരിക്കോട് മല ടൂറിസം പദ്ധതി കൂടി യാഥാർത്ഥ്യമാകുന്നതോടെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ആദിവാസി, മലയോര പിന്നാക്ക മേഖലയ്ക്ക് വികസനത്തിന്റെ ഒരു പുതിയ അധ്യായം കൂടി ചേർത്തുവെക്കാൻ സാധിക്കും.

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സ്ഥലം ലഭ്യമാക്കിയ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി പൂർത്തീകരിച്ചു വരികയാണ്. കൂത്തുപറമ്പ് സബ്ജയിൽ ഉദ്ഘാടനം ചെയ്ത് ഒരു വർഷത്തിനുള്ളിൽ ആവശ്യമായ ജീവനക്കാരെയും വാഹനവും നൽകാൻ സാധിച്ചു. കൂത്തുപറമ്പ് ജന്റർ കോംപ്ലക്സ്, ആധുനിക സൗകര്യത്തോടെയുള്ള ചെറുവാഞ്ചേരി സ്റ്റേഡിയം, ലോകപ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം, നവോത്ഥാന നായകനായ വാഗ്ഭടാനന്ദ ഗുരുദേവരുടെ ജന്മനാട്ടിൽ സാംസ്കാരിക കേന്ദ്രം തുടങ്ങിയവ പരിമിത കാലത്തിനുള്ളിൽ കൂത്തുപറമ്പ് മണ്ഡലത്തിന്റെ മുഖച്ഛായ മാറ്റുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ്.

നിരവധി തോടുകളുടെ ഇരുകരകളുടെയും സംരക്ഷണവും കുളങ്ങളുടെ നവീകരണവും നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തോടുകളുടെയും കുളങ്ങളുടെയും നവീകരണത്തിനായും കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.

മണ്ഡലത്തിന്റെ വികസനത്തിനായി ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാർ സഹായങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ, മറ്റ് വിവിധ ഏജൻസികൾ മുഖാന്തിരം ലഭ്യമാവുന്ന സഹായങ്ങൾ എന്നിവ വിനിയോഗിച്ച് വികസന പ്രവർത്തനങ്ങളെല്ലാം ക്രിയാത്മകമായ ഇടപെടലുകളിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് വിതരണം, പച്ചക്കറി വിത്ത് വിതരണം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ജ്യോതിസ് വിദ്യാഭ്യാസ പദ്ധതി'. സംസ്ഥാനത്ത് എഡ്യുസാറ്റ് വിദ്യാഭ്യാസ പഠന സംവിധാനം ആരംഭിച്ചപ്പോൾ ആദ്യമായി മണ്ഡലത്തിലെ മുഴുവൻ ഹൈസ്കൂളുകളിലും എഡ്യുസാറ്റ് പഠന സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

അക്കാദമിക് തലത്തിൽ ഇന്നലകളിലെ സുപ്രധാന കാൽവെപ്പായിരുന്നു അപ്പർ പ്രൈമറി തലത്തിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ മുപ്പത് വിദ്യാർത്ഥികളെ കണ്ടെത്തി അടുക്കും ചിട്ടയുമാർന്ന പരിശീലനത്തിലൂടെ ഉയരങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചത്.

2020 ജൂലൈ 20 ന് കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രി ഉദ്ഘാടനം ചെയ്ത പദ്ധതിയിൽ പഞ്ചായത്ത്/നഗരസഭാതല കമ്മിറ്റിയും സ്കൂൾതല കമ്മിറ്റിയും രൂപീകരിച്ച് രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു. മികച്ച ക്ലാസ് റൂം, ജൈവ ഉദ്യാനം, പ്രകൃതി സൗഹൃദ വിദ്യാഭ്യാസ അന്തരീക്ഷം, മികച്ച ലൈബ്രറി, കായിക പരിശീലനം, എൽ.എസ്.എസ്., യു.എസ്.എസ്. പ്രത്യേക ക്ലാസ് തുടങ്ങി ഒട്ടനവധി പദ്ധതികൾ അക്കാദമിക് തലത്തിലും ഭൗതികതലത്തിലും നടപ്പിലാക്കി കഴിഞ്ഞു.

2023-24 അധ്യായന വർഷത്തിൽ അഞ്ച് മിനിമം പരിപാടികൾ മുഴുവൻ വിദ്യാലയങ്ങളും കേന്ദ്രീകരിച്ച് ജ്യോതിസ് പദ്ധതി മുഖാന്തിരം നടപ്പിലാക്കുകയാണ്. ഈ പദ്ധതി കൂത്തുപറമ്പ് മണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും നാളിതുവരെ ഇല്ലാത്ത പുതുമയാർന്ന അന്തരീക്ഷം പ്രദാനം ചെയ്തിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം വിലയിരുത്തുവാൻ വിദഗ്ധരടങ്ങിയ ഒരു കമ്മിറ്റിയും പ്രവർത്തിക്കുന്നു. സമസ്ത മേഖലകളെയും സ്പർശിച്ചു കൊണ്ടുള്ള വികസനമാണ് കൂത്തുപറമ്പിനുണ്ടായിരിക്കുന്നത്.

പെരിമ്പലം വള്ളിക്കാപറ്റ തൂക്കുപാലം ഉദ്ഘാടനം ചെയ്തു

പി.ഉബൈദുള്ള
മലപ്പുറം

മലപ്പുറം മണ്ഡലത്തിലെ പുനർ നിർമ്മിച്ച പെരിമ്പലം വള്ളിക്കാപറ്റ തൂക്കുപാലത്തിന്റെ ഉദ്ഘാടനം 2023 ആഗസ്റ്റ് 20 ന് പി. ഉബൈദുള്ള എം. എൽ. എ. നിർവ്വഹിച്ചു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം. കെ. റഫീഖ ചടങ്ങിൽ അധ്യക്ഷത വഹിച്ചു .

ആനക്കയം, കൂട്ടിലങ്ങാടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് കടലുണ്ടിപ്പുഴക്ക് കുറുകെ 2001 ൽ സ്ഥാപിച്ച പെരിമ്പലം വള്ളിക്കാപറ്റ തൂക്കുപാലം 2018 ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് നിത്യേന തൂക്കുപാലം സഞ്ചാരത്തിനായി ഉപയോഗിച്ചുവന്നിരുന്ന വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർ വലിയ പ്രതിസന്ധിയാണ് അനുഭവിച്ചു കൊണ്ടിരുന്നത്.

ജനങ്ങളുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് തൂക്കുപാലം പുനർ നിർമ്മിക്കാൻ എം. എൽ. എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷവും, ആനക്കയം ഗ്രാമ പഞ്ചായത്ത് 15 ലക്ഷവും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷവും മലപ്പുറം ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപയും അനുവദിക്കുകയായിരുന്നു.

ബസ് സർവീസിന്റെ അപര്യാപ്തതമൂലം തൊട്ടടുത്ത ടൗണുകളിൽ എത്തിപ്പെടാൻ പ്രയാസമനുഭവിക്കുന്ന പെരിമ്പലം നിവാസികൾക്ക് തൂക്കുപാലം പുനർ നിർമ്മിച്ചതോടെ എളുപ്പത്തിൽ സംസ്ഥാന പാത കടന്നുപോകുന്ന കാഞ്ഞമണ്ണയിൽ എത്തിച്ചേരാനാകും. 2018 ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഇതിലൂടെ യാത്ര സാധ്യമായിരുന്നില്ല.

മികച്ച വിജയം നേടി ചാണ്ടി ഉമ്മൻ നിയമസഭയിൽ

1970 മുതൽ തുടർച്ചയായി അൻപത്തിമൂന്ന് വർഷം പുതുപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മരണത്തെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ഉമ്മൻ ചാണ്ടിയുടെ മകനും യു.ഡി.എഫ്. സ്ഥാനാർത്ഥിയുമായ ചാണ്ടി ഉമ്മന് മികച്ച വിജയം. എൽ.ഡി.എഫ്. സ്ഥാനാർത്ഥി ജെയ്ക്ക് സി. തോമസിനെ 37,719 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ചാണ്ടി ഉമ്മൻ പരാജയപ്പെടുത്തിയത്. ആകെ പോൾ ചെയ്ത 1,31,036 വോട്ടിൽ 80,144 വോട്ടും ചാണ്ടി ഉമ്മൻ നേടി. ജെയ്ക്ക് സി. തോമസിന് 42,425 വോട്ട് ലഭിച്ചു. 2011 ൽ ഉമ്മൻ ചാണ്ടി നേടിയ 33,225 വോട്ടിന്റെ ഭൂരിപക്ഷവും ചാണ്ടി ഉമ്മൻ മറികടന്നു. 1970 ൽ 7288 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഉമ്മൻ ചാണ്ടി ആദ്യമായി നിയമസഭാംഗമാകുന്നത്.

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ സെപ്റ്റംബർ 11 ന് ചാണ്ടി ഉമ്മൻ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

സ്പീക്കറുടെ പൊതു പരിപാടികൾ

'ഗുഡ് മോർണിംഗ് എറണാകുളം' പ്രഭാതഭക്ഷണ പദ്ധതി

സർക്കാരിനൊപ്പം പൊതുസമൂഹവും വികസനത്തിന്റെ ഭാഗമാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ. നോർത്ത് ഇടപ്പള്ളി ഗവ. വി.എച്ച്.എസ്. സ്കൂളിൽ നടന്ന 'ഗുഡ് മോർണിംഗ്' എറണാകുളം പ്രഭാതഭക്ഷണ പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുപ്പത്തെട്ട് സ്കൂളുകളിലായി എണ്ണായിരത്തി എണ്ണൂറ്റി എട്ട് കുട്ടികൾക്കാണ് ഗുഡ് മോർണിംഗ് എറണാകുളം പദ്ധതി പ്രകാരം പ്രഭാതഭക്ഷണം ലഭിക്കുന്നത്. ചില സംഘടനകളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഇത്തരം പദ്ധതികൾ അഭിനന്ദനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. എറണാകുളം അസംബ്ലി മണ്ഡലത്തിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനായി ഫണ്ട് അനുവദിച്ച ബി.പി.സി.എല്ലിനും ജിയോജിത്തിനും സ്പീക്കർ നന്ദി അറിയിച്ചു.

വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളാണ് സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നത്. സ്കൂളുകളുടെ നവീകരണത്തിനായി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിക്കുന്നുണ്ട്. സർക്കാർ സ്കൂളുകൾ മാത്രമല്ല, എയ്ഡഡ് സ്ഥാപനങ്ങളും കൂടി ഉൾപ്പെടുന്നതാണ് പൊതുവിദ്യാഭ്യാസ മേഖല. എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ അറിയിച്ചു.

കേരളത്തിലെ എല്ലാ എം.എൽ.എ. മാരും അവരുടെ കഴിവിന്റെ പരമാവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ലോകത്താണ് നാം ജീവിക്കുന്നതെന്നും അധ്യാപകർ ഇനി എത്രകാലം കൂടി ഉണ്ടാകുമെന്ന് പറയാനാകില്ലെന്നും സ്പീക്കർ ഓർമ്മിപ്പിച്ചു. ചാറ്റ് ജി.ടി.പി.യെ പൂർണമായും വിശ്വസിക്കരുതെന്നും അതിനും തെറ്റ് സംഭവിക്കാമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ നല്ല ഇടപെടലുകൾ നടത്തണം. കുട്ടികളുടെ പഠനരീതി മാതാപിതാക്കളും അധ്യാപകരും നിരന്തരം നിരീക്ഷിച്ച് ബഹുമുഖ പ്രതിഭകളാക്കി വളർത്തണം. വിദ്യാലയങ്ങളിൽ ലഹരി ഉപയോഗം വർദ്ധിച്ചു വരികയാണെന്നും അധ്യാപകർക്ക് കുട്ടികളെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടായിരിക്കണമെന്നും പൊതു വിദ്യാഭ്യാസം മികച്ച രീതിയിൽ മുന്നോട്ടു വരികയാണെന്നും സ്പീക്കർ കൂട്ടിച്ചേർത്തു. പുതിയ തലമുറയെ നല്ലതുപോലെ പരിശീലിപ്പിച്ചു വളർത്തണം. നമുക്ക് ഇനിയും ബഹുദൂരം മുന്നോട്ടുപോകാനുണ്ട്. നാടിന്റെ വികസനത്തിന് കക്ഷി രാഷ്ട്രീയത്തിന് അതീതമായി ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം നിയോജകമണ്ഡലത്തിൽ ഒരു വിദ്യാർത്ഥി പോലും വിശന്ന് സ്കൂളിൽ ഇരിക്കരുത്. 'കരുതലായി എറണാകുളം' പദ്ധതിയുടെ ഭാഗമായാണ് പ്രഭാതഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതെന്ന് അധ്യക്ഷപ്രസംഗത്തിൽ ടി.ജെ. വിനോദ് എം.എൽ.എ. പറഞ്ഞു. നല്ല ഭരണാധികാരികൾ ഉണ്ടെങ്കിലേ നാട് നന്നാവുകയുള്ളുവെന്നും കുട്ടികൾ വളർന്നു വരുന്ന പ്രായത്തിൽ നല്ലത് പറഞ്ഞു കൊടുക്കണമെന്നും തെരഞ്ഞെടുപ്പിന് ശേഷം രാഷ്ട്രീയമില്ലാതെ എല്ലാവരും മനുഷ്യത്വപരമായ നടപടികൾ സ്വീകരിക്കണമെന്നും പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത ചലച്ചിത്രതാരം ടിനി ടോം പറഞ്ഞു. തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, വിവിധ ഉദ്യോഗസ്ഥ മേധാവികൾ, സ്കൂൾ അധികൃതർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

അറുപത്തിയാറാമത് കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ സമ്മേളനം

ഘാനയിലെ അക്രയിൽ 2023 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 6 വരെ നടന്ന 66 ാമത് കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ കേരള റീജിയനെ പ്രതിനിധീകരിച്ച് സ്പീക്കർ എ.എൻ. ഷംസീർ പങ്കെടുത്തു. നിയമസഭാ സെക്രട്ടറി എ.എം. ബഷീർ അദ്ദേഹത്തെ അനുഗമിച്ചു. കോമൺവെൽത്ത് രാജ്യങ്ങളിലെ പാർലമെന്ററി സംവിധാനങ്ങൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച പൊതുചർച്ചയിൽ പങ്കെടുത്ത സ്പീക്കർ ആഗോള ഭീകരവാദം മൂലം രാജ്യങ്ങൾ നേരിടുന്ന ഭീഷണികളും അതിനെ തരണം ചെയ്യേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. കേരള സംസ്ഥാനം ഭീകരതയെ ഫലപ്രദമായി നേരിടുന്നതിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി നിൽക്കുന്നതായും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന മുൻകരുതലുകളെക്കുറിച്ചും ഫലപ്രദമായ ഇടപെടലുകളെക്കുറിച്ചും വ്യക്തമാക്കുകയും ചെയ്തു. കോമൺവെൽത്ത് പാർലമെന്റ് കോൺഫറൻസിൽ അവതരിപ്പിച്ച പ്രമേയം പാസ്സാക്കുന്നതിനായി നടന്ന വോട്ടെടുപ്പിലും സ്പീക്കർ പങ്കെടുത്തിരുന്നു. സമ്മേളനത്തിനുശേഷമുള്ള പോസ്റ്റ് കോൺഫറൻസ് ടൂറിൽ സ്പീക്കറും നിയമസഭാ സെക്രട്ടറിയും ജർമ്മനി, സ്വിറ്റ്സർലന്റ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

കോമൺവെൽത്ത് രാജ്യങ്ങളിലെ വിവിധ നിയമനിർമ്മാണ സഭകളുടെ അധ്യക്ഷന്മാരുടെ പൊതുവേദിയാണ് കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ . ഇന്ത്യൻ പാർലമെന്റും രാജ്യത്തെ എല്ലാ നിയമനിർമ്മാണ സഭകളും അവയുടെ അധ്യക്ഷന്മാരും ഈ അസോസിയേഷന്റെ പരിധിയിൽ വരുന്നു.

പ്രതിപക്ഷ നേതാവിന്റെ പേജ്

വൈദ്യുതി മേഖലയിലെ പ്രതിസന്ധി

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

കേരളത്തിലെ വൈദ്യുതി മേഖല ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. വ്യക്തമായ നയമോ പദ്ധതിയോ ഇല്ലാതെ സർക്കാർ സൃഷ്ടിച്ച ഈ അവസ്ഥ മലയാളിയുടെ നിത്യജീവിതത്തിന്റെ താളം തെറ്റിച്ചിരിക്കുന്നു. ഊർജ്ജോല്പാദനവും ഉപഭോഗവും സംബന്ധിച്ച് വിശദാംശങ്ങൾ വിലയിരുത്തി ഭാവി പദ്ധതികൾ ആവിഷ്കരിക്കാതെ ഇനി മുന്നോട്ടുപോകാൻ കഴിയില്ല എന്ന യാഥാർത്ഥ്യം സർക്കാർ പഠിച്ചിട്ടില്ല.

കേരളത്തിന്റെ ആഭ്യന്തര വൈദ്യുതി ഉത്പാദനം കൂടുതലും ജലവൈദ്യുത പദ്ധതികളിലൂടെയാണ്. കെ.എസ്.ഇ.ബി. യുടെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ സംഭരണശേഷിയുടെ 37 ശതമാനം വെള്ളമാണ് കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഉണ്ടായിരുന്നത്. 2022 ൽ ഇത് സംഭരണശേഷിയുടെ 82% ആയിരുന്നു. ഇപ്പോഴത്തെ നിലയിൽ 1550 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണ് ഡാമുകളിൽ ഉള്ളത്. ആഗസ്റ്റ് മാസത്തിൽ കിട്ടിയ മഴ കേവലം 59.6 മില്ലിമീറ്ററാണ്. കേരളത്തിൽ കഴിഞ്ഞ 123 വർഷത്തെ ഏറ്റവും കുറഞ്ഞ മഴയാണ് ഇതെന്ന് കാലാവസ്ഥാ വിദഗ്ധർ രേഖപ്പെടുത്തുന്നു. ഇതുമൂലം വളരെ ആശങ്ക സൃഷ്ടിക്കുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്.

കേരളത്തിലെ വൈദ്യുത ഉപഭോഗത്തിന്റെ 30% മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. കേന്ദ്ര പൂളിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയാണ് ഇവിടെ വൈദ്യുതി വിതരണം ചെയ്യുന്നത്. ഇത് തികയാതെ വരുമ്പോൾ കിട്ടാവുന്നിടത്ത് നിന്നെല്ലാം അവർ പറയുന്ന വ്യവസ്ഥകൾക്കനുസരിച്ച് വൈദ്യുതി വാങ്ങിയാണ് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നത്. നിലവിലെ ഉപഭോഗമനുസരിച്ച് 2023 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള നാല് മാസം 460 മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് ഉണ്ടാവുക. നിലവിലെ സാഹചര്യത്തിൽ വൈദ്യുതിക്ക് അധികം നൽകേണ്ട വില ഉപഭോക്താവിൽ നിന്നും ഈടാക്കാനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അത് തീരുമാനമാകുമ്പോൾ കറന്റ് ചാർജ് ക്രമാതീതമായി വർദ്ധിക്കും. ഇപ്പോൾ നൽകുന്ന ഒരു വൈദ്യുത ബില്ലിൽ ഫിക്സഡ് ചാർജ്, മീറ്റർ വാടക, എനർജി ചാർജ്, ഡ്യൂട്ടി, ഫ്യൂവൽ സർചാർജ്, പ്രതിമാസ ഫ്യൂവൽ ചാർജ് എന്നിങ്ങനെ പലയിനത്തിലാണ് കറന്റ് ചാർജ്ജ് ഈടാക്കുന്നത്. വില ഇനിയും വർദ്ധിപ്പിച്ചാൽ അതുമൂലം ഉപഭോക്താവിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത വളരെ വലുതായിരിക്കും. 2016 ൽ ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രിയായിരുന്നപ്പോൾ 465 മെഗാവാട്ട് വൈദ്യുതി വാങ്ങാനായി ഇരുപത്തഞ്ച് വർഷക്കാലത്തേക്ക് വൈദ്യുതി വകുപ്പ് ഒരു ദീർഘകാല കരാറിൽ ഏർപ്പെട്ടിരുന്നു. ദക്ഷിണേന്ത്യയിൽ അന്ന് നിലവിൽ ഉണ്ടായിരുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ യൂണിറ്റിന് 4.29 രൂപ പ്രകാരം ആയിരുന്നു കരാർ. എന്നാൽ സാങ്കേതികത്വം ചൂണ്ടിക്കാട്ടി ഈ ദീർഘകാല കരാർ റദ്ദാക്കിയത് വൈദ്യുതി പ്രതിസന്ധി വർദ്ധിപ്പിച്ചു. ഇപ്പോഴത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നിത്യേന വാങ്ങുന്ന വൈദ്യുതിക്ക് പത്തുകോടി രൂപയുടെ അധിക ബാധ്യത വരും എന്നാണ് വൈദ്യുതി ബോർഡ് വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി.യും ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനും കൂടിയാലോചിച്ച് സമയബന്ധിതമായി തീരുമാനമെടുത്തിരുന്നെങ്കിൽ ശുഭപര്യവസായിയാകുമായിരുന്ന ഈ വിഷയം ഉപഭോക്താവിന് ഒരു ബാധ്യതയും സൃഷ്ടിക്കുമായിരുന്നില്ല.

നിലവിൽ കേരളത്തിൽ 1.36 കോടി വൈദ്യുതി കണക്ഷനുകൾ ഉണ്ട്. വാർഷിക വൈദ്യുതി ഉപഭോഗം 27,441.54 ദശലക്ഷം യൂണിറ്റാണ്. 2021-22 ലെ വൈദ്യുതി മേഖലയിലെ വരുമാനം 15,665 കോടി ആയിരുന്നത് 2022-23 വർഷം 17,705 കോടി രൂപയായി ഉയർന്നു. ഈ വ്യത്യാസത്തിന് കാരണം പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതി വിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ്.

ഈ സാഹചര്യത്തിൽ ബോർഡിന്റെ പ്രവർത്തന രീതിയെ കൂടി നാം വിലയിരുത്തണം. വൈദ്യുതി ഉത്പാദനം, വാങ്ങൽ, വിതരണം, പ്രസരണം, ഉപഭോഗം, മനുഷ്യവിഭവശേഷി എന്നീ കാര്യങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള കൃത്യമായ പദ്ധതി ദീർഘവീക്ഷണത്തോടെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമായും സംസ്ഥാന സർക്കാരുമായും കൂടിയാലോചിച്ച് ആധുനികവൽക്കരണം നടത്തിയാൽ മാത്രമേ ബോർഡിന് സുഗമമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. ഈ വസ്തുത കണക്കിലെടുത്ത് അനിവാര്യമായ പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്.

വൈദ്യുതോല്പാദനരംഗത്ത് ഉദാസീന സമീപനമാണ് ബോർഡിനുള്ളത്. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ട വികസനം ഏഴ് വർഷമായി ഇഴഞ്ഞു നീങ്ങുകയാണ്. Pumped Storage അടക്കമുള്ള പരിഷ്കരണ പദ്ധതിയാണ് അവിടെ നടപ്പിലാക്കേണ്ടത്. എന്നാൽ, അത് ആർജ്ജവത്തോടെ നടപ്പിലാക്കാൻ ബോർഡിന് കഴിയുന്നില്ല. കൂടാതെ കഴിഞ്ഞ ഒൻപത് വർഷക്കാലമായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഭൂതത്താൻകെട്ടിൽ നിന്നും വൈദ്യുതി ഉത്പാദനം എന്ന് തുടങ്ങുമെന്ന് പറയാൻ സർക്കാരിന് കഴിയുന്നില്ല. 24 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന ഈ പദ്ധതി അനാസ്ഥ വെടിഞ്ഞ് അടിയന്തരമായി പൂർത്തീകരിക്കണം. വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ആത്മാർത്ഥമായ ശ്രമം ഉണ്ടാകുന്നില്ല എന്നതാണ് സത്യം. കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുക, സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക, കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുക, നിലവിലുള്ള പദ്ധതികളിൽ നിന്നും പരമാവധി ഉത്പാദനം നടത്തുന്നതിനുള്ള നവീകരണ പദ്ധതികൾക്ക് രൂപം നൽകുക എന്നിവയാണ് ചെയ്യേണ്ടത്. അടിസ്ഥാനപരമായി ചെയ്യേണ്ട ഈ വിഷയങ്ങളൊക്കെ മാറ്റിവെച്ച് പ്രതിസന്ധി ഘട്ടങ്ങളിൽ പരിഹാരക്രിയ എന്നുള്ള രൂപത്തിൽ എവിടെ നിന്നെങ്കിലും കിട്ടുന്ന വിലയ്ക്ക് വൈദ്യുതി വാങ്ങി പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനാണ് സർക്കാർ ഉത്സാഹിക്കുന്നത്. ഇത് അഭിലഷണീയമായ കാര്യമല്ല. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി പ്രതിസന്ധികൾ താൽക്കാലികമായി അവസാനിപ്പിക്കാനും അതുവഴി സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കാനും ഉള്ള ബോർഡിന്റെ ഈ ശ്രമം അവസാനിപ്പിക്കുകയും സമയബന്ധിതമായി ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

പമ്പാ ബ്ലോക്ക് പുനർനിർമ്മാണത്തിന്റെ ശിലാസ്ഥാപനം

നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്ക് പുനർനിർമ്മാണത്തിന്റെ ശിലാസ്ഥാപനം 2023 ആഗസ്റ്റ് 26 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

കേരള നിയമസഭയിലെ സാമാജികർക്ക് താമസിക്കുന്നതിനായി 1971 ൽ നിർമ്മിച്ച പമ്പാ ബ്ലോക്കിൽ സാമാജികർക്ക് സകുടുംബം താമസിക്കുവാനോ അവർക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. മുറികൾക്കുള്ളിൽ വേണ്ടത്ര കാറ്റും വെളിച്ചവും ലഭ്യമായിരുന്നില്ല. പാർക്കിംഗ് സൗകര്യവും പരിമിതമായിരുന്നു. കാലപ്പഴക്കവും കെട്ടിടത്തെ ബാധിച്ചിരുന്നു. ഇക്കാരണങ്ങളാലാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം ആവശ്യമായി വന്നത്.

2013 ൽ പമ്പാ ബ്ലോക്ക് പുനർനിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയെങ്കിലും പല ഘട്ടങ്ങളിലായി ആവശ്യമായ മാറ്റം വരുത്തിയാണ് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ച്ചറൽ വിഭാഗം ഇപ്പോൾ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. ഉന്നതതല യോഗത്തിൽ EPC മോഡിൽ പദ്ധതി നിർവ്വഹിക്കാൻ തീരുമാനിച്ചു. അതനുസരിച്ചുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും 76.9651 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. പഴയ കെട്ടിടം പൊളിച്ചു മാറ്റണമെന്ന് തീരുമാനിച്ചതനുസരിച്ച് MSTC വഴി ലേലം ചെയ്ത് പൊളിച്ച് നീക്കി. ലേലത്തുകയായ 35.999 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കുകയുണ്ടായി.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ആദ്യമായിട്ടാണ് EPC മോഡിൽ പദ്ധതി നിർവ്വഹിക്കുന്നത്. EPC മോഡിന് ആവശ്യമായ Standard bidding documents തയ്യാറാക്കി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിക്കുകയും പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും നിയമ വകുപ്പും വിശദമായ പരിശോധന നടത്തുകയും Standard bidding documents അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ അനുമതി നൽകുകയും ചെയ്തു. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കുകയും എസ്റ്റിമേറ്റ് തുകയുടെ 2% കുറഞ്ഞ തുകയ്ക്ക് 2023 ആഗസ്റ്റ് 1 ന് കരാറിലേർപ്പെടുകയും ചെയ്തു. മുപ്പത് മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

പതിമൂന്ന് നിലകളുള്ള നിർദ്ദിഷ്ട കെട്ടിടത്തിന്റെ സെല്ലാർ, സബ് സെല്ലാർ ഭാഗങ്ങളിലാണ് പാർക്കിംഗ് സൗകര്യം നല്കിയിട്ടുള്ളത്. 27 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമാണ് കെട്ടിടത്തിനുള്ളത്. 29 കാറുകൾക്ക് പാർക്ക് ചെയ്യാൻ കഴിയുന്ന ഒരു മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനവും പദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ ക്യാന്റീൻ, മൾട്ടി പർപ്പസ് ഹാൾ, റിക്രിയേഷൻ ഹാൾ, ജിംനേഷ്യം, ഒരു ഗസ്റ്റ് സ്യൂട്ട്, ഒരു ഫ്ളാറ്റ് എന്നിവയുണ്ട്. മുകളിലുള്ള പത്ത് നിലകളിലായാണ് അറുപത് ഫ്ളാറ്റുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 11,706 ചതുരശ്ര മീറ്ററാണ്. ഓരോ ഫ്ളാറ്റിലും രണ്ട് ബഡ്റൂം, ഒരു അടുക്കള, ഒരു ഡൈനിംഗ് ഹാൾ, ഒരു ലിവിംഗ് ഏരിയ, ഒരു ഓഫീസ് റൂം, മൂന്ന് ശുചിമുറികൾ എന്നിവ ഉൾപ്പെടുന്നു.

ശിലാസ്ഥാപന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിക്കുകയും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ, പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ്, ഹൗസ് കമ്മിറ്റി ചെയർമാൻ കോവൂർ കുഞ്ഞുമോൻ എം.എൽ.എ. എന്നിവർ ആശംസാപ്രസംഗം നടത്തുകയും ചീഫ് എഞ്ചിനീയർ ബീന. എൽ. റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ചടങ്ങിൽ നിയമസഭാ സെക്രട്ടറി എ.എം. ബഷീർ കൃതജ്ഞത രേഖപ്പെടുത്തി.

നവീകരിച്ച ഇൻഫർമേഷൻ കൗണ്ടർ

നിയമസഭാ സമുച്ചയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നവീകരിച്ച ഇൻഫർമേഷൻ കൗണ്ടറിന്റെ ഉദ്ഘാടനം 2023 സെപ്റ്റംബർ 1 ന് നിയമസഭാ സെക്രട്ടറി എ.എം. ബഷീർ നിർവ്വഹിച്ചു.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഓഫീസുകളിലും ഇലക്ഷൻ, ലോകായുക്ത ഉൾപ്പെടെയുള്ള മറ്റ് ഓഫീസുകളിലും വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സന്ദർശകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നിയമസഭാ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് ടെലിഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പ്രവർത്തിച്ച് വരുന്ന സംവിധാനമാണ് ഇൻഫർമേഷൻ കൗണ്ടർ. നിയമസഭാ ലൈബ്രറിക്ക് സമീപത്ത് പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കൗണ്ടറിൽ രണ്ട് ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഇൻഫർമേഷൻ കൗണ്ടർ കാലോചിതമായും നിയമസഭാ സമുച്ചയത്തിന്റെ പ്രൗഢിക്ക് യോജിക്കുന്നതും ആകർഷകവുമായ രീതിയിൽ പൊതുമരാമത്ത് (സിവിൽ) വിഭാഗമാണ് നവീകരണ പ്രവൃത്തികൾ നിർവ്വഹിച്ചത്.

പുരസ്കാര നിറവിൽ നിയമസഭ

ഓണത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഓണം വാരാഘോഷത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ വൈദ്യുത ദീപാലങ്കാരത്തിന് കേരള സർക്കാർ വകുപ്പുകളിൽ ഒന്നാം സ്ഥാനം കേരള നിയമസഭയ്ക്ക്.

വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ 2023 ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 2 വരെ നടന്ന ആഘോഷത്തിന്റെ ഭാഗമായി പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള സർക്കാർ ഓഫീസുകൾ വൈദ്യുത ദീപങ്ങളാൽ അലങ്കരിച്ചിരുന്നു. വർണാഭമായ വൈദ്യുതവിളക്കുകളാൽ പ്രകാശവലയം സൃഷ്ടിച്ചും നിറങ്ങളിൽ പൊതിഞ്ഞ ജലധാരകളാലും നിയമസഭാ മന്ദിരം ആകർഷകമാക്കിയിരുന്നു.
മുൻ വർഷത്തിലും ഒന്നാം സ്ഥാനം നിയമസഭയ്ക്കാണ് ലഭിച്ചത്

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

നിയമസഭാ സാമാജികർക്ക് ദ്വിദിന പരിശീലന പരിപാടി

പതിനഞ്ചാം കേരള നിയമസഭയിലെ അംഗങ്ങൾക്ക്, നിയമസഭയുടെ നടപടിക്രമങ്ങൾ, ചട്ടങ്ങൾ, നിയമസഭാ സമിതികൾ, സംസ്ഥാന ബജറ്റ്, നിയമനിർമ്മാണ പ്രക്രിയ തുടങ്ങിയ വിവിധ വിഷയങ്ങളിൽ മികച്ച പരിശീലനം നൽകുന്നതിനായി കെ ലാംപ്സ് (പി. എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2023 സെപ്റ്റംബർ 19, 20 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരു ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

സ്പീക്കർ എ. എൻ. ഷംസീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിക്കുകയും ചെയ്തു. സഭാ പ്രവർത്തനങ്ങളെയും നിയമസഭാ സമിതി പ്രവർത്തനങ്ങളെയും അംഗങ്ങൾ ഗൗരവത്തോടെ സമീപിക്കണമെന്നും സമിതികളിലെ പങ്കാളിത്തം പരമപ്രധാനമായതിനാൽ അംഗങ്ങൾ യോഗങ്ങൾ മുടക്കുവാൻ പാടില്ലായെന്നും മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഉത്തരവാദിത്തത്തോടുകൂടി നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഓരോ അംഗത്തിന്റെയും പ്രവർത്തനം സംസ്ഥാനത്തിന്റെ വികസനത്തിന് മുതൽക്കൂട്ടായിരിക്കും. സഭയ്ക്കകത്തും പുറത്തുമുള്ള അംഗങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അംഗങ്ങൾക്ക് ഇത്തരം ഒരു പരിശീലന പരിപാടി സംഘടിപ്പിച്ച നിയമസഭാ സെക്രട്ടേറിയറ്റിനെയും കെ-ലാംപ്സ് വിഭാഗത്തെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

നിയമസഭാ നടപടിക്രമങ്ങൾ, ചട്ടങ്ങൾ, സമിതികൾ, ബജറ്റ് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ലഭ്യമാകുന്ന പരിശീലനത്തിലൂടെ സാമാജികർക്ക് സഭയുടെ പ്രവർത്തനങ്ങളിൽ ഗുണപ്രദമായും കൃത്യതയോടും സജീവമായും പങ്കെടുക്കുന്നതിന് സാധിക്കുമെന്നതിനാൽ പരിശീലന പരിപാടി അംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ സ്പീക്കർ ഓർമ്മിപ്പിച്ചു. തുടർന്ന്, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, മോൻസ് ജോസഫ്, എം.എൽ.എ. എന്നിവർ പരിപാടിയ്ക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. നിയമസഭാ സെക്രട്ടറി എ. എം. ബഷീർ കൃതജ്ഞത അറിയിച്ചു.

ആദ്യ സെഷനിൽ 'നിയമസഭാ നടപടിക്രമങ്ങൾ പൊതുവായ കാര്യങ്ങൾ' എന്ന വിഷയം മോൻസ് ജോസഫ്, എം. എൽ. എ. യുടെ അധ്യക്ഷതയിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ അവതരിപ്പിച്ചു. തുടർന്ന്, 'ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി: അധികാരങ്ങളും അതിർവരമ്പുകളും' എന്ന വിഷയം തദ്ദേശ സ്വയം ഭരണം എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് അവതരിപ്പിക്കുകയും കെ.പി.എ. മജീദ്, എം.എൽ.എ. അധ്യക്ഷത വഹിക്കുകയും ചെയ്തു.

'പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ, ചട്ടപ്രകാരമുള്ള ചർച്ചകൾ' എന്ന വിഷയം മൂന്നാമത്തെ സെഷനിൽ മാത്യു ടി. തോമസ്, എം. എൽ. എ. അവതരിപ്പിച്ചു. സി.കെ. ആശ, എം.എൽ.എ. അധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് 'നിയമനിർമ്മാണ സഭകൾ - സവിശേഷ അധികാരങ്ങളുടെ പ്രസക്തിയും പാർലമെന്ററി മര്യാദകളും' എന്ന സെഷനിൽ മുൻ ലോക് സഭാ സെക്രട്ടറി ജനറൽ പി.ഡി.റ്റി. ആചാരി വിഷയം അവതരിപ്പിച്ച് സംസാരിച്ചു. സെഷനിൽ സണ്ണി ജോസഫ്, എം. എൽ. എ. അധ്യക്ഷനായിരുന്നു.

പരിശീലന പരിപാടിയുടെ രണ്ടാം ദിവസം 'നിയമസഭാ സമിതികൾ - കൃത്യമായ ഇടപെടലുകളുടെയും ചിട്ടയായ പ്രവർത്തനത്തിന്റെയും ആവശ്യകത' എന്ന വിഷയം കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ. അവതരിപ്പിച്ചു. സെഷനിൽ എൻ. ഷംസുദ്ദീൻ, എം.എൽ. എ. അധ്യക്ഷത വഹിച്ചു. തുടർന്ന് അൻവർ സാദത്ത്, എം.എൽ.എ. അധ്യക്ഷത വഹിച്ച 'സംസ്ഥാന ബജറ്റ് നടപടിക്രമങ്ങളും ആസ്തി വികസന ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗവും' എന്ന സെഷനിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ വിഷയം അവതരിപ്പിച്ച് സംസാരിച്ചു.

ഉച്ചയ്ക്കുശേഷം 'നിയമനിർമ്മാണ പ്രക്രിയയിൽ സാമാജികരുടെ ഗുണപരമായ ഇടപെടലുകൾ' എന്ന വിഷയം സംബന്ധിച്ച സെഷനിൽ നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി പി. രാജീവ് വിഷയം അവതരിപ്പിക്കുകയും പി. എസ്. സുപാൽ, എം.എൽ.എ. അധ്യക്ഷത വഹിക്കുകയും ചെയ്തു.

തുടർന്ന് നടന്ന സെഷനിൽ, 'സംസ്ഥാന നിയമനിർമ്മാണ സഭകളുടെ മികച്ച രീതികളും പ്രവർത്തനവും (Best Practices of State Legislatures and Functioning of Assemblies)' എന്ന വിഷയം പി. ആർ. എസ്. റിസർച്ച് ടീം അവതരിപ്പിച്ച് സംസാരിച്ചു.

രണ്ടു ദിവസങ്ങളിലായി സംഘടിപ്പിക്കപ്പെട്ട പരിശീലന പരിപാടിയിൽ ഏഴ് സെഷനുകളിലായി സാമാജികരുടെ അറിവും അനുഭവസമ്പത്തും പകർന്നു നൽകുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. നിയമസഭാ നടപടിക്രമങ്ങൾക്ക് പുറമേ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകമായ നിർദേശങ്ങളും അഭിപ്രായങ്ങളും മുന്നോട്ട് വെയ്ക്കുകയും ചെയ്ത സെഷനുകൾ സാമാജികർക്ക് പ്രയോജനപ്രദമായിരുന്നു.

ഏഴ് സെഷനുകൾക്ക് പുറമേ, പരിശീലന പരിപാടിയുടെ ആദ്യ ദിവസമായ സെപ്റ്റംബർ 19 ന് Global Science Festival of Kerala (GSFK) പ്രോഗ്രാമിനെ പരിചയപ്പെടുത്തുന്നതിനും സാമാജികരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമായി GSFK യുടെ നേതൃത്വത്തിൽ ഒരു പരിപാടിയും 'ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് ചാറ്റ് ജി.പി.റ്റി' എന്ന വിഷയത്തിൽ ഐ.എച്ച്. ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ രണ്ടാം ദിവസം സെമിനാറും സംഘടിപ്പിച്ചു. പരിപാടിയുടെ സമാപന സമ്മേളനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. ചർച്ചകളിൽ സാമാജികർ പങ്ക് വച്ച നിർദേശങ്ങളും അഭിപ്രായങ്ങളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതാണെന്ന് പരിപാടി അവലോകനം ചെയ്തു സംസാരിച്ച സ്പീക്കർ എ.എൻ. ഷംസീർ അറിയിച്ചു.

തുടർന്ന് സംസാരിച്ച നിയമസഭാ സെക്രട്ടറി പ്രൈമറി ലെജിസ്ലേഷൻ ജോലികളെപ്പോലെ തന്നെ സബോർഡിനേറ്റ് ലെജിസ്ലേഷൻ ജോലികളിലും അംഗങ്ങളുടെ ശ്രദ്ധയും ജാഗ്രതയോടുകൂടിയ പരിശോധനയും ഉണ്ടായിരിക്കുന്നത് നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

പരിശീലന പരിപാടിയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നന്ദി അറിയിച്ചു.

സാമാജികരും പേഴ്സണൽ സ്റ്റാഫും അടക്കം ഇരുന്നൂറ്റി എഴുപതോളം പേർ പങ്കെടുത്ത ദ്വിദിന പരിശീലന പരിപാടി സെപ്റ്റംബർ 20 ന് വൈകുന്നേരം സമാപിച്ചു.

ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ച് ഇന്ത്യൻ പാർലമെന്റ് മന്ദിരം

ഇന്ത്യൻ ജനാധിപത്യത്തിൽ പുതുചരിത്രമെഴുതി പാർലമെന്റിന്റെ പ്രത്യേക സമ്മേളനം പുതിയ പാർലമെന്റ് മന്ദിരത്തിൽ അഞ്ച് ദിവസങ്ങളിലായി നടന്നു. സെപ്റ്റംബർ 18 മുതൽ 22 വരെ ചേർന്ന സമ്മേളനം സെപ്റ്റംബർ 18 ന് പഴയ മന്ദിരത്തിലും സെപ്റ്റംബർ 19 മുതൽ 22 വരെ പുതിയ മന്ദിരത്തിലുമാണ് ചേർന്നത്. പഴയ മന്ദിരത്തിനോട് വിട പറഞ്ഞ് പുതിയ മന്ദിരത്തിൽ ചേർന്ന സമ്മേളനത്തിന്റെ ആദ്യ ദിനം വനിതാ സംവരണ ബിൽ സഭയിൽ അവതരിപ്പിച്ചു. 'നാരീ ശക്തി വന്ദൻ അധിനിയം' എന്ന പേരിൽ ഭരണഘടനയുടെ 128 ാം ഭേദഗതിയായി കൊണ്ടുവന്ന ബിൽ ഇരുപത്തിയേഴ് വർഷങ്ങൾക്കുശേഷമാണ് സഭയിലെത്തിയത്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും മൊത്തം സീറ്റുകളുടെ മൂന്നിലൊന്ന് (33%) വനിതകൾക്ക് സംവരണം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ബില്ലാണ് ലോക്സഭയിൽ കേന്ദ്ര നിയമമന്ത്രി അർജ്ജുൻ മേഘ്‌വാൾ അവതരിപ്പിച്ചത്.

പഴയ മന്ദിരത്തിൽ സെപ്റ്റംബർ 18 ന് പാർലമെന്റിന്റെ എഴുപത്തിയഞ്ച് വർഷം സംബന്ധിച്ച പ്രത്യേക സമ്മേളനം നടന്നു. സെപ്റ്റംബർ 19 ന് സെൻട്രൽ ഹാളിൽ ഇരുസഭകളുടെയും സംയുക്ത സമ്മേളനം ചേർന്നു. തുടർന്ന് ഇരു സഭകളിലേയും അംഗങ്ങളുടെ ഫോട്ടോ സെഷനും പഴയ മന്ദിരത്തിന്റെ മുറ്റത്ത് നടന്നു.

1911 ഡിസംബർ 12 ന് ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്തയിൽ നിന്ന് ഡൽഹിയിലേക്ക് മാറ്റിയതിന് ശേഷമാണ് പാർലമെന്റ് മന്ദിരവും അതിനടുത്തുള്ള കെട്ടിടങ്ങളും നിർമ്മിച്ചത്. 1921 ഫെബ്രുവരി 12 നാണ് പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണത്തിന് തറക്കല്ലിട്ടത്. ആറ് വർഷമെടുത്തു പണി പൂർത്തിയാകാൻ. എൺപത്തി മൂന്ന് ലക്ഷം രൂപയായിരുന്നു നിർമ്മാണ ചെലവ്. മന്ദിരത്തിന്റെ ആകെ വിസ്തീർണ്ണം 24,281 ചതുരശ്ര മീറ്ററാണ്. ഇതിൽ 543 ഇരിപ്പിടങ്ങൾ ഉള്ള ലോക്സഭാ ഹാളും 250 ഇരിപ്പിടങ്ങളുള്ള രാജ്യസഭാ ഹാളും സെൻട്രൽ ഹാളും ഉൾപ്പെടുന്നു. 1927 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച മന്ദിരത്തിൽ 1947 വരെ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ലെജിസ്ലേറ്റീവ് കൗൺസിൽ പ്രവർത്തിച്ചിരുന്നു. അതിനു ശേഷം ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭചേർന്നതും ഇവിടെയായിരുന്നു. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന 1950 ജനുവരി 26 മുതൽ അത് ഇന്ത്യൻ പാർലമെന്റായി.

1947 ആഗസ്റ്റ് 14 ന് അർദ്ധരാത്രിയിലെ സ്വാതന്ത്ര്യ പ്രഖ്യാപനം മുതൽ ഒട്ടേറെ ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച സെൻട്രൽ ഹാൾ, രാഷ്ട്രപതിമാരുടെ സത്യപ്രതിജ്ഞകൾക്കും നയപ്രഖ്യാപന പ്രസംഗങ്ങൾക്കുമെല്ലാം സാക്ഷിയായിരുന്നു. എൺപത്തിയാറ് തവണയാണ് രാഷ്ട്രപതിമാർ സെൻട്രൽ ഹാളിൽ ഇരുസഭകളെയും അഭിസംബോധന ചെയ്ത് സംസാരിച്ചിട്ടുള്ളത്. സെപ്റ്റംബർ 19 ന് അവസാന ദിവസം വിടവാങ്ങൽ ചടങ്ങുകൾക്കും സെൻട്രൽ ഹാൾ സാക്ഷിയായി. ഇനി മുതൽ പഴയ പാർലമെന്റ് മന്ദിരം 'സംവിധാൻ സദൻ' (ഭരണഘടനാ സഭ) എന്ന പേരിൽ അറിയപ്പെടും.

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2023 ആഗസ്റ്റ് 7 ന് ആരംഭിച്ച് 24ന് അവസാനിക്കുന്ന വിധത്തിൽ 12 ദിനങ്ങൾ ചേരാനാണ് നിശ്ചയിച്ചിരുന്നത്. മുൻ മുഖ്യമന്ത്രിയും പതിനഞ്ചാം കേരള നിയമസഭയിലെ അംഗവുമായ ഉമ്മൻചാണ്ടിയുടെ നിര്യാണത്തെത്തുടർന്ന് ഒഴിവു വന്ന പുതുപ്പള്ളി അസംബ്ലി നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ട പശ്ചാത്തലത്തിൽ, സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം ആഗസ്റ്റ് 10ന് സമ്മേളനം താല്ക്കാലികമായി നിർത്തിവയ്ക്കുകയും നേരത്തെ നിശ്ചയിച്ച 2023 ആഗസ്റ്റ് 11, 16, 17, 18, 21, 22, 23, 24 എന്നീ തീയതികളിലെ സമ്മേളനം ഒഴിവാക്കി ഉപതെരഞ്ഞെടുപ്പിനുശേഷം സെപ്തംബർ 11 മുതൽ 14 വരെ വീണ്ടും ചേരുകയുമുണ്ടായി. പ്രധാനമായും നിയമനിർമ്മാണത്തിനു വേണ്ടി മാത്രം ചേർന്ന ഒൻപതാം സമ്മേളനത്തിൽ ആകെ എട്ട് ദിനങ്ങളാണ് സഭ ചേർന്നത്.

നിയമസഭാംഗവും മുൻ മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻചാണ്ടിയുടെയും മുൻ സ്പീക്കറും മുൻ മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമന്റെയും നിര്യാണം സംബന്ധിച്ച റഫറൻസിനാണ് ആദ്യ ദിനം സഭ ചേർന്നത്. സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിവിധ കക്ഷി നേതാക്കൾ തുടങ്ങിയവർ അന്തരിച്ച നേതാക്കളെ അനുസ്മരിച്ച് സംസാരിച്ചു. അന്നേ ദിവസം ചോദ്യോത്തരവേള ഉൾപ്പെടെയുള്ള മറ്റെല്ലാ സഭാ നടപടികളും ഒഴിവാക്കിയിരുന്നു. അന്തരിച്ച എം. ചന്ദ്രൻ, നബീസാ ഉമ്മാൾ, ഡോ. എം.എ. കുട്ടപ്പൻ എന്നീ മുൻ നിയമസഭാംഗങ്ങൾക്ക് സഭ ആഗസ്റ്റ് 8 ന് ചരമോപചാരം അർപ്പിച്ചു.

ഉപതെരഞ്ഞെടുപ്പു നടന്ന പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് പതിനഞ്ചാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ചാണ്ടി ഉമ്മൻ 2023 സെപ്റ്റംബർ 11 ന് നിയമസഭാ ഹാളിൽ സ്പീക്കർ മുൻപാകെ സത്യപ്രതിജ്ഞ ചെയ്തു.

ഒൻപതാം സമ്മേളന കാലത്ത് ഏഴ് ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 3186 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 22 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 23 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2931 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3141 ചോദ്യങ്ങൾ അച്ചടിക്കുകയും ആയതിൽ ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2594 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സമ്മേളനകാലത്ത് ഉത്തരം ലഭ്യമാക്കി. 336 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്. ചോദ്യോത്തര വേളകളിൽ 32 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. സഭാതലത്തിൽ 234 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ സഭയിൽ സമർപ്പിച്ചു. ഒരു അടിയന്തര ചോദ്യം സംബന്ധിച്ച നോട്ടീസ് ലഭിച്ചെങ്കിലും ചട്ടപ്രകാരമുള്ള കാരണങ്ങളാൽ അനുമതി നല്കുകയുണ്ടായില്ല. ഒൻപതാം സമ്മേളനത്തിൽ ചട്ടം 58 പ്രകാരമുള്ള ചർച്ചക്കായി ഒരു നോട്ടീസ് ലഭിച്ചിരുന്നെങ്കിലും സമയക്കുറവ് മൂലം അത് പരിഗണിച്ചിട്ടില്ല. പതിനേഴ് വകുപ്പു മന്ത്രിമാർ മുഴുവൻ ചോദ്യങ്ങൾക്കും സമ്മേളന കാലയളവിൽ മറുപടി നൽകി.

ഒൻപതാം സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരം അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള ഏഴ് നോട്ടീസുകളാണ് സഭ പരിഗണിച്ചത്. അതിൽ സോളാർ കേസ് ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നത് സംബന്ധിച്ചും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ചുമുള്ള രണ്ട് നോട്ടീസുകൾക്ക് അവതരണാനുമതി ലഭിക്കുകയും 'സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു' എന്ന പ്രമേയത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയം വീതം സഭ ചർച്ച ചെയ്യുകയും ചെയ്തു. ബാക്കി നോട്ടീസുകൾക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു.

സമ്മേളന കാലയളവിൽ ചട്ടം 62 പ്രകാരം 14 ശ്രദ്ധ ക്ഷണിക്കലുകളും ചട്ടം 304 പ്രകാരം 105 സബ്മിഷനുകളും അവതരിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 611 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ കമ്മിറ്റികളുടെ 78 റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. അവയിൽ നിയമസഭാ ചട്ടങ്ങളുടെ പരിഷ്കരണത്തിനായി രൂപീകരിച്ച അഡ്ഹോക് കമ്മിറ്റിയുടേയും രണ്ട് ബില്ലുകളുടെ പരിശോധനയ്ക്കായി രൂപീകരിച്ച സെലക്ട് കമ്മിറ്റികളുടെയും റിപ്പോർട്ടുകൾ ഉൾപ്പെടുന്നു.

ഏക സിവിൽ കോഡ് സംബന്ധിച്ചും സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും 'കേരളം' എന്നാക്കി മാറ്റുന്നത് സംബന്ധിച്ചും മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഒൻപതാം സമ്മേളനകാലയളവിൽ സഭ ഐകകണ്‌ഠ്യേന പാസ്സാക്കി. കൂടാതെ സംസ്ഥാനത്തുണ്ടായിട്ടുള്ള നിപ വ്യാപനം സംബന്ധിച്ച് ചട്ടം 300 പ്രകാരം ആരോഗ്യ വനിതാ ശിശുവികസന വകുപ്പുമന്ത്രി ഒരു പ്രസ്താവനയും നടത്തി.

നിയമനിർമ്മാണത്തിനായി മാറ്റിവച്ചിരുന്ന ഏഴ് ദിവസങ്ങളിലെ സമ്മേളനങ്ങളിലായി ആകെ 15 ബില്ലുകൾ അവതരിപ്പിച്ച് സഭ പാസ്സാക്കി. അവയിൽ സഭയുടെ മുൻ സമ്മേളനകാലത്ത് രൂപീകരിക്കപ്പെട്ട സെലക്ട് കമ്മിറ്റികളുടെ പരിഗണന പൂർത്തീകരിച്ചുവന്ന 2022 ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ, 2022 ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ എന്നിവയും 2022 ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ, 2022 ലെ ശ്രീ പണ്ടാരവക ഭൂമികൾ 2023 ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2023 ലെ അബ്കാരി (ഭേദഗതി) ബിൽ, 2023 ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ, 2023 ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ, 2023 ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2023 ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ, 2023 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ, 2023 ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ എന്നീ സുപ്രധാന ബില്ലുകളും 2023-24 വർഷത്തെ ബജറ്റിലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും ഉൾപ്പെടുന്നു.

ബില്ലുകൾക്ക് ജനറൽ ഭേദഗതി ഉൾപ്പെടെ ആകെ 5549 ഭേദഗതി നോട്ടീസുകളാണ് ലഭിച്ചത്. അവയിൽ 2685 നോട്ടീസുകൾ ബില്ലിന്റെ വകുപ്പുകൾക്ക് അംഗങ്ങൾ നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. വിവിധ ബില്ലുകളുടെ പരിഗണനാവേളയിൽ 138 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ ഏകദേശം സഭ സമ്മേളിച്ച ആകെ സമയമായ 65 മണിക്കൂറിൽ 31 മണിക്കൂർ 24 മിനിറ്റും നിയമ നിർമ്മാണത്തിന് മാത്രമായിട്ടാണ് വിനിയോഗിക്കപ്പെട്ടത് എന്നതും ഭേദഗതി നിർദ്ദേശങ്ങളിലൂടെ നിയമനിർമ്മാണ കാര്യത്തിൽ അംഗങ്ങൾ നടത്തിയ ഇടപെടലുകളും രാജ്യത്തെ ഇതര നിയമനിർമ്മാണ സഭകളിൽ നിന്നും കേരള നിയമസഭയെ ശ്രദ്ധേയമാക്കുന്നു.

നിശ്ചയിച്ച കലണ്ടർ പ്രകാരം അനൗദ്യോഗിക കാര്യങ്ങൾക്കായി രണ്ട് വെള്ളിയാഴ്ചകൾ നീക്കിവച്ചിരുന്നെങ്കിലും സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം സമ്മേളന ദിവസങ്ങൾ വെട്ടിച്ചുരുക്കിയതിനാൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾ ഒൻപതാം സമ്മേളനകാലത്ത് സഭയുടെ പരിഗണനയ്ക്കെടുത്തില്ല.

നിയമനിർമ്മാണ സഭയുടെ വികാസ പരിണാമങ്ങൾ :

ഐക്യകേരള രൂപീകരണം വരെ

പ്രഭുക്കൻമാരും മാടമ്പിമാരും ഭരിച്ചിരുന്ന ചെറുതും വലുതുമായ നിരവധി നാട്ടുരാജ്യങ്ങളുടെ ഒരു കൂട്ടമായിരുന്ന ഒരു കാലത്ത് കേരളം. ഭരണാധികാരികളുടെ തീരുമാനങ്ങളായിരുന്ന അന്നത്തെ നിയമം. സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ പങ്കോ പ്രാതിനിധ്യമോ ഉണ്ടായിരുന്നില്ല. ജാതിയുടെ പേരിൽ ജനങ്ങളെ വേർതിരിച്ചിരുന്ന ആ കാലഘട്ടത്തിലാണ് പോർച്ചുഗീസ് നാവികനായ വാസ്കോഡ ഗാമ 1498 ൽ കോഴിക്കോട് കാപ്പാട് കടപ്പുറത്ത് വന്നിറങ്ങിയത്. വാസ്കോഡ ഗാമയ്ക്ക് പിന്നാലെ ഡച്ചുകാരും ഇംഗ്ലീഷുകാരും കേരളത്തിലെത്തി. കച്ചവടത്തിനായി എത്തിയവർ പിന്നീട് ഇവിടെ അധികാരം സ്ഥാപിക്കുകയായിരുന്നു. അന്ന് കേരളം തെക്ക് വേണാട് (തിരുവിതാംകൂർ), മദ്ധ്യഭാഗത്ത് കൊച്ചി, അതിനപ്പുറം കോഴിക്കോട്ടെ സാമൂതിരി രാജ്യം, വടക്കേ അറ്റം കോലത്തിരി എന്നീ വലിയ നാട്ടുരാജ്യങ്ങളും അനേകം ചെറിയ നാട്ടുരാജ്യങ്ങളും അടങ്ങിയതായിരുന്നു. നാട്ടുരാജ്യങ്ങളുടെ ഭരണത്തിൽ പിടിമുറുക്കിയ ഇംഗ്ലീഷുകാർ മലബാർ നേരിട്ടും കൊച്ചിയും തിരുവിതാംകൂറും റെഡിഡന്റുമാർ മുഖേനയും ഭരിച്ചു. 'കളക്ടർ' എന്ന ഇംഗ്ലീഷ് ഉദ്യോഗസ്ഥനായിരുന്നു ബ്രിട്ടീഷ് മലബാറിലെ ഭരണാധികാരി.


വാസ്കോഡ ഗാമ

തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് മലബാറും മദ്രാസ് പ്രവിശ്യയിലെ ഗവർണർക്ക് കീഴിലായിരുന്നു. ഗവർണർക്ക് മുകളിൽ ഗവർണർ ജനറൽ എന്ന പദവിയും ഉണ്ടായിരുന്നു. ഇന്ത്യയ്ക്ക് വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റ് പാസ്സാക്കുന്ന നിയമം ഇന്ത്യയിലെ ഗവർണർ ജനറൽമാർ കളക്ടർമാർ വഴിയോ രാജാക്കന്മാർ വഴിയോ നടപ്പിലാക്കി. എന്നാൽ തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാർക്ക് അവരുടെ പ്രദേശങ്ങളിൽ ബ്രിട്ടീഷ് സർക്കാരിന്റെ അനുവാദത്തോടെ നിയമനിർമ്മാണത്തിന് അധികാരമുണ്ടായിരുന്നു. ഇത്തരം നിയമനിർമ്മാണത്തെ 'വിളംബരം' എന്നാണ് വിളിച്ചിരുന്നത്. ഈ നിയമനിർമ്മാണങ്ങളിൽ സാധാരണ പൗരന് യാതൊരു അധികാരവുമുണ്ടായിരുന്നില്ല. അസംഘടിതമായി കിടന്നിരുന്ന ഭാരതത്തിലെ നാട്ടുരാജ്യങ്ങളിൽ സാധാരണ പൗരന് നിയമനിർമ്മാണത്തിൽ അവകാശം നൽകിയ ആദ്യ നാട്ടുരാജ്യങ്ങൾ തിരുവിതാംകൂറും മൈസൂറുമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിന് മുൻപുതന്നെ മൈസൂറിൽ 'റപ്രസെന്റേറ്റീവ് അസംബ്ലി' വിളിച്ചുകൂട്ടിയിരുന്നു. 1881 ഒക്ടോബർ 7 ന് ദിവാൻ രംഗാ ചാർലു ആണ് ആദ്യ റപ്രസെന്റേറ്റീവ് അസംബ്ലി വിളിച്ചത്. ഒരു ദിവസത്തെ അസംബ്ലി, നിയമനിർമ്മാണത്തിൽ ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനായി മാത്രമായിരുന്നു. എന്നാൽ 1888 മാർച്ച് 30 ന് തിരുവിതാംകൂറിൽ രൂപീകരിച്ച തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന് നിയമം നിർമ്മിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും അധികാരമുണ്ടായിരുന്നു. അതിനാൽ തിരുവിതാംകൂറിൽ സ്ഥാപിതമായ ലെജിസ്ലേറ്റീവ് കൗൺസിലാണ് ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെ ആദ്യത്തെ നിയമനിർമ്മാണ സഭ.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ്മ 1888 മാർച്ച് 30 ന് പാസാക്കിയ റഗുലേഷനിലൂടെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന നിയമനിർമ്മാണ സഭ ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടു. 1888 ആഗസ്റ്റ് 23 ന് ഹജ്ജൂരാഫീസിൽ ദിവാൻ ശങ്കര സുബയ്യയുടെ അധ്യക്ഷതയിൽ ചേർന്ന തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ യോഗത്തിൽ എട്ട് അംഗങ്ങൾ (ആറ് ഉദ്യോഗസ്ഥരും രണ്ട് അനൗദ്യോഗികാംഗങ്ങളും) പങ്കെടുത്തു. ഈ നിയമനിർമ്മാണ സമിതിയാണ് അതിശയകരമായ വികാസ പരിണാമങ്ങളോടെ ഇന്നത്തെ പരമാധികാര സഭയായി മാറിയത്. രാജാധികാരം ദൈവദത്തമാണെന്നും സ്വന്തം പ്രജകളുടെമേൽ സർവ്വവിധ അധികാരങ്ങളും നാടുവാഴികൾക്കുണ്ടെന്നും വിശ്വസിക്കുകയും സ്വേച്ഛാനുസരണം നാടുവാഴുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് തിരുവിതാംകൂറിൽ നിയമനിർമ്മാണത്തിനായി ഒരു സഭ രൂപീകരിക്കുന്നത്. പുരോഗമനാത്മകമായ മാറ്റത്തിനാണ് തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരണം നാന്ദി കുറിച്ചത്. നിയമനിർമ്മാണത്തിനായി സഭ രൂപീകരിച്ചെങ്കിലും ദിവാൻ അംഗീകരിച്ച ബില്ലുകൾ മാത്രമായിരുന്നു കൗൺസിൽ പാസാക്കിയിരുന്നത്. രാജാവ് ബില്ലിൽ തുല്യം ചാർത്തുന്നതോടെ ബില്ലുകൾ നിയമമാകുന്നു. എന്നാൽ പതിറ്റാണ്ടുകൾക്ക് ശേഷം രാജാവിന് പരമാധികാരമുണ്ടായിരുന്ന ചെറുസമിതിയുടെ അംഗബലത്തിലും ഘടനയിലും അധികാരാവകാശങ്ങളിലും കാതലായ മാറ്റങ്ങളുണ്ടായി.

ശ്രീമൂലം തിരുനാൾ

പ്രാഥമികമായ മനുഷ്യാവകാശങ്ങളെക്കുറിച്ചുപോലും സാമാന്യ ജനങ്ങളിൽ അവബോധമില്ലാതിരുന്ന അക്കാലഘട്ടത്തിൽ വിവിധ സമുദായങ്ങളിൽ ബൗദ്ധികമായി ഉയർന്നുവന്ന ഒരു വിഭാഗത്തിന്റെ ശ്രമഫലമായി ഉന്നത ഉദ്യോഗങ്ങളിലും ഭരണ നിർവ്വഹണത്തിലും സാധാരണ ജനത്തിന് കൂടി പങ്കാളിത്തം ലഭിക്കുന്നതിനായുള്ള പരിശ്രമങ്ങളുണ്ടായി. 1891 ൽ പതിനായിരം പേർ ഒപ്പിട്ട് മഹാരാജാവിന് സമർപ്പിച്ച മലയാളി മെമ്മോറിയലും, വിദ്യാലയ പ്രവേശനത്തിനും ഉദ്യോഗ നിയമനങ്ങളിലും ഉണ്ടായിരുന്ന വേർതിരിവ് അവസാനിപ്പിക്കാനായി പതിമൂവായിരത്തിൽപരം പേർ ഒപ്പിട്ട് ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ നൽകിയ ഭീമ ഹർജിയും ഇരുട്ടിലാണ്ട് കിടന്നിരുന്ന ഒരു ജനസമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ശ്രമഫലങ്ങളായിരുന്നു.

ഡോ. പൽപ്പു

പരിമിതാധികാരങ്ങളോടുകൂടി ആരംഭിച്ച ആദ്യകാല നിയമനിർമ്മാണ സഭയുടെ അംഗസംഖ്യ ഒരു പതിറ്റാണ്ടിന് ശേഷം എട്ടിൽ നിന്ന് പതിനഞ്ചായി വർദ്ധിച്ചു. ഇതിൽ ആറ് പേർ അനൗദ്യോഗികാംഗങ്ങളായിരുന്നു. ഇരുപത്തൊന്ന് വർഷങ്ങൾക്കുശേഷം അംഗബലം പതിനഞ്ചിൽ നിന്നും ഇരുപത്തഞ്ചും വീണ്ടും രണ്ട് വർഷത്തിനപ്പുറം അൻപതുമായി വർദ്ധിച്ചു. ഉദ്യോഗസ്ഥപ്രമുഖരടങ്ങിയ ആദ്യകാല നിയമനിർമ്മാണ സഭയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ അനുപാതം നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടേതിനെ അപേക്ഷിച്ച് അനുക്രമമായി വർദ്ധിച്ച് 1921 ആയപ്പോൾ തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം പകുതിയിലധികമായി. നിയമനിർമ്മാണ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും അഞ്ച് രൂപയെങ്കിലും കരം തീരുവയുള്ളവരെയും ബിരുദധാരികളെയും പ്രതിനിധീകരിക്കുന്നവരായിരുന്നു.

ഗവർണർ ജനറലായിരുന്ന കഴ്സൺ പ്രഭുവിന്റെ തിരുവനന്തപുരം സന്ദർശനം, ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള അഴിമതി ആരോപണം, അവർണജാതിയിൽപ്പെട്ടവരുടെ ഉയർത്തെഴുന്നേൽപ്പ്, തിരുവിതാംകൂറിലെ അധഃസ്ഥിത വർഗത്തെക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ നടന്ന ചർച്ചകൾ എന്നിവയെല്ലാം ജനഹിതം അറിയാൻ ഒരു സഭ രൂപീകരിക്കണമെന്ന ആശയം മുന്നോട്ടുവച്ചു. ദിവാൻ വി.പി.മാധവറാവു അതിന് മുൻകൈ എടുക്കുകയും തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ അതിന് അംഗീകാരം നൽകുകയും ചെയ്തതോടെ 1904 ൽ ശ്രീമൂലം പ്രജാസഭ നിലവിൽ വന്നു. എൺപത്തഞ്ച് അംഗങ്ങളടങ്ങിയ പ്രജാസഭയിൽ ദിവാൻ പേഷ്കാർമാർ, തെരഞ്ഞെടുക്കപ്പെട്ട നാട്ടുപ്രമാണിമാർ, ഭൂപ്രഭുക്കന്മാർ, വൻകിട വ്യാപാരികൾ എന്നിവർക്കായിരുന്നു അംഗത്വം. വർഷം നൂറ് രൂപയോ അതിലധികമോ നികുതി കൊടുക്കുന്ന ജന്മിമാർക്കും ആറായിരം രൂപയിൽ കുറയാതെ വാർഷിക വരുമാനമുള്ള കച്ചവടക്കാർക്കും സഭയിൽ പ്രാതിനിധ്യമുണ്ടായിരുന്നു. പ്രജാസഭയുടെ ആദ്യ യോഗം മഹാരാജാവിന്റെ ജന്മദിനത്തിൽ അയ്യങ്കാളി ഹാളിൽ (അന്നത്തെ വി.ജെ.ടി. ഹാൾ) ചേർന്നു. സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മാത്രം ഉൾക്കൊണ്ടിരുന്ന പ്രജാസഭ കാലക്രമേണ ജനകീയമാകാൻ തുടങ്ങി. തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള കൂടുതൽ ആളുകൾ സഭയിൽ അംഗങ്ങളായി. വിവിധ ജാതി-മത സംഘടനകൾക്കും പ്രജാസഭയിൽ പ്രാതിനിധ്യം ലഭിച്ചു. മഹാകവി കുമാരനാശാൻ, അയ്യങ്കാളി തുടങ്ങിയ അധഃസ്ഥിത വർഗ നേതാക്കന്മാരെ സഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും കാലക്രമേണ മാറ്റങ്ങളുണ്ടായി.

കുമാരനാശാൻ

അയ്യങ്കാളി

കൊച്ചിയിൽ നിയമനിർമ്മാണ സഭാ ചരിത്രം ആരംഭിക്കുന്നത് 1925 ലാണ്. തിരുവിതാംകൂറിൽ നിയമനിർമ്മാണത്തിനായി ഒരു സഭ രൂപീകരിച്ച് മൂന്ന് വ്യാഴവട്ടം കഴിഞ്ഞ ശേഷമാണ് കൊച്ചിയിൽ നിയമനിർമ്മാണ സഭ രൂപം കൊണ്ടത്. എന്നാൽ തുടർന്നുവന്ന രണ്ട് ദശവൽസരങ്ങളിൽ കൊച്ചി നിയമനിർമ്മാണ സഭ കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. 1925 ഏപ്രിൽ 3 ന് ഹിൽപാലസ് ദർബാർ ഹാളിൽ കൊച്ചി മഹാരാജാവ് കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ ഉദ്ഘാടനം ചെയ്തു. നാൽപത്തഞ്ചംഗ കൗൺസിലിൽ മുപ്പത് പേരെ സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു തെരഞ്ഞെടുത്തത്. ഭൂനികുതി, പെൻഷൻ തുക, ബിരുദം എന്നിവയായിരുന്നു സ്ഥാനാർത്ഥികളുടെ യോഗ്യതയായി നിശ്ചയിച്ചിരുന്നത്. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലും കാലാകാലങ്ങളിൽ പരിഷ്കാരങ്ങളും പരിവർത്തനങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ മദ്രാസ് പ്രവിശ്യയിലെ ഒരു ജില്ലയായിരുന്ന ബ്രിട്ടീഷ് മലബാറിൽ കേന്ദ്ര നിയമമാണ് ബാധകമാക്കിയിരുന്നത്.

ശ്രീമൂലം തിരുനാളിന്റെ മരണത്തെത്തുടർന്ന് റീജന്റായി ഭരണം നിർവ്വഹിച്ച സേതു ലക്ഷ്മിഭായി ശ്രീമൂലം പ്രജാസഭയിലും തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നു. അക്കാലത്താണ് ഡോ.മേരി പുന്നൻ ലൂക്കോസ് നിയമസഭാംഗമാകുന്നത്. ബ്രിട്ടനിൽ പോലും സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കാതിരുന്ന കാലത്താണ് തിരുവിതാംകൂറിൽ ഒരു വനിത നിയമനിർമ്മാണ സമിതി അംഗമാകുന്നത്. ഇന്ത്യൻ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ അംഗമായ ആദ്യ വനിതയും ഡോ.മേരി പുന്നൻ ലൂക്കോസാണ്.

സേതു ലക്ഷ്മിഭായി

ഡോ. മേരി പുന്നൻ ലൂക്കോസ്

1931 ൽ തിരുവിതാംകൂറിൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ അധികാരമേൽക്കുകയും 1932 ൽ നിയമസഭ പരിഷ്കരിക്കുകയും ചെയ്തു. ബ്രിട്ടീഷ് പാർലമെന്റിനോട് വിദൂര സാദൃശ്യമുണ്ടായിരുന്ന ശ്രീമൂലം പ്രജാസഭയെന്ന അധോ മണ്ഡലവും ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിലെന്ന ഉപരി മണ്ഡലവുമായി ദ്വിമണ്ഡല സംവിധാനം 1933 ജനുവരി 1 ന് നിലവിൽ വന്നു. ഈ രണ്ട് സഭകളുടെയും അധ്യക്ഷൻ ദിവാനായിരുന്നു. എന്നാൽ കരം തീരുവ സ്ഥാനാർത്ഥികളുടെ അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചതിനാൽ ഈഴവർ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നീ വിഭാഗങ്ങൾക്ക് നിയമനിർമ്മാണ സഭകളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. അക്കാരണത്താൽ സംയുക്ത രാഷ്ട്രീയ സമിതി എന്ന പുതിയ സംഘടന അവർ രൂപീകരിക്കുകയും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. 1932 ഡിസംബർ 17 ന് തിരുവനന്തപുരത്ത് ഒത്തുകൂടിയ സംയുക്ത രാഷ്ട്രീയ സമിതി നേതാക്കൾ തങ്ങളുടെ ആവശ്യങ്ങൾക്കൊള്ളുന്ന ഒരു മെമ്മോറിയൽ ഭരണകൂടത്തിന് സമർപ്പിച്ചു. എന്നാൽ അതിലെ ആവശ്യങ്ങളോടുള്ള ഗവൺമെന്റിന്റെ പ്രതികരണം നിരാശാജനകമായിരുന്നു. 1933 ജനുവരി 25 ന് ഇ. ജെ. ജോണിന്റെ അധ്യക്ഷതയിൽ സമിതി യോഗം ചേരുകയും 1932 ലെ ലെജിസ്ലേറ്റീവ് റിഫോംസ് ആക്ട് പ്രകാരം നടക്കുന്ന തെരഞ്ഞെടുപ്പിൽ നിന്ന് ഈഴവ, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ വിട്ടുനിൽക്കാൻ തീരുമാനിക്കുകയും ചെയ്തു. സുപ്രധാനമായ ഈ തീരുമാനമാണ് നിവർത്തന പ്രക്ഷോഭത്തിന് വഴിവച്ചത്. സംയുക്ത രാഷ്ട്രീയ സമിതി 'അഖില തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ കോൺഗ്രസ്' എന്ന പുതിയ പേര് സ്വീകരിക്കുകയും സംയുക്ത രാഷ്ട്രീയ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രക്ഷോഭങ്ങൾ ശക്തിയാർജ്ജിക്കുകയും ചെയ്തു.

ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ

(തുടരും....)

തയ്യാറാക്കിയത്:
രാഖി കെ.വി.,
സെക്ഷൻ ഓഫീസർ

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ഇന്ത്യ റീജിയണൽ കോൺഫറൻസ്

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ഇന്ത്യ റീജിയന്റെ ഒൻപതാമത് സമ്മേളനം രാജസ്ഥാനിലെ ഉദയ്പൂരിൽ 2023 ആഗസ്റ്റ് 21, 22 തീയതികളിൽ നടന്നു. നിയമസഭാ സെക്രട്ടറി എ.എം.ബഷീർ കോൺഫറൻസിൽ കേരള നിയമസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. സഭാധ്യക്ഷൻമാർക്ക് ഫലപ്രദമായും സുഗമമായും സഭാ നടപടികൾ നടത്തിക്കുന്നതിനും ജനങ്ങളുടെ ആശയാഭിലാഷങ്ങൾ നിറവേറ്റുന്ന തരത്തിൽ നിയമനിർമ്മാണ പ്രക്രിയ പൂർത്തീകരിക്കുന്നതിനും നിയമസഭാ സെക്രട്ടറിമാർ നൽകുന്ന നേതൃത്വത്തെയും നിർദ്ദേശങ്ങളെയും കുറിച്ചും നിയമസഭാ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറ്റുന്നതിനായി സ്വീകരിക്കേണ്ട നൂതന ആശയങ്ങളെക്കുറിച്ചും കോൺഫറൻസിൽ വിശദമായ ചർച്ച നടന്നു.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികർ

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ജനറൽ കൗൺസിലിലേക്ക് മൂന്ന് നിയമസഭാ സാമാജികരെ തെരഞ്ഞെടുത്തു. യു.എ.ലത്തീഫ്, കെ.പ്രേംകുമാർ, വി.ആർ.സുനിൽ കുമാർ എന്നീ സാമാജികരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

യു.എ.ലത്തീഫ്, എം.എൽ.എ

കെ.പ്രേംകുമാർ, എം.എൽ.എ

വി.ആർ.സുനിൽ കുമാർ,എം.എൽ.എ

വേർപാട്

ആനത്തലവട്ടം ആനന്ദൻ, മുൻ നിയമസഭാംഗം

മുൻ എം.എൽ.എ. ആനത്തലവട്ടം ആനന്ദൻ (86) 2023 ഒക്ടോബർ 5 ന് അന്തരിച്ചു, വർക്കല ചിലക്കൂരിൽ 1937 ഏപ്രിൽ 22 ന് ജനിച്ച അദ്ദേഹം സ്കൂൾ പഠന കാലത്ത് തന്നെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1956 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ അദ്ദേഹം 1987, 1996, 2006 എന്നീ വർഷങ്ങളിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. സി.പി.ഐ (എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ്, ദേശീയ വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. ട്രാവൻകൂർ കയർ തൊഴിലാളി യൂണിയന്റെയും കേരള കയർ വർക്കേഴ്സ് സെന്ററിന്റെയും സംസ്ഥാന ഭാരവാഹിയായും ചുമതല വഹിച്ചിട്ടുണ്ട്. കയർ തൊഴിലാളികളുടെ വേതനവർധനക്കുള്ള ഒരണ സമരത്തിലും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നിരവധി സമരങ്ങളിലും നേതൃത്വം നൽകിയ അദ്ദേഹം അടിയന്തരാവസ്ഥക്കാലത്ത് രണ്ട് മാസം ജയിൽവാസവും അനുഭവിച്ചിട്ടുണ്ട്.

കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (1989-91), പരിസ്ഥിതി സംബന്ധിച്ച സമിതി (2000-01), എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-11) എന്നിവയുടെ ചെയർമാനായിരുന്ന ആനത്തലവട്ടം ആനന്ദൻ 1979 മുതൽ 1984 വരെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കയർഫെഡ് ചെയർമാൻ, കയർ ബോർഡ് വൈസ് ചെയർമാൻ, 2008 ൽ കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച കമ്മീഷൻ അധ്യക്ഷൻ, മോട്ടോർ തൊഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളികൾ തുടങ്ങി അസംഘടിത മേഖലകളിലെ നിരവധി സംഘടനകളുടെ നേതാവ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ലൈല, രണ്ട് മക്കൾ.

എം.കെ.പ്രേംനാഥ്, മുൻ നിയമസഭാംഗം

വടകര മുൻ എം.എൽ.എ.യും എൽ.ജെ.ഡി. സംസ്ഥാന വൈസ് പ്രസിഡന്റുമായ എം.കെ.പ്രേംനാഥ് (74) 2023 സെപ്റ്റംബർ 29 ന് അന്തരിച്ചു. സോഷ്യലിസ്റ്റ് വിദ്യാർത്ഥി സംഘടനയായ ഐ.എസ്.ഒ. യിലൂടെ പൊതുരംഗത്ത് സജീവമായ അദ്ദേഹം അതിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു. അടിയന്തരാവസ്ഥക്കെതിരെ സമരത്തിൽ പങ്കെടുത്തതിന് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 2006 ൽ വടകര മണ്ഡലത്തെ പ്രതിനിധീകരിച്ച് ജനതാദൾ(എസ്) ലൂടെ എൽ.ഡി.എഫ്. അംഗമായാണ് നിയമസഭയിലെത്തിയത്.

യുവ ജനതാദൾ സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, അഖിലേന്ത്യാ കമ്മിറ്റി അംഗം, ജനതാദൾ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, ദേശീയ കമ്മിറ്റി അംഗം, സ്വതന്ത്രഭൂമി മാസികയുടെ എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 'സ്വാതന്ത്ര്യം തന്നെ അമൃതം' എന്ന പുസ്തകം രചിച്ചിട്ടുണ്ട്.

ഭാര്യ പരേതയായ പ്രഭാവതി. ഒരു മകളുണ്ട്.

ഇതരസഭാ വാർത്തകൾ

പ്രമീള മല്ലിക്ക് ഒഡീഷയിലെ ആദ്യ വനിതാ നിയമസഭാ സ്പീക്കർ

ഒഡീഷയിൽ റവന്യൂ-ദുരന്ത നിവാരണ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന മന്ത്രി പ്രമീള മല്ലിക്കിനെ ആദ്യ വനിതാ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തു. സ്പീക്കറായിരുന്ന ബിക്രം കേസരി അരുഖ ധനകാര്യ മന്ത്രിയായി ചുമതലയേറ്റ ഒഴിവിലേക്കായിരുന്നു പ്രമീള മല്ലിക്കിനെ തെരഞ്ഞെടുത്തത്. പ്രതിപക്ഷ കക്ഷികളായ ബി.ജെ.പി.യും കോൺഗ്രസ്സും സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കാൻ സ്ഥാനാർത്ഥികളെ നിർത്താത്തതിനാൽ എതിരില്ലാതെയാണ് ബി.ജെ.ഡി. അംഗമായ പ്രമീളയെ തെരഞ്ഞെടുത്തത്. 1990 ൽ ജനതാദൾ എം.എൽ.എ. യായി തെരഞ്ഞെടുക്കപ്പെട്ട മല്ലിക്ക് പിന്നീട് ബി.ജെ.ഡി.യിലേക്ക് മാറുകയും 2000 മുതൽ തുടർച്ചായി അഞ്ച് തവണ തെരഞ്ഞെടുക്കപ്പെടുകയുമായിരുന്നു. 2004 മുതൽ 2011 വരെ വനിത ശിശു വികസന മന്ത്രിയായും 2019 മുതൽ 2022 വരെ ഗവൺമെന്റ് ചീഫ് വിപ്പായും പ്രവർത്തിച്ചിട്ടുണ്ട്.

ഏക സിവിൽ കോഡിനെതിരെ പ്രമേയം പാസാക്കി കേരള നിയമസഭ

ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പ്രമേയം പാസാക്കി കേരള നിയമസഭ. പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ 2023 ആഗസ്റ്റ് 8 നാണ് സഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയത്. ഏകപക്ഷീയവും ധൃതിപിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്നും ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നതെന്നും കോടതിക്ക് പോലും നിർബന്ധിതമായി നടപ്പാക്കണം എന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44 ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ എന്നിരിക്കെ ഭരണഘടനയുടെ 25 ാം അനുച്ഛേദം ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാവുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയം ചൂണ്ടിക്കാട്ടുന്നു. ആശയസംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഏകപക്ഷീയ നീക്കവുമായി മുന്നോട്ട് വന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നുവെന്നും കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നുവെന്നും ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്നും രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകൾ എന്നും പ്രമേയം വിലയിരുത്തി. രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയത്തിൽ ഏതു നീക്കം നടത്തുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും പ്രമേയം ആവശ്യപ്പെട്ടു.

കേരള നിയമസഭയ്ക്ക് പുറമേ നാഗാലാന്റ് നിയമസഭയും ഏക സിവിൽ കോഡിനെതിരെ പ്രമേയം പാസാക്കിയിരുന്നു. ഏക സിവിൽ കോഡ് നടപ്പിലാക്കുന്നതിൽ നിന്നും സംസ്ഥാനത്തിന് ഇളവ് നൽകണമെന്ന് നാഗലാന്റ് നിയമസഭ പാസാക്കിയ പ്രമേയം ആവശ്യപ്പെട്ടു. ഏക സിവിൽ കോഡ് നാഗാ ആചാര നിയമങ്ങൾക്കും സാമൂഹികവും മതപരവുമായ ആചാരങ്ങൾക്കും ഭീഷണിയാവുമെന്നും പ്രമേയം വ്യക്തമാക്കി. ഈ വിഷയത്തിൽ ഗോത്രവിഭാഗങ്ങളുടെയും മറ്റ് പാർട്ടികളുടേയും അഭിപ്രായം തേടിയിരുന്നതായി നാഗാലാന്റ് മുഖ്യമന്ത്രി നെഫ്യൂ റിയോ അറിയിച്ചു.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...

വിക്രം സാരാഭായി റോക്കറ്റിൽ ഒരു ജീവിതം

വി.പി. ബാലഗംഗാധരൻ & എ. പ്രഭാകരൻ

ജി.വി. ബുക്സ് : തലശ്ശേരി, 2021.

C9B2wVIK 32R1

(ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ പിതാവായ വിക്രം സാരാഭായിയുടെ ജീവിതവും ശാസ്ത്ര സംഭാവനകളും വിശദീകരിക്കുന്ന ഗ്രന്ഥം.)



മഹാമാരി സാഹിത്യത്തിലൂടെ

ഡോ. ബി. ഇക്ബാൽ

മാക്ബെത്ത് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.

O_3(Y:4354) 32 R2

(ജീവിതത്തിന്റെ വിവിധ തലങ്ങളിൽ മഹാമാരികൾ സൃഷ്ടിച്ച ചലനങ്ങൾ പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികളും ചിത്രങ്ങളും അടങ്ങിയ പാൻഡമിക് സാഹിത്യത്തെ കുറിച്ചുള്ള പഠനം.)



NEGOTIATING SOCIAL SPACE IN MODERN KERALA

Essays in Honour of Dr. P.F. Gopakumar.

Robinson Jose K., Ed.

Romanson Printing & Publishing House : Thiruvananthapuram, 2022.

V212:5 R2

(This book offers a coherent and comprehensive coverage of some of the key social movements of modern Kerala .)

റൈറ്റിങ് പാഡ്

ദിനകരൻ കൊമ്പിലാത്ത്

ജി.വി. ബുക്സ് : തലശ്ശേരി, 2021.

4w212DIN 32R1

(പത്രപ്രവർത്തകൻ എന്ന നിലയിൽ തന്റെ ചില അനുഭവങ്ങളും തനിക്ക് മുന്നിൽ വന്ന ചില വ്യക്തികളെയും ഓർത്തെടുക്കുന്ന പുസ്തകം.)



അത്ഭുതങ്ങൾ കാണും ജീവിതത്തിൽ

മധുപാൽ

മാക്ബെത്ത് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.

O32, 3MAD R2

(കഥകൾ.)



കാനത്തിന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ

കാനം രാജേന്ദ്രൻ

പ്രഭാത് ബുക്ക് ഹൗസ് : തിരുവനന്തപുരം, 2022.

W691.2 32 R2

(രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ പ്രമുഖരായ ചില വ്യക്തിത്വങ്ങളുടെ ജീവിതം, രാഷ്ട്രീയ സമീപനങ്ങൾ, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ചരിത്രം, വർത്തമാനകാല രാഷ്ട്രീയം എന്നിവ വിഷയമാകുന്ന 26 ലേഖനങ്ങളുടെ സമാഹാരം.)



വണ്ണാത്തിപ്പുഴയോരത്ത്

കൈതപ്രം ദാമോദരൻ നമ്പൂതിരി

മാക്ബെത്ത് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.

NRwDAM 32R2

(മലയാള സിനിമയിൽ കൈതപ്രം സൃഷ്ടിച്ച ഹിറ്റ് ഗാനങ്ങളുടെ പിറവിയെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥം.)



How to Win Friends & Influence People

Dale Carnegie

Arushi books : India, 2021.

S:7 R0

(This was the first book that opened up the human psych to many people and gave us a key to understand both ourselves and those around us.)

കേരളത്തിന്റെ റെയിൽവേ

ഇന്നലെ, ഇന്ന്, നാളെ

റോബിൻ ടി. വർഗീസ്

പ്രണത ബുക്സ് : കൊച്ചി, 2022.

X415.212 32 R2

(കേരളത്തിലെ ട്രെയിൻ ഗതാഗതം നേരിടുന്ന വെല്ലുവിളികൾ, ട്രെയിൻ ആവശ്യങ്ങൾ, റെയിൽവേ ടൂറിസം സാധ്യതകൾ എന്നിവ വിശദീകരിക്കുന്ന ഗ്രന്ഥം.)



The Ethics of Emerging Media

Information, Social Norms and New Media Technology

Bruce E. Drushel and Kathleen German ,Ed.

Bloomsbery Academic : New Delhi, 2014.

4(D65,49) Q4

(This book offers a rare opportunity to ask how emerging media affect the ethical choices in our lives and the lives of people across the globe.)



കേരളത്തിന്റെ വിദ്യാഭ്യാസം

കെ.പി. വാസു

മാക്ബെത്ത് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2021.

T212 32 R1

(കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നാൾ വഴികളും ഭാഷാപഠനവും വിഷയങ്ങളായ ലേഖനങ്ങളുടെ സമാഹാരം.)



MINORITIES, EDUCATION AND THE LAW

S. James Vincent

Don Bosco : Kannur, 2021.

Z2(T7) R1

(This book puts forth the views on the effectiveness of the constitutional guarantees to minorities)

വിജ്ഞാനപഥം

1. ഇന്ത്യൻ ഭരണഘടനയിൽ ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ച് പ്രതിപാദിക്കുന്ന വകുപ്പേത്?
   368 ാം വകുപ്പ്
2. ഇന്ത്യൻ ഭരണഘടന നാളിതുവരെ എത്ര തവണ ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്?
   105 തവണ
3. ഭരണഘടനാ ഭേദഗതിയുടെ നടപടിക്രമം ഇന്ത്യ കൈക്കൊണ്ടത് ഏത് രാജ്യത്തിന്റെ ഭരണഘടനയിൽ നിന്നാണ്?
   ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ നിന്ന്
4. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എത്ര തവണ ഭേദഗതി ചെയ്തിട്ടുണ്ട്?
   ഒരു തവണ 1976 ൽ (42 ാം ഭേദഗതി)



5. വിദ്യാഭ്യാസം മൗലികാവകാശമാക്കിയത് ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്?
   2002 ലെ 86 ാം ഭേദഗതിയിലൂടെ
6. വോട്ടിംഗ് പ്രായം 21 ൽ നിന്ന് 18 ആക്കി കുറച്ച ഭരണഘടനാ ഭേദഗതി ഏത്?
   1988 ലെ 61 ാം ഭേദഗതി
7. 2016 ലെ 101 ാം ഭരണഘടനാ ഭേദഗതി ഏതുമായി ബന്ധപ്പെട്ടതാണ്?
   ചരക്ക് സേവന നികുതി
8. കേരള ഭൂപരിഷ്ക്കരണ നിയമങ്ങൾക്ക് ഭരണഘടനാ സാധുത നൽകിയ ഭരണഘടനാ ഭേദഗതി ?
   1972 ലെ 29 ാം ഭേദഗതി
9. ദേശീയ പിന്നാക്ക വിഭാഗ കമ്മീഷന് ഭരണഘടനാ പദവി നൽകിയ ഭേദഗതി?
   2018 ലെ 102 ാം ഭേദഗതി
10. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിയ ഭരണഘടനാ ഭേദഗതി?
   2019 ലെ 103 ാം ഭരണഘടനാ ഭേദഗതി

സഭാ നായകരുടെ ജീവിത രേഖയിലൂടെ .....

കെ.ഒ.അയിഷാ ബായി

മുസ്ലീം നവോത്ഥാന പ്രസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചു കൊണ്ടും ഒരു യാഥാസ്ഥിതിക സമൂഹത്തിന്റെ കടുത്ത വിലക്കുകളെ അതിജീവിച്ചു കൊണ്ടും മുസ്ലീം സമുദായത്തിൽ നിന്നുള്ള ആദ്യ നിയമസഭാ സാമാജികയായും ഒന്നാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായും ചരിത്രത്താളുകളിലിടം നേടിയ വ്യക്തിയായിരുന്നു കെ.ഒ.അയിഷാ ബായി. നൂറ്റാണ്ടുകൾക്ക് മുമ്പ് കൊല്ലം ജില്ലയിലെ ക്ലാപ്പനയിലെ പ്രമുഖ ബ്രാഹ്മണ കുടുംബമായ വടശ്ശേരി ഇല്ലത്തിന്റെ പിന്തുടർച്ചയിൽ പെട്ടതാണ് അയിഷാ ബായിയുടെ കുടുംബം. ആചാരങ്ങൾ ലംഘിച്ചുകൊണ്ട് കീഴ്ജാതിക്കാരുമായി അടുത്തിടപഴകിയതിന് ഇല്ലത്ത് നിന്ന് പുറത്താക്കിയതിനെ തുടർന്ന് പുരോഗമന ചിന്ത പ്രാവർത്തികമാക്കുകയും ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്ത വ്യക്തിയുടെ പിൻതുടർച്ചക്കാരനായ കോട്ടയ്ക്കാട് തറവാട്ടിൽ ഉസ്മാൻ പിള്ളയുടെയും മാവേലിക്കര ഭരണിക്കാവ് ഇലിപ്പാക്കുളം കൈതോന വീട്ടിൽ ഫാത്തിമ കുഞ്ഞിന്റെയും മൂന്നാമത്തെ മകളായി 1926 ഒക്ടോബർ 25 ന് അയിഷാ ബായി ജനിച്ചു.

പ്രയാറിലെ കെ.പി.പ്രയാർ എൽ.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ചെയ്ത അയിഷാ ബായി രാമവർമ്മ ഷഷ്ഠി പൂർത്തി മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ തേർഡ് ഫാം (8ാം ക്ലാസ്സ്) പഠനം പൂർത്തിയാക്കി. മാവേലിക്കര കറ്റാനം പോപ് പയസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ നിന്ന് ഇ.എസ്.എസ്.എൽ.സി. യും തുടർന്ന് തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും ഇന്റർ മീഡിയറ്റും യൂണിവേഴ്സ്റ്റി കോളേജിൽ നിന്നും ബി.എ.യും പാസ്സായ അവർ എറണാകുളം ലോ കോളേജിൽ നിന്നും നിയമ ബിരുദം കരസ്ഥമാക്കിക്കൊണ്ട് കായംകുളം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലും മുൻസിഫ് കോടതിയിലും പ്രാക്ടീസ് ആരംഭിച്ചു.

വിദ്യാർത്ഥിനിയായിരിക്കെ തന്നെ രാഷ്ട്രീയ പ്രവർത്തനത്തോട് പ്രതിപത്തി കാട്ടിയ അയിഷാ ബായി 1947 ൽ സ്റ്റുഡൻസ് കോൺഗ്രസിലൂടെ സംഘടനാ പ്രവർത്തനം ആരംഭിച്ചു. പാർട്ടിക്കുവേണ്ടി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രസംഗിച്ചിരുന്ന അവർ ധാരാളം പ്രമുഖ വ്യക്തികളുമായി അടുത്ത സൗഹൃദം പുലർത്തിയിരുന്നു. കേരള നിയമസഭയുടെ ആദ്യ സ്പീക്കറായിരുന്ന ആർ.ശങ്കരനാരായണൻ തമ്പിയുടെ സഹോദരിമാരുമായി ചേർന്ന് തിരുവിതാകൂർ ഭാഗത്ത് മഹിളാ സംഘടനയ്ക്ക് രൂപം കൊടുക്കുമ്പോൾ അതിൽ അയിഷാ ബായിയും ഭാഗമായി. മഹിളാ സംഘത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച അവർ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് തിരിഞ്ഞതിനെത്തുടർന്ന് അഭിഭാഷകവൃത്തിയിൽ നിന്ന് പിന്തിരിഞ്ഞു.

1957ൽ പാർട്ടിയുടെ തീരുമാന പ്രകാരം ഒന്നാം കേരള നിയമസഭയിലേക്ക് കായംകുളം നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ചു വിജയിച്ച അയിഷാ ബായി ആദ്യ കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി. ഒന്നാം കേരള നിയമസഭയിൽ നിയമമന്ത്രിയായിരുന്ന വി.ആർ. കൃഷ്ണയ്യർ അവതരിപ്പിച്ച സ്ത്രീധന നിരോധന ബില്ലിന്റെ അവതരണവേളയിൽ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ശക്തമായ ഒരു പ്രസംഗം തന്നെ അവർ നടത്തി. 1959 ലെ വിമോചന സമരത്തെ തുടർന്ന് ഗവൺമെന്റ് പിരിച്ചു വിട്ടു. 1960 ൽ രണ്ടാം കേരള നിയമസഭയിൽ കായംകുളം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് വീണ്ടും നിയമസഭാംഗമായ അയിഷാ ബായി 1961-63 കാലയളവിൽ അഷ്വറൻസ് കമ്മിറ്റി ചെയർ പേഴ്സണായും പ്രവർത്തിച്ചിരുന്നു. രണ്ട് തവണ കായംകുളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച അവർ മണ്ഡലത്തിന്റെ വികസനത്തിനായി ധാരാളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മുതുകുളം പടിഞ്ഞാറേ കായലോരത്ത് ചിറകെട്ടി നിരവധി ഏക്കർ സ്ഥലം നെൽകൃഷിക്കായി തയ്യാറാക്കി, ഗവൺമെന്റ് ആശുപത്രി, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ, കൃഷ്ണപുരം പോളിടെക്നിക്ക് സ്കൂൾ, കോടതി സമുച്ചയം എന്നിവയുടെ വിപുലീകരണത്തിന് ആവശ്യമായ വസ്തുവകകൾ പൊന്നുംവിലയ്ക്ക് ലഭ്യമാക്കിയത് അയിഷാ ബായിയാണ്.

1965 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐ(എം) ൽ തന്നെ തുടർന്ന അയിഷാ ബായി 1965 ലെ മൂന്നാം കേരള നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും പരാജയപ്പെട്ടു. പിന്നീട് വ്യക്തിപരമായ കാരണങ്ങളാൽ താൽക്കാലികമായി സജീവ രാഷ്ട്രീയത്തിൽ നിന്നും മാറി നിന്ന അവർ ബിസിനസിലേക്ക് തിരിഞ്ഞു. ഒരിടവേളയ്ക്കുശേഷം സി.പി.ഐ. യുടെ പൊതുവേദികളിലൂടെ രാഷ്ട്രീയത്തിൽ തിരിച്ചെത്തിയ അയിഷാ ബായി അവസാനം വരെയും സി.പി.ഐ. ൽ തന്നെ തുടർന്നു.

നിയമസഭാംഗമെന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ച അയിഷാ ബായി സമാധാന ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽ അതീവ തത്പരയായിരുന്നു. നിരവധി സമാധാന സംഘങ്ങൾക്ക് രൂപം നൽകിയ അവർ കേരള മഹിളാ സംഘത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ്, കേന്ദ്ര-സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡുകളുടെ കമ്മിറ്റിയംഗം, ജയിലുകൾ സംബന്ധിച്ച വാച്ച് ഡോഗ് കമ്മിറ്റി അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1995 ൽ സജീവ രാഷ്ട്രീയത്തിൽ നിന്നും പൂർണ്ണമായി വിരമിച്ച അയിഷാ ബായി 2005 ഒക്ടോബർ 28 ന് അന്തരിച്ചു. 2006 ഫെബ്രുവരി 20 ന് കേരള നിയമസഭ അയിഷാ ബായിക്ക് അന്തിമോപചാരം അർപ്പിച്ചു.

ചിത്രജാലകം



ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും പ്രശസ്ത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനും ന്യൂ ജെഴ്സിയിൽ കണ്ടുമുട്ടിയപ്പോൾ

സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് 2023 ആഗസ്റ്റ് 15 ന് നിയമസഭാ അങ്കണത്തിൽ സ്പീക്കർ എ.എൻ.ഷംസീർ ദേശീയ പതാക ഉയർത്തുന്നു

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

നിയമസഭാ പ്രസംഗങ്ങളിലൂടെ

അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിക്കണം

2004 - 2005 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് 2004 ജൂൺ 28 ന് അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി സഭാതലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

“കേരളത്തിലെ തകർന്ന സാമ്പത്തിക സ്ഥിതിക്കു പകരം സാമ്പത്തിക രംഗത്ത് ഇത്രയേറെ വളർച്ച ഉണ്ടായെങ്കിലും തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് തിരിച്ചടിയായി. തിരിച്ചടിക്ക് കാരണം നിരവധിയാണ്. അതിനെക്കുറിച്ച് ഞാൻ ചർച്ചയ്ക്ക് മുതിരുന്നില്ല. ഏതായാലും തോൽവി തോൽവി തന്നെയാണ്. ഇത്രയേറെ നടപടികൾ ഉണ്ടാക്കിയ ഗവൺമെന്റ് തകർന്ന ഖജനാവും തകർന്ന സമ്പദ്ഘടനയുമായിട്ടാണ് അധികാരത്തിൽ വന്നത്. തെരഞ്ഞെടുപ്പിൽ ജയിച്ചില്ല എന്നുള്ളത് സത്യമാണ്. തുടക്കത്തിൽ മൂന്നുവർഷം കൊണ്ട് കേരളത്തിൽ സാമ്പത്തിക മുന്നേറ്റം ഉണ്ടായി എങ്കിലും തെരഞ്ഞെടുപ്പിൽ തോറ്റു. സാമ്പത്തിക വളർച്ച മാത്രമല്ല തെരഞ്ഞെടുപ്പ് വിജയത്തിന്റെ അടിസ്ഥാനം. വികസനം മാത്രമല്ല തെരഞ്ഞെടുപ്പ് വിജയത്തിന്റെ അടിസ്ഥാനം. തെരഞ്ഞെടുപ്പ് കാലത്ത് വളർന്നു വരുന്ന അന്തരീക്ഷം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഞങ്ങൾ അതേക്കുറിച്ച് ബോധവാന്മാരാണ്. ഇത്രയൊക്കെ നേട്ടങ്ങൾ ഉണ്ടായി എങ്കിലും ജനവിധി ഞങ്ങൾക്ക് എതിരാണ്. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വീണ്ടും എല്ലാ കാര്യങ്ങളും ഒരിക്കൽക്കൂടി പരിശോധിക്കുകയാണ്. ജനങ്ങൾ നൽകിയ താക്കീത് അതിന്റെ എല്ലാ ഗൗരവത്തോടും കൂടി ഞങ്ങൾ പരിശോധിക്കുകയാണ്. തിരുത്തേണ്ട നയങ്ങൾ തിരുത്താൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. തിരുത്തേണ്ട നിലപാടുകൾ തിരുത്തി. കാരണം, ജനകീയ കോടതിയുടെ തീർപ്പിനെ മാനിച്ചുകൊണ്ട് മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. അതുപോലെ കേന്ദ്രത്തിൽ പുതിയതായി വന്ന ഗവൺമെന്റിന്റെ നയങ്ങൾക്ക് സമാനമായി കേരള ഗവൺമെന്റിന്റെ നയങ്ങൾ പരിഷ്ക്കരിക്കുവാനും അതിന് മാറ്റം വരുത്തുവാനും ഞങ്ങൾ ആഗ്രഹിക്കുകയാണ്.

കാർഷിക മേഖലയിലാണ് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മുൻഗണന നൽകുവാൻ കേന്ദ്രം ആഗ്രഹിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ കാര്യങ്ങളാൽ സംസ്ഥാന വരുമാനത്തിന്റെ ഭൂരിപക്ഷവും മറ്റ് മേഖലകൾക്കാണ് ചെലവാക്കിക്കൊണ്ടിരിക്കുന്നത്. അത് പെട്ടെന്ന് മാറ്റിയെടുക്കാൻ സാധ്യമല്ല. പക്ഷെ ഇനിയുള്ള കാലങ്ങളിൽ കാർഷിക മേഖലയ്ക്ക് വേഗത്തിൽ വളർച്ചയുണ്ടാക്കാൻ പറ്റുന്ന രീതിയിൽ ആ മേഖലയ്ക്ക് കൂടുതൽ മുൻഗണന കൊടുക്കുവാൻ ആഗ്രഹിക്കുന്നു. കൃഷിക്കാരന്റെ പ്രയാസങ്ങൾ പരിഹരിക്കാനും കാർഷിക കടങ്ങളിൽ നിന്നും കൃഷിക്കാരനെ രക്ഷിക്കാനുള്ള കാര്യങ്ങൾ ആലോചിക്കാനും ഗവൺമെന്റ് പുതിയ പരിപാടി ആവിഷ്ക്കരിക്കാൻ ശ്രമിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിനോടും സഹായത്തിന് എത്തുവാൻ ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. വരുന്ന കേന്ദ്ര ബഡ്ജറ്റിൽ ഈ വഴിക്കുള്ള ചില നീക്കങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങൾക്ക് കേരളത്തിലെ വ്യവസായവൽക്കരണം അത്യാവശ്യമാണ്. പുതിയ വ്യവസായങ്ങൾ ഉണ്ടാകണം. പക്ഷെ പുതിയ വ്യവസായങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ അതിനേക്കാൾ ലക്ഷങ്ങൾക്ക് ജോലി നൽകുന്ന പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രത്യേകമായ പരിഗണന നൽകണം എന്നുള്ളത് യാഥാർത്ഥ്യമാണ്. പരമ്പരാഗത മേഖലയ്ക്കും കയർ മേഖലയ്ക്കും കൈത്തറി മേഖലയ്ക്കും കശുവണ്ടി മേഖലയ്ക്കും ഖാദി മേഖലയ്ക്കും കഴിഞ്ഞ കാലങ്ങളിൽ നൽകിയതിനേക്കാൾ കൂടുതൽ ഊന്നൽ നൽകാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ തീരദേശങ്ങളെക്കുറിച്ച് പല സുഹൃത്തുക്കളും ഇന്ന് രാവിലെ ഇവിടെ സൂചിപ്പിച്ചതാണ്. തീരദേശം ഏറ്റവും ദാരിദ്ര്യമുള്ള പ്രദേശമാണ്. പ്രത്യേകിച്ചും കേന്ദ്ര ഗവൺമെന്റിന്റെ ആഴക്കടൽ മൽസ്യബന്ധനനയം വന്നതിനുശേഷം വിദേശ ട്രോളറുകൾ അനിയന്ത്രിതമായി ആഴക്കടൽ മൽസ്യബന്ധനത്തിൽ ഏർപ്പെടാൻ തുടങ്ങിയതിനുശേഷം തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികൾ ഭൂരിപക്ഷവും പട്ടിണിയിലാകുന്നു. മുരാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് പലവട്ടം പറഞ്ഞെങ്കിലും അത് നടപ്പാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾ മാത്രമല്ല, കയർ തൊഴിലാളികൾ അടക്കമുള്ള തീരദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആ പ്രദേശത്തെ ക്ഷേമത്തിനുവേണ്ടി കൂടുതൽ പരിപാടികൾ നടപ്പിലാക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതോടൊപ്പം അടുത്ത രണ്ടുവർഷക്കാലം ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുകയാണ്. അതുപോലെ കുടിവെള്ളം, സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ഇവയൊക്കെ. കേരളത്തിൽ ധാരാളം സർക്കാർ ആശുപത്രികൾ വരുന്നു. പക്ഷേ ആശുപത്രികളിൽ പോകാൻ എല്ലാവർക്കും സാധ്യമല്ല. സർക്കാർ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഈ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ അടുത്ത പത്തിരുപത്തിരണ്ട് മാസം കൊണ്ട് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രിവരെയുള്ള ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി 1200 പേരെ ഒറ്റയടിക്ക് എടുത്തിട്ടുണ്ട്. ഡോക്ടർമാരെ അടക്കം സർക്കാർ ആശുപത്രികളിൽ നിയമിക്കുവാൻ കഴിഞ്ഞ മന്ത്രിസഭ തീരുമാനമെടുത്തു. അതുപോലെ ഗവൺമെന്റ് സ്കൂളുകൾ, ഗവൺമെന്റ് കോളേജുകൾ, ഗവൺമെന്റ് പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ടീച്ചിംഗ് സൗകര്യത്തിനുള്ള നടപടികളും ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുകയാണ്. പല ഭരണ പരിഷ്കാരത്തിനും ഇനിയും കൂടുതൽ മുൻതൂക്കം കൊടുക്കാൻ ഉദ്ദേശിക്കുകയാണ്. മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം അനുസരിച്ച് കഴിഞ്ഞ കാലത്തെപ്പോലുള്ള ഊന്നൽ, ചില മേഖലകളിൽ അതിനെക്കാൾ കൂടുതൽ ഊന്നൽ നൽകുകയാണ്. ചില മേഖലകളിൽ നാം തുടരുന്ന നയങ്ങളിൽ പുറകോട്ട് പോകുന്നതല്ല. വ്യവസായ രംഗത്തെ വളർച്ചയ്ക്കു വേണ്ടി, ഐ.ടി. രംഗത്തെ വളർച്ചയ്ക്കുവേണ്ടി, ടൂറിസം രംഗത്തെ വളർച്ചയ്ക്കു വേണ്ടി, ഭരണ നവീകരണത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നു. അങ്ങനെ സി.എം.പി.യുടെ അടിസ്ഥാന നയത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ഗവൺമെന്റ് ഇതുവരെ തുടർന്ന നയങ്ങൾ ഒന്നു കൂടി പുനഃപരിശോധിച്ച്, കേന്ദ്രത്തിലെ ഗവൺമെന്റിന്റെ നയങ്ങൾക്ക് സമാനമായ നിലയിൽതന്നെ മുന്നോട്ട് കൊണ്ടുപോകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

മെമ്മോറാണ്ടത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം വളരെ വിശദമായി എല്ലാ മേഖലയും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം വേഗം കൊടുക്കണമെന്ന് തോന്നി. എല്ലാ ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിച്ച്, വളരെ വിശദമായി പഠിച്ചാണ് തയ്യാറാക്കിയത്. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനെക്കുറിച്ച് ജോർജ്ജ് മാസ്റ്റർക്കുള്ള അഭിപ്രായമല്ല എനിക്കുള്ളത്. കേരളത്തിലെ ഒരു അസറ്റ് ആണെന്നാണ് എന്റെ അഭിപ്രായം. എന്റെ സുഹൃത്താണ് ഈ പരാമർശം നടത്തിയതെങ്കിലും ആ പരാമർശത്തോട് എനിക്ക് യോജിപ്പില്ല. പ്ലാനിംഗ് ബോർഡ് വളരെ ഗൃഹപാഠം നടത്തി, ഡിപ്പാർട്ടുമെന്റുകളുടെയെല്ലാം സഹകരണത്തോടുകൂടിയാണ് ഞങ്ങൾ മെമ്മോറാണ്ടം തയ്യാറാക്കിയത്. ഡൽഹിയിൽ ഏതോ സംഘടനാ കാര്യങ്ങൾക്ക് പോയ വഴിക്ക് അവിടെയിരുന്ന് എഴുതി തയ്യാറാക്കി എന്ന് ലാഘവബുദ്ധിയോടെ പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. പ്രധാനമന്ത്രിക്ക് കൊടുത്ത മെമ്മോറാണ്ടം ഇവിടെ പ്രസ്സിൽ അച്ചടിച്ചതാണ്. രണ്ട് മൂന്ന് ആഴ്ചയ്ക്കകം ഇവിടെ രണ്ട് ക്യാബിനറ്റിൽ ചർച്ചചെയ്ത്, എല്ലാ വകുപ്പ് അധ്യക്ഷൻമാരും ഉദ്യോഗസ്ഥൻമാരും ഡിപ്പാർട്ടുമെന്റ് സെക്രട്ടറിമാരും മന്ത്രിമാരും പ്ലാനിംഗ് ബോർഡും എല്ലാം ചർച്ച ചെയ്ത്, രണ്ട് മൂന്ന് ആഴ്ച ഗൃഹപാഠം നടത്തി തയ്യാറാക്കിയതാണ് പ്രധാനമന്ത്രിക്ക് കൊടുത്തതും ധനകാര്യവകുപ്പ് മന്ത്രിക്ക് കൊടുത്തതും, അതുപോലെ റെയിൽവേ മന്ത്രിക്ക് കൊടുത്തതും എല്ലാം. ഇത്രയുമൊക്കെ ചെയ്തിട്ട് ഡൽഹിയിൽ കേരള ഹൗസിലിരുന്ന് എഴുതിയതാണെന്ന് പറഞ്ഞത് വളരെ ക്രൂരമായിപ്പോയി. എന്നാലും വിജയത്തിന്റെ ഒരു ലഹരിയിൽ പറയുന്ന പരാമർശം ആയതുകൊണ്ട് എനിക്ക് അതിൽ പരിഭവമില്ല. വിജയത്തിനിടയിലും സമനില പാലിക്കുന്നതാണ് പക്വമതികൾക്ക് കുറച്ചുകൂടി നല്ലത് എന്നാണ് എനിക്ക് പറയാനുള്ളത്. അത് അത്ര ശരിയായില്ല.

ഏതായാലും കേന്ദ്ര ഗവൺമെന്റിനെ മുന്നോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ ഇടതുപക്ഷ പാർട്ടികൾ നൽകുന്ന പിന്തുണ സ്വാഗതാർഹമാണ്. ഇന്നത്തെ ഇൻഡ്യൻ സാഹചര്യത്തിൽ ഏതെങ്കിലും ഒരു പാർട്ടിക്കുമാത്രമായി കേന്ദ്രം ഭരിക്കാൻ സാധിക്കുന്ന ഒരു സ്ഥിതിയല്ല. കേന്ദ്രത്തിൽ ബി.ജെ.പി.യുടെ ഭരണം അവസാനിപ്പിക്കുന്ന കാര്യത്തിൽ ഇടതുപക്ഷ പാർട്ടികൾ നൽകിയ സഹായം സ്വീകാര്യമാണ്. കേരളത്തിലും ബംഗാളിലും ത്രിപുരയിലുമാണ് ഇടതുപക്ഷ പാർട്ടികൾക്ക് കൂടുതൽ സീറ്റ് കിട്ടിയത്. ബി.ജെ.പി.യെ തോൽപ്പിച്ച് സീറ്റുകൾ നേടിയത് കോൺഗ്രസ് തന്നെയാണ്. അതുപോലെ ലാലു പ്രസാദും ഡി.എം.കെ.യുമൊക്കെയാണ് ബി.ജെ.പി.യെ നേരിട്ട് തോൽപ്പിച്ചത്. കോൺഗ്രസ്സിനേയും യു.ഡി.എഫിനേയും തോൽപ്പിച്ചാണ് ഇടതുപക്ഷത്തിന് കൂടുതൽ സീറ്റ് കിട്ടിയത് എങ്കിലും ഈ സീറ്റ് കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണയ്ക്കായി കിട്ടിയതുകൊണ്ട് സ്വാഗതാർഹം തന്നെയാണ്. ഞങ്ങൾക്ക് പകരം നിങ്ങൾ പോയത് കുഴപ്പമുള്ള കാര്യമല്ല. കേന്ദ്ര ഗവൺമെന്റിനെ മുന്നോട്ടു നയിക്കുന്ന കാര്യത്തിൽ ഞങ്ങളുടെ പാർട്ടികളെപ്പോലെതന്നെ നിങ്ങളും പിന്തുണയ്ക്കും എന്നു പറഞ്ഞത് നല്ലതാണ്. പക്ഷേ ഭജനം മൂത്ത് ഊരാൺമയാകരുത്. കേന്ദ്ര ഗവൺമെന്റിനെ പിന്തുണച്ചോ, കോൺഗ്രസിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ടാൽ ആ കളി അപകടമാണ്. അത് അനുവദിക്കില്ല. അത് വേണ്ട. കേന്ദ്ര ഗവൺമെന്റിനെ പിന്താങ്ങുന്നതിന്റെ പേരിൽ കോൺഗ്രസിനകത്തു നടക്കുന്ന കാര്യങ്ങളിൽ മാർക്കിടാനും ആളെ നിശ്ചയിക്കാനും പുറപ്പെട്ടാൽ ആ കളി അനുവദിക്കില്ല എന്ന് ഞാൻ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ബാക്കി കാര്യങ്ങളിൽ നിങ്ങളുടെ സഹകരണം നല്ലതാണ്. ഏതായാലും പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്ന് കൂടുതൽ ആനുകൂല്യങ്ങൾ വാങ്ങുന്ന കാര്യത്തിൽ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം, ഇത്തവണ രണ്ടായിട്ട് മെമ്മോറാണ്ടം കൊടുക്കേണ്ടി വന്നെങ്കിലും അടുത്ത പ്രാവശ്യം നമുക്ക് ഒരുമിച്ചുതന്നെ പോകാം. അപ്പോൾ നിങ്ങൾ വന്നാൽ മതി. നിങ്ങൾ പറയുന്നതു തന്നെ ഉൾപ്പെടുത്തണമെന്ന് ശഠിക്കാതിരുന്നാൽ മതി. നമുക്ക് പരസ്പരം ആലോചിച്ച് ഇനി ആവശ്യം വരുന്ന അവസരത്തിൽ കേരളത്തിന്റെ കാര്യങ്ങൾ, അവകാശങ്ങൾ നേടുന്നതിനുവേണ്ടി ഒന്നായിട്ടു തന്നെ പോകാം. ഡൽഹിയിൽ നിങ്ങളെക്കൂടി കൊണ്ടുപോകുന്നതിൽ യാതൊരു മടിയുമില്ല. ഞങ്ങളുടെ ഗവൺമെന്റിനെ പിന്താങ്ങുന്നവർ ഡൽഹിയിൽ വരുന്നതിന് എന്താണ് മടി. ഒരു വിരോധവും ഇല്ല. ഒരുമിച്ച് പോകാം. നമുക്ക് ഒരുമിച്ചിരുന്നുകൊണ്ട് ആരോഗ്യകരമായ മത്സരത്തിൽ കൂടി കേന്ദ്രത്തിൽ നിന്ന് കേരളത്തിന് കൂടുതൽ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കാവുന്നതാണ് എന്നാണ് എനിക്ക് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. അടുത്തപ്രാവശ്യം നമുക്ക് ഒരുമിച്ചു തന്നെ പോകാം. രാജേന്ദ്രാ, രാജേന്ദ്രനും തീർച്ചയായിട്ടും വരണം. അതുകൊണ്ട് കുഴപ്പമുള്ള കാര്യമല്ല. പണ്ടത്തെക്കാൾ സി.പി.ഐ.ക്ക് അൽപ്പഭേദം അവിടെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്കൂടി വരുന്നത് നല്ല കാര്യമാണ് എന്നാണെന്റെ അഭിപ്രായം.

ഏതായാലും പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചക്കിടയിൽ ഞാൻ പ്രതീക്ഷിച്ചത്ര കട്ടിയായ വിമർശനമൊന്നും ഉണ്ടായില്ല. ഒരുപക്ഷേ ദേശീയരംഗത്തുവന്ന മാറ്റത്തിന്റെ പ്രതിഫലനം കൊണ്ടായിരിക്കാം. നിങ്ങളുടെയെല്ലാം

ശേഷം 17-ാം പേജിൽ

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

സമൂഹത്തിലെ നാനാതുറകളിലുള്ള ജനങ്ങളുടേയും സാധാരണ ജീവിതക്രമത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ കേരള നിയമസഭയിൽ നടന്നത്. അവയിൽ പൂർണ്ണമായും ജനസൗഹൃദ നിയമങ്ങൾ ഏത്, അല്ലാത്തവ ഏത് എന്ന് വേർതിരിക്കുക ശ്രമകരമായ പ്രവൃത്തിയാണെങ്കിലും ഒട്ടുമിക്ക നിയമങ്ങളും പ്രഥമദൃഷ്ട്യാ അതിന്റെ ദൗത്യം പ്രകടമാക്കുന്നവ തന്നെയാണ്.

പല കാരണങ്ങളാൽ ക്ഷയിച്ചുവരുന്ന സംസ്ഥാനത്തെ വനമേഖലയെ സംരക്ഷിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ മാറിമാറി വന്നിരുന്ന സർക്കാരുകൾ നടത്തിയിരുന്നു. അതിന്റെ ഭാഗമായി നിരവധി നിയമങ്ങളും കേരള നിയമസഭയിൽ നിർമ്മിക്കപ്പെട്ടു. അത്തരം നിയമങ്ങൾ കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നവ ആകയാൽ കേരള നിയമസഭ പാസ്സാക്കിയ ജനസൗഹൃദ നിയമങ്ങളുടെ പട്ടികയിൽ ഈ നിയമങ്ങളേയും ഉൾപ്പെടുത്താവുന്നതാണ്. അത്തരത്തിൽപ്പെട്ട ഏതാനും വനസൗഹൃദ നിയമങ്ങളെപ്പറ്റിക്കൂടി ഒരു പരിശോധന നടത്തുന്നത് ഉചിതമായിരിക്കുമെന്നാണ് കാണുന്നത്.

1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് (1986 ലെ 35 ാമത് നിയമം)

സംസ്ഥാനം നേരിട്ടുവരുന്ന അനിയന്ത്രിതമായ വനനശീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന മണ്ണൊലിപ്പ്, മലയിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയെക്കുറിച്ചും അതുമൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതത്തെക്കുറിച്ചും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ അന്ന് വനം വകുപ്പുമന്ത്രിയായിരുന്ന കെ.പി. നൂറുദ്ദീൻ 1985 സെപ്റ്റംബർ 24 ാം തീയതി സഭയിൽ അവതരിപ്പിച്ച ഈ ബിൽ 1986 ഒക്ടോബർ 22 ാം തീയതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും നവംബർ 18 ാം തീയതി സഭ പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ഈ ബില്ലിന് 1986 ഡിസംബർ 1 ാം തീയതി രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.

അനധികൃതവും നിയന്ത്രണാതീതവുമായ വനനശീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന വനസമ്പത്തിന്റെ ശോഷണം, അടിക്കടിയുണ്ടാകുന്ന മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഇതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കം, മലമ്പ്രദേശങ്ങളിൽ അനിയന്ത്രിതമായ വൃക്ഷം മുറിക്കൽ എന്നിവയിൽ നിയന്ത്രണം ഏർപ്പെടുത്തുക എന്നതും ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു.

ഈ നിയമപ്രകാരം സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ അനുവാദം ഇല്ലാതെ ഒരു വ്യക്തിയും വൃക്ഷം മുറിക്കുവാനോ പിഴുതെടുക്കുവാനോ അഗ്നിക്കിരയാക്കുവാനോ പാടുള്ളതല്ല. എന്നാൽ, ഒരു വൃക്ഷം, ജീവനോ സ്വത്തിനോ ഭീഷണിയായി നിലകൊള്ളുകയോ അസുഖം ബാധിച്ച അവസ്ഥയിലായിരിക്കുകയോ ചെയ്യുന്നപക്ഷം സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് ആ വൃക്ഷം മുറിച്ചുമാറ്റാനുള്ള ഉത്തരവ് നൽകാവുന്നതാണ്.

ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഏത് പ്രദേശത്തും ഏത് സമയത്തും കടന്നുചെല്ലാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. കൂടാതെ, മേൽ പ്രതിപാദിക്കുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തടിയും മറ്റു സാധന സാമഗ്രികളും പിടിച്ചെടുക്കുന്നതിനുള്ള അധികാരം സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ ഫോറസ്റ്റർ പദവിക്ക് താഴെയല്ലാത്ത വനംവകുപ്പിലെ ഒരു ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതുമാണ്. ഈ നിയമത്തിലെ വകുപ്പ് 2(ഇ)യിൽ നിർവ്വചിച്ചിരുന്ന ചന്ദനം, തേക്ക് തുടങ്ങിയ പത്ത് വർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിന് നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു.

എന്നാൽ മരം മുറിക്കുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ വന്ന ഒരു കേസിൽ മരം മുറിക്കുന്നതിന് പൂർണ്ണനിരോധനം ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ, പ്രത്യേകിച്ച് വയനാട് ജില്ലയിലെ തടിയെ അടിസ്ഥാനപ്പെടുത്തി നടത്തിവന്നിരുന്ന എല്ലാ പ്രവർത്തനങ്ങളും വ്യവസായങ്ങളും പെട്ടെന്ന് നിലച്ചുപോയതുമൂലമുണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള കൈവശക്കാരനോ പട്ടയ കൈവശക്കാരനോ അവരുടെ ഭൂമികളിൽ നിന്നും ഈ നിയമത്തിലെ വകുപ്പ് 2 (ഇ) യിൽ പരാമർശിച്ചിരിക്കുന്ന പത്ത് വൃക്ഷങ്ങൾ ഒഴികെയുള്ള ഏതു വൃക്ഷവും മുറിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി 2003 ൽ ഈ നിയമം ഭേദഗതി ചെയ്യപ്പെട്ടു. ഇതിനായുള്ള ഭേദഗതിബിൽ 2003 ജൂലൈ 30 ന് അന്നത്തെ റവന്യൂവും നിയമവും വകുപ്പുമന്ത്രി കെ.എം. മാണി സഭയിൽ അവതരിപ്പിക്കുകയും 2003 ആഗസ്റ്റ് 12 ാം തീയതി സഭ പാസ്സാക്കുകയും ചെയ്തു. നിയമസഭ പാസ്സാക്കിയ ഭേദഗതി ബില്ലിന് 2003 സെപ്റ്റംബർ 3 ാം തീയതി ഗവർണറുടെ അനുമതിയും ലഭിച്ചു. ഇക്കാര്യത്തിൽ ഇപ്പോൾ നിലനിൽക്കുന്ന നിയമവ്യവസ്ഥ ഈ ഭേദഗതിയുടെ കൂടി അടിസ്ഥാനത്തിലുള്ളതാണ്.

2003 ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്) ആക്ട് (2005 ലെ 21 ാമത് നിയമം)

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനായി നിർമ്മിക്കപ്പെട്ട മറ്റൊരു സുപ്രധാന നിയമമാണിത്. ഭൂമിയിലെ ജൈവവിഭവങ്ങൾ സമൂഹത്തിന്റെ അഭിവൃദ്ധിക്കും പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനും മനുഷ്യന്റെ നിലനിൽപ്പിനുതന്നെയും അത്യന്താപേക്ഷിതമാണ്. പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള അന്തർദേശീയ യൂണിയൻ ജൈവവൈവിധ്യത്തിന്റെ സുപ്രധാന മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പശ്ചിമഘട്ടത്തിലെ ഉഷ്ണമേഖലാ വനങ്ങൾ ജൈവവൈവിധ്യത്തിന്റെ കലവറകൾ ആണ്. ശാസ്ത്രീയ തത്വങ്ങളിൽ അധിഷ്ഠിതമായ കാര്യകർത്തൃത്വ പദ്ധതികൾക്കനുസരിച്ച് അത്തരം ഭൂപ്രദേശങ്ങളുടെ നടത്തിപ്പ് അവയുടെ പരിസ്ഥിതി അതിർത്തികൾക്കുള്ളിൽ സംയോജിതവും ഏകീകൃതവുമായ രീതിയിൽ നിർവ്വഹിക്കപ്പെടേണ്ടതുമുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് 2003 ൽ ഒരു നിയമനിർമ്മാണത്തിനായി സർക്കാർ മുന്നിട്ടിറങ്ങിയത്.

ഇതിനായുള്ള ബിൽ 2001 ഡിസംബർ 4 ാം തീയതി വനവും സ്പോർട്സും വകുപ്പുമന്ത്രി കെ. സുധാകരൻ സഭയിൽ അവതരിപ്പിക്കുകയും ഡിസംബർ 4 ാം തീയതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി 2003 ആഗസ്റ്റ് 4 ാം തീയതി അതിന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും തുടർന്ന് ആഗസ്റ്റ് 7 ാം തീയതി ബിൽ സഭ പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ബില്ലിന് 2005 ഏപ്രിൽ 25 ാം തീയതിയാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായത്.

സംസ്ഥാനത്തെ പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളിൽ പലതും സ്വകാര്യ ഉടമസ്ഥതയിൻകീഴിലാണ്. പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ഒട്ടും ഭദ്രമല്ലാത്ത കൈകാര്യം ചെയ്യലും മൂലം സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവും ശാസ്ത്രപരവുമായ സന്തുലനാവസ്ഥ തകിടം മറിയുന്നത് തടയുന്നതിനാവശ്യമായ പ്രതിരോധ നടപടിയുടെ ഭാഗമായി ഈ പ്രദേശങ്ങളെ സർക്കാർ ഉടമസ്ഥതയിൽ കൊണ്ടുവരിക എന്നതാണ് നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം.

ഈ നിയമത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള പ്രകാരം പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണെന്ന് 30 ാം വകുപ്പ് അനുശാസിക്കുന്നു. അതുപോലെ ഈ നിയമം വഴി നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ ശിപാർശപ്രകാരം സർക്കാരിന് ഏത് ഭൂമിയേയും പരിസ്ഥിതിശാസ്ത്രപരമായി ദുർബല ഭൂപ്രദേശമെന്ന് പ്രഖ്യാപിക്കാനുള്ള അധികാരമുണ്ടെന്നും അപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഭൂപ്രദേശങ്ങൾ 1961 ലെ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം രൂപീകരിച്ച റിസർവ് വനങ്ങളായി കരുതപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി ഒന്നോ അതിൽക്കൂടുതലോ ട്രൈബ്യൂണലുകൾ രൂപീകരിക്കുവാൻ സർക്കാരിന് അധികാരമുണ്ട്. പതിനൊന്ന് അംഗങ്ങളുള്ള ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ പോകാവുന്നതാണ്.

ഈ നിയമം നിലവിൽ വന്നതിനെത്തുടർന്ന് വനഭൂമിക്ക് സമീപം കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ചെറുകിട നാമമാത്ര കർഷകർ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നതായി സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. അതുപോലെ തർക്കങ്ങൾക്ക് തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഭൂപ്രദേശങ്ങളിലെ ചെറുകിട കർഷകരിൽനിന്നും നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ പുതിയ വ്യവസ്ഥകൾ ഉൾച്ചേർക്കുന്നതിനായി 2005ലെ മൂലനിയമം 2009 ൽ ഭേദഗതി ചെയ്യപ്പെട്ടു. ഇതിനായി വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ബിനോയ് വിശ്വം 2009 സെപ്റ്റംബർ 10 ാം തീയതി സഭയിൽ അവതരിപ്പിച്ച ഭേദഗതികൾ 2009 സെപ്റ്റംബർ 17 ാം തീയതി സഭ പാസ്സാക്കുകയും ഒക്ടോബർ 7 ാം തീയതി അതിന് ഗവർണറുടെ അനുമതി ലഭിക്കുകയും ചെയ്തു.

2005 ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്ട് (2005 ലെ 46 ാമത് നിയമം)

സംസ്ഥാനത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി നിർമ്മിക്കപ്പെട്ട മറ്റൊരു സുപ്രധാന നിയമമാണിത്. വനപ്രദേശങ്ങളിലെന്നപോലെ വനേതര പ്രദേശങ്ങളിലും വൃക്ഷനിബിഡതയും ജൈവവൈവിധ്യവും വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുക, മരം, മുള എന്നിവ നട്ടുപിടിപ്പിക്കുക, ഗ്രാമീണ ജനതയുടെ ഇന്ധനം, വിറക്, ചെറിയ തടി എന്നീ ആവശ്യങ്ങൾ നിറവേറ്റുക, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്നിവയ്ക്കായി കർഷകരെ അവരുടെ ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ കടത്തും ഉപയോഗവും അനുവദിക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തുക എന്നീ അതിവിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായിട്ടാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്.

2005 ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ബിൽ 2005 ജൂലൈ 5 ാം തീയതി അന്നത്തെ റവന്യൂവും നിയമവും വകുപ്പുമന്ത്രി കെ.എം. മാണി സഭയിൽ അവതരിപ്പിച്ചു. തുടർന്ന് അന്നുതന്നെ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കുകയും 2005 ജൂലൈ 21 ാം തീയതി സഭ ബിൽ പാസ്സാക്കുകയും ചെയ്തു. 2005 സെപ്റ്റംബർ 8 ാം തീയതി ബില്ലിന് ഗവർണ്ണറുടെ അനുമതിയും ലഭിച്ചു.

വനേതര ഭൂമിയുടെ ഉടമസ്ഥരായ സ്വകാര്യ വ്യക്തികൾക്കും സർക്കാരിനും അവരവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വളർത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. സ്വകാര്യ നഴ്സറികൾ വികസിപ്പിക്കാനും സംരക്ഷിക്കാനും സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

നടപ്പിലാക്കാനും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ ചെയ്യാനുമുള്ള അധികാരം വനം വകുപ്പിന് നൽകിയിരിക്കുന്നു. കൂടാതെ, വനേതര ഭൂമിയുടെ ഉടമസ്ഥന് അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള ഏതു മരവും മുറിക്കുന്നതിനും കൊണ്ടു പോകുന്നതിനും ഈ നിയമപ്രകാരം അവകാശമുണ്ട്.

എന്നാൽ സർക്കാരിലേക്ക് റിസർവ് ചെയ്തിട്ടുള്ള വൃക്ഷങ്ങൾക്കോ 1986ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കോ ഈ നിയമം ബാധകമല്ല എന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ, മറ്റെവിടേക്കെങ്കിലും വൃക്ഷത്തിന്റെ കട കൊണ്ടു പോകുന്നതിന് മുമ്പായി ഉടമസ്ഥൻ ആ പ്രദേശത്ത് ആധികാരികതയുള്ള ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ മുമ്പാകെ ഏതു ഭൂമിയിൽനിന്നാണ് മരം മുറിച്ചത് എന്നതു സംബന്ധിച്ച വിശദാംശം അടങ്ങിയ ഒരു പ്രതിജ്ഞാപത്രം കൊടുക്കേണ്ടതുണ്ട്. ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ റേഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അതിന്റെ പകർപ്പ് തടി കൊണ്ടുപോകുന്നയാൾ കൂടെ കരുതേണ്ടതുമാണ്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ വനംവകുപ്പിലെ ഫോറസ്റ്ററുടെ പദവിയിൽ താഴെയല്ലാത്ത ഏത് ഉദ്യോഗസ്ഥനും തടി, അത് വഹിച്ച വാഹനങ്ങളോ ബോട്ടോ മൃഗമോ സഹിതം പിടിച്ചെടുക്കാവുന്നതുമാണ്.

2005 ലെ മൂലനിയമത്തിൽ സ്വകാര്യ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള നിയന്ത്രണങ്ങൾ ഉദാരമായിരുന്നു എന്നതിന്റെ മറവിൽ ചില പ്രദേശങ്ങളിൽ വിവേചനരഹിതമായി മരം മുറിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി മൂലനിയമം 2007ൽ ഭേദഗതി ചെയ്യപ്പെടുകയുണ്ടായി. അതിന്റെ ഭാഗമായി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തുള്ള ചെറുകിട കൈവശക്കാർക്ക് വൃക്ഷം മുറിക്കുന്നതിനുള്ള നിയന്ത്രണം നിർദ്ദേശിക്കപ്പെട്ട പന്ത്രണ്ടിനം വൃക്ഷങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തിനു പുറത്ത് സ്വകാര്യ പ്രദേശങ്ങളിലെ മരം മുറിക്കലിനുള്ള നിയന്ത്രണം ചന്ദന മരത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതിനും ചിലയിനം തടികളുടെ നീക്കംചെയ്യൽ നിയന്ത്രിക്കുന്നതിനുമായിട്ടാണ് മൂലനിയമം ഭേദഗതി ചെയ്യപ്പെട്ടത്. ഇതിനായുള്ള ബിൽ 2007 ജൂലൈ 19 ാം തീയതി വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ബിനോയ് വിശ്വമാണ് സഭയിൽ അവതരിപ്പിച്ചത്. 2007 ജൂലൈ 26 ന് സഭ ബിൽ പാസ്സാക്കുകയും ജൂലൈ 30 ന് ഗവർണറുടെ അനുമതി ലഭ്യമാവുകയും ചെയ്തു.

പ്രത്യക്ഷത്തിൽ മേൽപ്പറഞ്ഞ നിയമങ്ങൾ ഉൾപ്പെടെ കേരള നിയമസഭ പാസ്സാക്കിയ വന നിയമങ്ങൾ ഒക്കെത്തന്നെ വനസംരക്ഷണം ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് തോന്നാമെങ്കിലും അവയുടെയൊക്കെ മുഖ്യ ഉദ്ദേശ്യവും ലക്ഷ്യവും സംസ്ഥാനത്തെ ജനങ്ങൾ അനുഭവിച്ചു വന്നിരുന്ന നിരവധിയായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുക എന്നതുകൂടി ആയിരുന്നു എന്ന് കാണാവുന്നതാണ്. ആ അർത്ഥത്തിൽ നിയമസഭ പാസ്സാക്കിയ വന നിയമങ്ങളെക്കൂടി ജനസൗഹൃദ നിയമങ്ങളുടെ പട്ടികയിൽത്തന്നെ നിസ്സംശയം ഉൾക്കൊള്ളിക്കാവുന്നതാണ്.

(തുടരും...)

സഭാധ്യക്ഷന്റെ പേജ്

1ാം പേജിൽ നിന്നും തുടർച്ച

പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രത്യേകം ഒരുക്കുന്ന ഭക്ഷണശാലകളിൽ വൈവിധ്യമാർന്ന രുചിക്കൂട്ടുകളും ആസ്വദിക്കാനാവും.

നിയമനിർമ്മാണ സഭയെന്ന നിലയിൽ സ്വാഭാവികമായുള്ള നിയന്ത്രണമുള്ളതുകൊണ്ട് രാജ്യത്തെ നിയമസഭകളിലൊന്നും പൊതുജനങ്ങൾക്ക് പ്രവേശനം ലഭിക്കാറില്ല. എന്നാൽ, അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭാ മന്ദിരത്തിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചത് രണ്ടാമത് എഡിഷനിലും തുടരും. ജനങ്ങൾക്ക് നിയമസഭയെ മനസ്സിലാക്കാനും അതിന്റെ ചരിത്രം ഉൾക്കൊള്ളാനും ഇവിടെ നടക്കുന്ന നടപടിക്രമങ്ങളെ സംബന്ധിച്ച് അറിവുണ്ടാകാനും അന്താരാഷ്ട്ര പുസ്തകോത്സവം സഹായകമാവും. നിയമസഭാ മന്ദിരത്തിന്റെ അകത്തളവും നിയമസഭയുടെ ചരിത്രം വിശദമാക്കുന്ന മ്യൂസിയവും നൂറുവർഷത്തെ പാരമ്പര്യമുള്ള നിയമസഭാ ലൈബ്രറിയും കാണാൻ സൗകര്യമൊരുക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് ഗതാഗത വകുപ്പിന്റെ സഹകരണത്തോടെ സിറ്റി റൈഡിനുള്ള ബസ്സുകൾ ഇപ്രാവശ്യവും സജ്ജീകരിക്കും. നിയമസഭാ സമുച്ചയവും പരിസരവും ദീപാലങ്കാരങ്ങളാൽ ആകർഷകമാക്കും. ഒരു വർഷത്തെ സംഘാടനം കൊണ്ടുതന്നെ കേരളത്തിന്റെ ആഭ്യന്തര ടൂറിസം ഭൂപടത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു ഇവന്റായി നിയമസഭയുടെ പുസ്തകോത്സവം മാറിയിട്ടുണ്ട് എന്നാണ് വിവിധ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മറ്റും വരുന്ന അന്വേഷണങ്ങളിലൂടെ മനസ്സിലാക്കാനാവുന്നത്. അത് ഏറെ അഭിമാനകരമായ കാര്യമാണ്.

സമാനതകളില്ലാത്ത കൂട്ടായ്മയുടെ മനോഹാരിതയായിരുന്നു കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രത്യേകത. ഭരണപക്ഷവും പ്രതിപക്ഷവും കൈകോർത്തുകൊണ്ടായിരുന്നു ഒന്നാം എഡിഷൻ വിജയിപ്പിച്ചത്. രണ്ടാം എഡിഷനും വ്യത്യസ്തമാവില്ല. അക്ഷരങ്ങളോടും അറിവിനോടും ഏറെ അടുപ്പമുള്ളവരാണ് മലയാളികൾ. കേരളം സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി മാറിയത് പോലും വായിക്കാനും അറിയുവാനുമുള്ള സമൂഹത്തിന്റെ അതിയായ താല്പര്യം മൂലമാണ്. വിശ്വവിഖ്യാതമായ കേരള മോഡൽ ഉണ്ടാക്കാൻ സാധിച്ചതിനും അതിന് തുടർച്ചകളുണ്ടാക്കാൻ കഴിയുന്നതിനും രാജ്യത്തെ പ്രബുദ്ധമായ ഭൂമികയായി കേരളം തലയുയർത്തി നിൽക്കുന്നതിനും ഇത്തരം മികവുകൾ കാരണമായിട്ടുണ്ട്. അതിനാലാവണം കേരളത്തിൽ നിരവധി പുസ്തകോത്സവങ്ങൾ നടക്കാറുള്ളത്. വിവിധ പ്രസാധകരുടേയും മറ്റ് സ്ഥാപനങ്ങളുടേയുമൊക്കെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുള്ള പുസ്തകമേളകൾ നമുക്ക് സുപരിചിതമാണ്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി കേരളത്തിലൊട്ടാകെയുള്ള ഓരോ പൗരന്റേയും പുസ്തകോത്സവം എന്ന കിരീടമാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് ലഭിച്ചിരിക്കുന്നത്. ഒരു കോട്ടവും തട്ടാതെ ആ പദവി ഉയർത്തിപ്പിടിച്ചുകൊണ്ട് കേരള നിയമസഭ പുസ്തകോത്സവത്തിന്റെ രണ്ടാം എഡിഷൻ വിജയിപ്പിക്കാൻ നമുക്ക് കൈകൾ കോർക്കാം.

നിയമസഭാ പ്രസംഗങ്ങളിലൂടെ

15ാം പേജിന്റെ തുടർച്ച

വിമർശനങ്ങളെയെല്ലാം സ്വാഗതം ചെയ്യുന്നു. അത് പരിശോധിക്കാം. നൽകിയ എല്ലാ പിന്തുണയ്ക്കും നന്ദി പറയുന്നു. ഈ ഡിമാന്റിനെ എല്ലാപേരും പിന്താങ്ങണം, പിന്നെ ഇന്ന് പറഞ്ഞ് നാളെ കട്ടിക്കൂട്ടരുത് കേട്ടോ, ഇന്ന് വളരെ മയത്തിലാണ് കേട്ടത്. അതുകൊണ്ട് കാര്യമായ വിമർശനം കണ്ടില്ല. അപ്പോൾ ഇതെല്ലാം കൂടി നാളത്തേയ്ക്ക് വച്ചിരിക്കുകയാണോ എന്ന് എനിക്ക് അറിയില്ല. ഏതായാലും നിങ്ങളുടെ ആരോഗ്യകരമായ വിമർശനങ്ങൾക്ക് നന്ദി പറയുന്നു. ഓരോരുത്തരും പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കാം. ഭരണം കുറച്ചുകൂടി മെച്ചപ്പെടുത്തണം എന്ന നിങ്ങളുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. ഗവൺമെന്റ് യോജിക്കുന്നു. ഈ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ നിങ്ങൾ നൽകുന്ന ഓരോ നിർദ്ദേശങ്ങളും ഞങ്ങൾ ഗൗരവമായിട്ട് പരിശോധിക്കും. അതുപോലെതന്നെ ഈ പാർലമെന്റ് ഇലക്ഷനിൽ കേരളത്തിലെ സമ്മതിദായകരുടെ വിധിയെഴുത്തിനെ ഞങ്ങൾ മാനിക്കുന്നു. അതിൽ അടങ്ങിയിരിക്കുന്ന താക്കീത് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ നിലപാടുകളിലും, ഞങ്ങളുടെ നയങ്ങളിലും, ഞങ്ങളുടെ ശൈലികളിലും ജനങ്ങൾക്കുള്ള അതൃപ്തി മനസ്സിലാക്കുന്നു. അത് തിരുത്താൻ ആവശ്യമായ നടപടികൾ ഞങ്ങൾ കൂട്ടായി ആലോചിച്ച് എടുക്കും എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു."

എ.കെ. ആന്റണി

അറക്കപറമ്പിൽ കുര്യൻ പിള്ളയുടെയും ഏലിക്കുട്ടിയുടെയും മകനായി 1940 ഡിസംബർ 28 ന് ജനിച്ച എ.കെ. ആന്റണി നാലാം കേരള നിയമസഭയിൽ ചേർത്തല മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് ആദ്യമായി നിയമസഭാംഗമാകുന്നത്. തുടർന്ന് അഞ്ച്, ഒൻപത്, പത്ത്, പതിനൊന്ന് നിയമസഭകളിൽ അംഗമായി. 1977 ഏപ്രിൽ 27 മുതൽ 1978 ഒക്ടോബർ 27 വരെയും 1995 മാർച്ച് 22 മുതൽ 1996 മേയ് 9 വരെയും 2001 മേയ് 17 മുതൽ 2004 ആഗസ്റ്റ് 29 വരെയും കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി, ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ പ്രതിരോധ മന്ത്രിയായിരുന്ന വ്യക്തി എന്നീ നിലകളിൽ ചരിത്രത്തിൽ ഇടം നേടിയ അദ്ദേഹം കേന്ദ്ര സിവിൽ സപ്ലൈസും കൺസ്യൂമർ അഫയേഴ്സും പബ്ലിക് ഡിസ്ട്രിബ്യൂഷനും മന്ത്രി, രാജ്യസഭാംഗം, കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ്, പ്രിവിലേജ് കമ്മിറ്റി ചെയർമാൻ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

പുസ്തകോത്സവം

1ാം പേജിൽ നിന്നും തുടർച്ച

മേൽനോട്ടവും ഏകോപനവും കാര്യക്ഷമമായി നടത്തുന്നതിനായി സാമാജികരെ ഉൾപ്പെടുത്തി ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. സാമാജികരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനായി മൂന്നു ലക്ഷം രൂപ ഇത്തവണയും അനുവദിച്ചിട്ടുണ്ട്.

'വായനയാണ് ലഹരി' എന്ന സന്ദേശം മുൻനിർത്തി നടത്തുന്ന പരിപാടിയിൽ വിദ്യാർത്ഥികളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അവരെ ആകർഷിക്കുന്നതിലേയ്ക്കായി മാതൃകാ പാർലമെന്റും ക്വിസ് മത്സരവും സംഘടിപ്പിക്കുന്നുണ്ട്. സന്ദർശക വിദ്യാർത്ഥികൾക്കായി സൗജന്യ വിസിറ്റ് പാക്കേജ് ക്രമീകരിച്ചിട്ടുണ്ട്. മേളയുമായി ബന്ധപ്പെട്ട് മീഡിയ സെൽ, വെബ്സൈറ്റ് എന്നിവ രൂപീകരിച്ചു കഴിഞ്ഞു. 'klibf.niyamasabha.org' എന്ന പേരിൽ രൂപീകരിച്ച വെബ് സൈറ്റിന്റെ ഉദ്ഘാടനം ആഗസ്റ്റ് 11 ന് സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. അതിന്റെ ലിങ്ക് നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. പബ്ലിഷർമാർക്ക് Individual login സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റാൾ രജിസ്ട്രേഷൻ, പരിപാടികൾ സംബന്ധിച്ച നിർദ്ദേശം, 'Online Lots' വഴി സ്റ്റാളുകൾ അനുവദിക്കുക, പുസ്തകോത്സവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ പ്രസിദ്ധീകരിക്കുക, പുസ്തകോത്സത്തിന്റെ നടത്തിപ്പിലേക്കായി രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളിൽ നിന്ന് നൽകുന്ന വിവരങ്ങൾ, ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക വെബ്സൈറ്റ് വഴിയാണ്. പുസ്തകോത്സവുമായി ബന്ധപ്പെട്ട വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും പുരസ്കാരം നൽകാനും തീരുമാനിച്ചിട്ടുണ്ട്. നിയമസഭാ സമുച്ചയം കാണുന്നതിനുള്ള അവസരവും പരിപാടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

പുസ്തകോത്സവം രണ്ടാം പതിപ്പിന്റെ പ്രചരണാർത്ഥം LED WALL സജ്ജീകരിച്ച വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവ്വഹിച്ചു. പുസ്തകോത്സവം വിജയമാക്കാൻ ജനങ്ങളുടെ പൂർണ്ണ പിന്തുണ വേണമെന്ന് അദ്ദേഹം പറഞ്ഞു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി ടി.മനോഹരൻ നായർ, സ്പെഷ്യൽ സെക്രട്ടറി ഷാജി സി.ബേബി, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ ഫ്ളാഗ് ഓഫിന് സാക്ഷ്യം വഹിച്ചു. പുസ്തകോത്സവം ജനങ്ങളിലേക്കെത്തിക്കുവാൻ പ്രചരണ വാഹനം തിരുവനന്തപുരം ജില്ലയിൽ ഉടനീളം സഞ്ചരിക്കും.

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ

അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി സത്വര നടപടികൾ സ്വീകരിക്കണം

ഇ.കെ. വിജയൻ, എം.എൽ.എ
സമിതി അധ്യക്ഷൻ

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) കൊല്ലം നഗരത്തിന്റെയും സമീപപ്രദേശങ്ങളുടെയും ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന അഷ്ടമുടി കായലും അഷ്ടമുടി കായലിൽ മാലിന്യ നിക്ഷേപം ഉള്ളതായി കണ്ടെത്തിയ പ്രദേശങ്ങളായ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിനു മുൻഭാഗം, കുരീപ്പുഴ ചണ്ടി ഡിപ്പോ, സാമ്പ്രാണിക്കോടി എന്നിവിടങ്ങളും സന്ദർശിക്കുകയും പ്രദേശവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും ഇതു സംബന്ധിച്ച് കൊല്ലം ജില്ലാ ഭരണകൂടവുമായും പരിസ്ഥിതി, ജലവിഭവം, റവന്യൂ, തദ്ദേശ സ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, മത്സ്യബന്ധന-തുറമുഖം, വിനോദ സഞ്ചാരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ തെളിവെടുപ്പ് നടത്തുകയും വിശദമായ ചർച്ച നടത്തി വിവരശേഖരണം നടത്തുകയും ചെയ്തു. ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതിയുടെ നിരീക്ഷണങ്ങളും അടങ്ങുന്ന എട്ടാമത് റിപ്പോർട്ട് സമിതി അധ്യക്ഷൻ ഇ.കെ. വിജയൻ എം.എൽ.എ. 2023 മാർച്ച് 17 ന് സഭയിൽ സമർപ്പിച്ചു.

മഴക്കാലത്തിന് മുൻപ്, മഴക്കാലം, മഴക്കാലശേഷം എന്നിങ്ങനെ മൂന്ന് കാലയളവിലെയും ജലത്തിന്റെ ഗുണനിലവാരം താരതമ്യം ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിനും കായലിന്റെ സംരക്ഷണത്തിനായി അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്തു.

അഷ്ടമുടി കായലിലേക്ക് തുറന്നു വച്ചിരിക്കുന്ന സ്വീവേജ് പൈപ്പുകൾക്ക് പകരം പോർട്ടബിൾ സെപ്റ്റിക്ക് ടാങ്കുകൾ സ്ഥാപിക്കുന്നതിനും കായലുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണത്തിന് പദ്ധതി തയ്യാറാക്കുന്നതിനും കായലിൽ മാലിന്യം തള്ളുന്നത് കർശനമായി തടയുന്നതിനും രാത്രികാലങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും പട്രോളിംഗ് ഏർപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്തു.

മഴക്കാല പൂർവ്വ ശുചീകരണം, തെളിനീരൊഴുകും നവ കേരളം എന്നീ പദ്ധതികളുടെ ഭാഗമായി തൊഴിലുറപ്പ് പ്രവർത്തകർ, സന്നദ്ധ സേവകർ എന്നിവരുടെ സഹായത്തോടെ കായലിലേക്കുള്ള ഓടകളും തോടുകളും വൃത്തിയാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളോട് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച സമിതി, ഓരോ പ്രദേശത്തിന്റേയും പാരിസ്ഥിതിക സവിശേഷതയനുസരിച്ച് വ്യക്തിഗത കക്കൂസുകളുടെ ഡൈജസ്റ്റർ ഭാഗം മെച്ചപ്പെടുത്തുകയോ പകരമായി ആംഫിബിയൻസ് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുകയോ ചെയ്യുന്നതിനും ശിപാർശ ചെയ്തു.

അഷ്ടമുടിക്കായലിന്റെ തീരത്തെ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി മാലിന്യ നിർമ്മാർജ്ജനത്തിന് ശുചിത്വ മിഷൻ മുഖേന പൊതുസംവിധാനമേർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ച സമിതി, കായൽ ജല മലിനീകരണത്തിന്റെ പ്രധാന സ്രോതസ്സായ കുരീപ്പുഴ ഡമ്പ് സൈറ്റിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു.

കേരള വാട്ടർ അതോറിറ്റി മുഖേന സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് ഹൗസ് ബോട്ടുകളിലെ ഫീക്കൽ സെപ്റ്റേജ് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികളും മൺറോ തുരുത്ത് ഗ്രാമപഞ്ചായത്തിൽ ഫ്ളോട്ടിംഗ് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടികളും വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോടും ജലവിഭവ വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

ഓരോ മൂന്നു മാസവും കായലിന് ചുറ്റുമുള്ള ജല സ്രോതസ്സുകളിലെ വെള്ളത്തിന്റെയും സമീപ വീടുകളിലെ കിണറുകളിലെ ജലത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും സമിതി ശിപാർശ ചെയ്തു.

അഷ്ടമുടിക്കായലിലെ കോളിഫോം ബാക്ടീരിയയുടെ അളവ്, ഓക്സിജൻ ലെവൽ എന്നിവ ഓരോ മൂന്ന് മാസവും മോണിറ്റർ ചെയ്യുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തണമെന്നും അഷ്ടമുടിക്കായലിലെയും കായൽ തീരത്തെയും കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ റവന്യൂ, റീ സർവ്വേ വകുപ്പുകൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ച സമിതി, കായൽ തീരത്തെ ഒഴിപ്പിച്ച 2.18 ഹെക്ടർ ഭൂമിയിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് റിംഗ് റോഡ് നിർമ്മിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളോട് ശിപാർശ ചെയ്തു.

കുരീപ്പുഴയിൽ നിർമ്മിക്കുന്ന 12 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള അനുമതി ഹൗസ് ബോട്ടുകൾക്ക് നൽകുന്നതിന് വിനോദസഞ്ചാര വകുപ്പിനോടും കായലിലേക്ക് മാലിന്യം തള്ളാതിരിക്കുന്നതിനായി നിലവിലുള്ള നടപ്പാതയുടെ കൈവരികൾ ഉയർത്തുന്നതിനും മാലിന്യം തള്ളുന്നത് ശിക്ഷാർഹമാണെന്ന സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോടും സമിതി ആവശ്യപ്പെട്ടു.

കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് നീക്കം ചെയ്യാത്തതിന്റെ ഫലമായി ഉണ്ടായ സാമ്പ്രാണിക്കോടി തുരുത്ത് കായലിന്റെ ആവാസവ്യവസ്ഥയ്ക്ക് ദോഷകരമാണോയെന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനും ദളവാപുരം ഭാഗത്തെ കായലിലെ മണ്ണ് നീക്കം ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്തു. ഡി.റ്റി.പി.സി. യുടെ നിലവിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയിൽ അഡ്വഞ്ചർ പാർക്ക് തീരം കൂടി ഉൾപ്പെടുത്തി അവിടെ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ കത്തിച്ചുകളയാതെ ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് സംസ്കരിക്കാൻ നടപടി സ്വകരിക്കാനും സമിതി ശിപാർശ ചെയ്തു.

സാമാജികരായ പി.കെ. ബഷീർ, എൽദോസ് പി. കുന്നപ്പിള്ളിൽ, ജോബ് മൈക്കിൾ, ലിന്റോ ജോസഫ്, ടി.ഐ. മധുസൂദനൻ, കെ.ഡി.പ്രസേനൻ, യു.പ്രതിഭ, സജീവ് ജോസഫ് എന്നിവർ സമിതി അംഗങ്ങളാണ്.

മുൻ സാമാജികർ മനസ്സ് തുറക്കുന്നു........

സാർത്ഥകമായ ഒന്നരപതിറ്റാണ്ട്

ജോണി നെല്ലൂർ, മുൻ എം.എൽ.എ

1991 മുതൽ 2006 വരെ ഒൻപത്, പത്ത്, പതിനൊന്ന് കേരള നിയമസഭകളിൽ അംഗമായിരുന്നു. 1991 ൽ ഒൻപതാം കേരള നിയമസഭയിൽ അംഗമായി കടന്നു വരുമ്പോൾ ആശങ്കകളും ഉത്കണ്ഠകളും അതിലേറെ പ്രതീക്ഷകളുമാണ് ഉണ്ടായിരുന്നത്. കെ.കരുണാകരൻ മുഖ്യമന്ത്രിയായും പി.പി.തങ്കച്ചൻ സ്പീക്കറായും ഇ.കെ.നായനാർ പ്രതിപക്ഷ നേതാവായും കെ.നാരായണ കുറുപ്പ് ഡെപ്യൂട്ടി സ്പീക്കറായും തെരഞ്ഞെടുക്കപ്പെട്ടു. ഭരണ പക്ഷത്തെയും പ്രതിപക്ഷത്തെയും അതികായന്മാരായ നേതാക്കന്മാർ, നിയമസഭ ഒരു വലിയ അനുഭൂതിയായിരുന്നു. സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട പി.പി. തങ്കച്ചനെ അനുമോദിച്ചുകൊണ്ടുള്ള കക്ഷി നേതാക്കളുടെ പ്രസംഗങ്ങൾ ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

നിയമസഭയിലെ ഒരംഗമെന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ, സമ്മേളനത്തിന്റെ തുടക്കം മുതൽ അവസാനം വരെ സഭയിലെ നടപടിക്രമങ്ങൾ വീക്ഷിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് അന്ന് പാർട്ടി നേതാക്കന്മാരായിരുന്ന കെ.എം.മാണി സാറിന്റേയും ടി.എം.ജേക്കബിന്റേയും ഉപദേശങ്ങളും നിർദ്ദേശങ്ങളും വലിയ മാർഗ്ഗദർശനമായി മാറി. ഒൻപതാം കേരള നിയമസഭയുടെ ചോദ്യോത്തരവേള ആരംഭിച്ച ദിവസം ആദ്യ ചോദ്യം മുഖ്യമന്ത്രിയോട് ചോദിക്കുവാൻ, നറുക്കിലൂടെ അവസരം ഉണ്ടായത് എനിക്കാണെന്ന കാര്യം അഭിമാനത്തോടെ ഇന്നും ഓർക്കുന്നു.

ചോദ്യോത്തരവേളയിൽ മുതിർന്ന നേതാക്കളുൾപ്പെടെയുള്ള അംഗങ്ങളുടെ ചോദ്യങ്ങളും മന്ത്രിമാരുടെ മറുപടിയും വലിയ അറിവ് നൽകുന്നതായിരുന്നു. സീറോ അവറിൽ മുഴുവൻ അംഗങ്ങളും ഹാജരുണ്ടാകുമായിരുന്നു. ശ്രദ്ധക്ഷണിക്കലും സബ്മിഷനും കഴിഞ്ഞ് നിയമസഭ നടപടികളിലേക്ക് കടക്കുമ്പോൾ അംഗങ്ങളുടെ എണ്ണം പരിമിതമായി മാറുന്നത് സ്ഥിരം അനുഭവമായിരുന്നു. പഴയ നിയമസഭാ മന്ദിരത്തിന്റെ ഹാളിന്റെ പുറകുവശത്ത് ചെറിയ സൗകര്യങ്ങളോടു കൂടിയ മെമ്പേഴ്സ് ലോബി ഉണ്ടായിരുന്നു. അവിടെ നടന്നുവന്നിരുന്ന ചർച്ചകൾ ഹൃദ്യവും അറിവ് നൽകുന്നതുമായിരുന്നു. ഈ ചർച്ചകളിൽ പങ്കാളികളായിരുന്ന പി.എം. അബൂബക്കർ, റ്റി.കെ.ഹംസ, പി.വി.മുഹമ്മദ്, മൊയ്തീൻകുട്ടി ഹാജി, ലോനപ്പൻ നമ്പാടൻ, കെ.നാരായണ കുറുപ്പ്, പി.എം.മാത്യു തുടങ്ങിയവരുടെ ഹാസ്യ വിനോദ ചർച്ചകൾ കേൾവിക്കാർക്ക് ഹരം പകരുന്നവയായിരുന്നു. നിയമസഭാ ഹാളിൽ അംഗങ്ങൾക്ക് പുറകുവശത്തായി മാധ്യമപ്രവർത്തകർക്ക് സീറ്റുകൾ ഉണ്ടായിരുന്നു. അംഗങ്ങൾക്ക് അവരുമായി നിരന്തരം ബന്ധപ്പെടുവാൻ ഇതുമൂലം അവസരമുണ്ടായി.

1993 ഡിസംബറിൽ കേരളാ കോൺഗ്രസ് പാർട്ടി പിളർന്നു. ടി.എം.ജേക്കബിന്റെ നേതൃത്വത്തിൽ ഞാനും പി.എം.മാത്യുവും മാത്യു സ്റ്റീഫനും കേരള കോൺഗ്രസ് (ജേക്കബ്) എന്ന പേര് സ്വീകരിച്ചുകൊണ്ട് നിയമസഭയിൽ പുതിയ പാർട്ടിയായി മാറി. ജലസേചന-സാംസ്കാരിക വകുപ്പു മന്ത്രിയായി ടി.എം.ജേക്കബ്; റവന്യൂ ഭവന നിർമ്മാണം നിയമ വകുപ്പുകളുടെ ചുമതലയുമായി മാണി സാർ ശേഷിച്ച ആറ് എം.എൽ.എ.മാരുമായി സഭയിൽ തുടർന്നു.

കെ.കരുണാകരൻ രാജിവച്ച് എ.കെ.ആന്റണി മുഖ്യമന്ത്രിയായി ചുമതലയേറ്റു. സ്പീക്കറായിരുന്ന പി.പി.തങ്കച്ചൻ കൃഷി മന്ത്രിയായി വന്നു. തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ ഹാളിന് വെളിയിൽ പ്രതിപക്ഷ എം.എൽ.എ.മാരുടെ നിരാഹാര സമരം അരങ്ങേറിയത് മറ്റൊരു അനുഭവമായി. പ്രതിപക്ഷനിരയിൽ നായനാരെ കൂടാതെ പി.എസ്.ശ്രീനിവാസൻ, ബേബി ജോൺ, കെ.ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ളവരുടെ നിയമസഭാ പ്രസംഗങ്ങളും ഇടപെടലുകളും വലിയ അറിവ് നൽകുന്നതായിരുന്നു.

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ച പഞ്ചായത്തീരാജ്, നഗരപാലിക നിയമങ്ങൾ പാസാക്കുമ്പോൾ അതിൽ പങ്കാളിയാകുവാൻ കഴിഞ്ഞതിൽ ഇന്നും അഭിമാനിക്കുന്നു. നിയമസഭയുടെ കാലാവധി അവസാനിക്കുമ്പോൾ അംഗങ്ങൾക്ക് വലിയ ആശങ്കയും ഉത്കണ്ഠയും ഉണ്ടായിരുന്നു. അവസാന ദിനങ്ങൾ പലരുടേയും പ്രസംഗങ്ങൾ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു.

1996 ൽ 10 ാം കേരള നിയമസഭ നിലവിൽ വന്നു. എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. ഇ.കെ.നായനാർ മുഖ്യമന്ത്രിയും എം.വിജയകുമാർ സ്പീക്കറും എ.കെ.ആന്റണി പ്രതിപക്ഷ നേതാവുമായി സഭയുടെ പ്രവർത്തനം ആരംഭിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ സഭാനടപടികൾ പുതിയ മന്ദിരത്തിലേക്ക് മാറ്റി. വിശാലവും ശീതീകരിച്ചതുമായ പുതിയ മന്ദിരം ഒരു വിസ്മയമായി. മാധ്യമങ്ങളുടെ ഇരിപ്പിടം ദൂരെയായി, നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ ഒന്നായിരുന്നു പത്താം നിയമസഭ. ഈ സഭയിൽ അംഗമായിരുന്ന മുതിർന്ന അംഗം കെ.ആർ.ഗൗരിയമ്മക്ക് അവരുടെ ഇരിപ്പിടത്തിലേയ്ക്ക് എത്തുവാൻ കൈത്താങ്ങായി പ്രവർത്തിക്കുവാൻ കഴിഞ്ഞത് അഭിമാനമായി കാണുന്നു. ആ സഭയിൽ അവതരിപ്പിക്കപ്പെട്ട പ്രതിപക്ഷത്തിന്റെ ഭൂരിഭാഗം അടിയന്തര പ്രമേയങ്ങളിലും പാർട്ടിയുടെ ഉപനേതാവെന്ന നിലയിൽ ഒപ്പിടുവാൻ സാധിച്ചു.

നിയമനിർമ്മാണ നടപടിയിൽ സജീവമായി പങ്കെടുക്കുവാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. മലബാർ യൂണിവേഴ്സ്റ്റി (കണ്ണൂർ) ബിൽ ചർച്ചയ്ക്ക് വരുമ്പോൾ നിയമനിർമ്മാണ നടപടിയിൽ ഏറ്റവും സജീവമായിരുന്ന ടി.എം.ജേക്കബ് സുഖമില്ലാതെ ആശുപത്രിയിലായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ നാന്നൂറിലധികം ഭേദഗതികൾ ഉണ്ടായിരുന്നു. ഇരുന്നൂറിലധികം ഭേദഗതികൾ എന്റെ പേരിലും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിലുള്ള ഭേദഗതികളും അവതരിപ്പിക്കുവാൻ എനിക്ക് കഴിഞ്ഞു.

അടിയന്തര പ്രമേയത്തിന്റെ അനുമതി നിഷേധിച്ചാൽ വാക്കൗട്ട് പ്രസംഗത്തിന് രണ്ടംഗങ്ങളുള്ള കക്ഷി നേതാക്കൾക്കേ അന്ന് അവസരമുണ്ടായിരുന്നുള്ളൂ. ഇന്ന് ഏകാംഗകക്ഷികൾക്കും അവസരം ഉണ്ടാകുന്നത് കാണുമ്പോൾ സന്തോഷം തോന്നുന്നു. പ്രതിപക്ഷം എത്ര രൂക്ഷമായി വിമർശിച്ചാലും അസഹിഷ്ണുത കൂടാതെ സരസമായി മറുപടി നൽകിയിരുന്ന മുഖ്യമന്ത്രി ഇ.കെ.നായനാരെ ബഹുമാനത്തോടെ ഓർക്കട്ടെ. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ടി.ശിവദാസമേനോൻ ഭരണപ്രതിപക്ഷഭേദമില്ലാതെ ഭരണാനുമതികൾ നൽകിയിരുന്നത് മാതൃകാപരമാണ്. നിരവധി സമരങ്ങൾക്ക് പ്രതിപക്ഷനിര നേതൃത്വം നൽകിയ കാലഘട്ടം കൂടിയായിരുന്നു ഇക്കാലയളവ്.

ഒരു സമരാനുഭവം ഇവിടെ സൂചിപ്പിക്കട്ടെ. പ്ലസ് ടു സ്കൂളുകൾ അനുവദിച്ചത് സംബന്ധിച്ച് ഉയർന്നുവന്ന അഴിമതി ആരോപണങ്ങൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് നടയിൽ തുടർസമരങ്ങൾ നടന്നു വന്നിരുന്നു. യു.ഡി.എഫ്. തീരുമാനമനുസരിച്ച് സെക്രട്ടേറിയറ്റ് പിക്കറ്റ് ചെയ്ത് അറസ്റ്റ് വരിച്ച് ജയിലിൽ പോയതും ജയിൽവാസം അനുഭവിച്ചതും മായാത്ത ഓർമ്മയായി ഇന്നും നിലനിൽക്കുന്നു. സമരത്തിന് നേതൃത്വം നൽകിയ ഉമ്മൻ ചാണ്ടി, ഇ.ടി.മുഹമ്മദ് ബഷീർ, തോമസ് ചാഴികാടൻ, ബാബു ദിവാകരൻ തുടങ്ങിയ സാമാജികരും മറ്റു യു.ഡി.എഫ്. നേതാക്കളും പൂജപ്പുര സെൻട്രൽ ജയിലിൽ ആയിരുന്നു. ഈ കാലയളവിലൊക്കെ ഭരണ പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ രാഷ്ട്രീയത്തിനതീതമായി ഒരു ആത്മബന്ധം പുലർത്തിയിരുന്നത് ശ്രദ്ധേയമായിരുന്നു. 10 ാം നിയമസഭയുടെ കാലയളവിൽ നിയമസഭാംഗങ്ങൾക്കായി പ്രത്യേക കായികമത്സരങ്ങളും കലാമത്സരങ്ങളും സംഘടിപ്പിച്ചതും അതിൽ പങ്കാളിയാകുവാൻ കഴിഞ്ഞതും സന്തോഷത്തോടെ ഓർക്കുമ്പോൾ അതിന് രൂപവും ഭാവവും നേതൃത്വവും നൽകിയ സ്പീക്കർ എം. വിജയകുമാറിനെ ഓർക്കുന്നത് ഉചിതമാണ്. പുതിയ നിയമസഭാ മന്ദിരത്തിന്റെ കവാടത്തിൽ ആദ്യമായി നിരാഹാരസത്യാഗ്രഹം ഇരുന്ന എട്ട് എം.എൽ.എ.മാരിൽ ഒരാൾ ആകാൻ ഇടയായതും ഓർക്കട്ടെ. ഈ സമയത്തും ഞങ്ങളുടെ ക്ഷേമകാര്യങ്ങളിൽ അതീവഗൗരവത്തോടെ ശ്രദ്ധിച്ച സ്പീക്കർ വിജയകുമാറിന്റെ പ്രവർത്തനം എടുത്തു പറയേണ്ടതാണ്.

ഒൻപത്, പത്ത്, പതിനൊന്ന് നിയമസഭയുടെ കാലയളവിൽ ഞാൻ പ്രതിനിധീകരിച്ച മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ നിരവധിയായ വികസനപദ്ധതികൾ പൂർത്തീകരിക്കുവാൻ എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ഈ കാലയളവിലെ ഭരണാധികാരികളെ നന്ദിയോടെ സ്മരിക്കുന്നു.

2001 ൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന് 11 ാം നിയമസഭ നിലവിൽ വന്നു. എ.കെ.ആന്റണി മുഖ്യമന്ത്രിയായും വക്കം പുരുഷോത്തമൻ സ്പീക്കറായും വി.എസ്.അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായും ചുമതലയേറ്റു. സംഘർഷഭരിതമായ സന്ദർഭങ്ങൾ ശാന്തതയോടെ നിയന്ത്രിച്ച സ്പീക്കറേയും സമചിത്തതയോടെ മറുപടി നൽകിയ മുഖ്യമന്ത്രിയേയും കണ്ട നിയമസഭയാണിത്. നിയമസഭാ സമ്മേളനങ്ങൾ കൃത്യസമയത്ത് അവസാനിപ്പിക്കുവാൻ സ്പീക്കർ വക്കം പുരുഷോത്തമന് അസാമാന്യ കഴിവ് ഉണ്ടായിരുന്നു. 2004 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം അപ്രതീക്ഷിതമായി മുഖ്യമന്ത്രി എ.കെ.ആൻണി രാജിവയ്ക്കുകയും തുടർന്ന് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയാവുകയും ചെയ്തു. സ്പീക്കറായിരുന്ന വക്കം പുരുഷോത്തമൻ ധനകാര്യമന്ത്രിയായി ചുമതലയേറ്റു. 11 ാം നിയമസഭയിലെ അംഗങ്ങൾക്ക് ഒരിക്കലും മറക്കാനാവാത്തതും ചരിത്രത്തിന്റെ ഭാഗവുമായി മാറിയ രണ്ട് സംഭവങ്ങൾ ഇക്കാലത്തുണ്ടായി. ഇന്ത്യയുടെ പ്രസിഡന്റായിരുന്ന എ.പി.ജെ.അബ്ദുൾ കലാം, പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിങ് എന്നിവർ കേരള നിയമസഭ സന്ദർശിച്ചതും അംഗങ്ങളെ അഭിസംബോധന ചെയ്തതും അംഗങ്ങളോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുത്തതും വേറിട്ട അനുഭവമായി. മധുരിക്കുന്ന നിരവധി ഓർമ്മകളാണ് 11 ാം കേരള നിയമസഭയും അംഗങ്ങൾക്ക് സമ്മാനിച്ചത്.

ജോണി നെല്ലൂർ

ഒമ്പതാം കേരള നിയമസഭയിൽ കേരള കോൺഗ്രസ് (എം) പ്രതിനിധിയായി മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിന്നും ആദ്യമായി നിയമസഭാംഗമായി. തുടർന്ന് പത്ത്, പതിനൊന്ന് നിയമസഭകളിൽ ഇതേ മണ്ഡലത്തിൽ നിന്നുള്ള കേരള കോൺഗ്രസ് (ജേക്കബ്) വിഭാഗം പ്രതിനിധിയായി. കേരള കോൺഗ്രസ് എറണാകുളം ജില്ലാ സെക്രട്ടറി, കേരള കോൺഗ്രസ് (ജേക്കബ്) വിഭാഗം ജനറൽ സെക്രട്ടറി, ചെയർമാൻ എന്നീ പദവികൾ വഹിച്ച ജോണി നെല്ലൂർ ഡെമോക്രാറ്റിക് ഇന്ദിര കോൺഗ്രസ് (കെ) പാർലമെന്ററി പാർട്ടി ഉപനേതാവ്, 'ഔഷധി' ചെയർമാൻ, യു.ഡി.എഫ്. സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

'കേരളീയം' കേരളത്തിന്റെ ഉത്സവം

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ചക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേരളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജ്ജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരിക തനിമയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്. ലോകത്ത് തന്നെ അത്യപൂർവ്വ ഭാഗങ്ങളിലുള്ള ദേശങ്ങൾക്കു മാത്രം സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങളുള്ള നാടാണ് നമ്മുടേത്. ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടും സാംസ്കാരിക സവിശേഷതകൾ കൊണ്ടും ആർജ്ജിച്ച നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. അങ്ങനെയുള്ള ഒരു നാടിനെ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുക എന്നതാണ് 'കേരളീയം 2023' മുന്നോട്ടുവയ്ക്കുന്ന ആശയം.

'കേരളീയത' ഒരു വികാരമാവണം. ആ വികാരത്തിൽ കേരളീയരാകെ ഒരുമിക്കണം. തീർച്ചയായും ഭാരതീയതയുടെ ഭാഗമായിത്തന്നെ നിൽക്കുന്ന, ഭാരതത്തിനാകെ അഭിമാനം നൽകുന്ന, കേരളീയത എന്താണെന്ന് ലോകമറിയണം. കേരളീയത്തിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി നൊബേൽ ജേതാക്കളടക്കമുള്ള അതിപ്രഗത്ഭർ എത്തുകയാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള പ്രമുഖരുടെ സാന്നിധ്യം നമുക്ക് പ്രയോജനപ്പെടുത്തണം. അവർ തിരികെപ്പോയി കേരളത്തെക്കുറിച്ച് സ്വന്തം നാടുകളിൽ പറയുന്നത്, എഴുതുന്നത് ഒക്കെ കേരളത്തിന്റെ ഭാവിക്കും വളരെയേറെ പ്രയോജനപ്പെടും.

മാറുന്ന കാലത്തിനനുസരിച്ച് അതിവേഗം മുന്നോട്ടു നീങ്ങുന്ന സമൂഹമാണ് കേരളം. ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോൾതന്നെ നമ്മൾ ലോകത്തിനു മാതൃകയാണ്. സാക്ഷരത, പൊതുജനാരോഗ്യം, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പെൻഷനുകൾ, കലാ-സാഹിത്യ സാംസ്കാരിക മികവ്, വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിലെ ആധുനിക സംവിധാനങ്ങൾ, സ്ത്രീ - പുരുഷ സമഭാവന, ട്രാൻസ്ജെന്ററുകളെ അടക്കം ഉൾച്ചേർക്കുന്ന പുരോഗതി, അധികാരവികേന്ദ്രീകരണം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവ്വഹണവും, ഉയർന്ന ജീവിതനിലവാരം, ശാസ്ത്രബോധം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്. ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. ഇങ്ങനെ ഭൗതികവും മാനസികവുമായ പുരോഗതി ഒരുപോലെ ആർജ്ജിച്ച സമൂഹമാണ് കേരളം. ഈ പ്രത്യേകതകൾ ലോകമറിയുന്നതിന് 'കേരളീയം 23' ഉപകരിക്കും.

ഇരുട്ടിലായിപ്പോയ ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. അവിടെനിന്നും നവോത്ഥാന - പുരോഗമന - രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മളെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തി. മനുഷ്യനെ മനുഷ്യനായി കാണാനും മനുഷ്യാന്തസ്സിന്റെ മഹത്വം മനസ്സിലാക്കാനും ആ സാമൂഹിക മുന്നേറ്റങ്ങൾ നമ്മളെ സഹായിച്ചു. ഐക്യകേരളം രൂപപ്പെടുമ്പോൾ തന്നെ, സമൃദ്ധമായ ഈ ചരിത്രം ഭാവികേരളം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന് വലിയ സംഭാവന നൽകിയിരുന്നു. അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും കേരളീയം.

മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപ്പം തന്നെ ഉയർന്നു വന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക മുന്നേറ്റത്തിൽ മലയാളിസമൂഹവും വലിയ പങ്കുവഹിച്ചു. ആ നാടുകൾക്ക് നമ്മളോട് വലിയ താൽപര്യമുണ്ട്.

സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ അന്യ നാടുകളുമായി വാണിജ്യബന്ധം നമ്മൾ കാത്തുസൂക്ഷിച്ചിരുന്നു. ആ ബന്ധത്തിലൂടെ വന്നിറങ്ങിയത് വാണിജ്യ വസ്തുക്കൾ മാത്രമല്ല, ലോകത്തിന്റെ പല കോണുകളിലുണ്ടായ സംസ്കാരങ്ങൾ കൂടിയാണ്. അവയിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ നാടിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് പകർന്നുനൽകാനും കഴിഞ്ഞിട്ടുണ്ട്. സമ്പന്നമായ ഈ സാമൂഹിക - സാംസ്കാരിക പൈതൃകവും സവിശേഷമായ പ്രകൃതിസൗന്ദര്യവും ലോകത്തിനു മുന്നിൽ നന്നായി അവതരിപ്പിക്കേണ്ടതുണ്ട്.

ലോകം ശ്രദ്ധിച്ച കേരളവികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ് കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്. കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസന മാതൃകകൾ ലോകത്തിന് മുമ്പാകെ അവതരിപ്പിക്കാനും ലോക വൈജ്ഞാനിക രംഗത്തു നിന്നും കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളാനും പുത്തൻ അറിവിന്റെയും അവസരങ്ങളുടെയും ലോകം എന്തെന്ന് തിരിച്ചറിയാനും കേരളീയം വഴിയൊരുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും. കേരളത്തിന്റെ സമഗ്രമായ വികസന കാഴ്ചപ്പാടിനെ കേരളീയം ഉത്തേജിപ്പിക്കുകതന്നെ ചെയ്യും. അങ്ങനെ അടുത്ത 25 വർഷത്തിൽ വികസിത മധ്യവരുമാന രാജ്യങ്ങളുടെ ജീവിതനിലവാരത്തിലേക്ക് എത്തുക എന്ന കേരളത്തിന്റെ ലക്ഷ്യത്തിന് അത് ഊർജ്ജം പകരും.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടാനുള്ള പ്രചാരണങ്ങൾ ഉണ്ടാകുന്ന കാലമാണിത്. മതനിരപേക്ഷമായി നിലനിൽക്കുന്ന നമ്മുടെ സമൂഹം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടി അവിടേക്ക് വർഗ്ഗീയതയുടെ വിഷം കുത്തിവയ്ക്കാനാണ് ചില ശക്തികൾ ശ്രമിക്കുന്നത്. ഇതെല്ലാം വെറും കുപ്രചരണങ്ങൾ മാത്രമാണെന്നും യഥാർത്ഥ കേരളം എന്തെന്നും ലോകസമക്ഷം ഉയർത്തിക്കാട്ടാൻ കേരളീയത്തിനു കഴിയും. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നടക്കാൻ പോകുന്നത്. കേരളീയർ എന്ന നിലയിലുള്ള നമ്മുടെ അഭിമാനബോധം വർദ്ധിപ്പിക്കുന്ന ഒന്നാവും കേരളീയം. വരാൻ പോകുന്ന കാലത്ത് ലോകരംഗത്ത് കേരളത്തിന്റെ സ്വീകാര്യത ഉയർത്തുന്ന മഹത്തായ സംരംഭം എന്ന നിലയ്ക്കാണ് ജനമനസ്സിൽ കേരളീയം സ്ഥാനംപിടിക്കാൻ പോകുന്നത്.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer